ഉറങ്ങുന്ന പിശാച്

ഗോപിനാഥൻതമ്പി

240344

ഗാപിനാഥൻ തമ്പി

240344

# പറക്കുന്ന പിശാച്

ഡി. നോവൽ

ഡി. ഗോപിനാഥൻതമ്പി

ശ്രീ. നരസിംഹവിലാസം ബുക്ക്ഡിപ്പോ

ഇറവൂർ, ✖ കേരളം.

1—00

## അദ്ധ്യായങ്ങളിൽ—


1. കറുത്ത സത്വം
2. ഡിററക്ടീവ് ഗോപിനാഥൻ
3. കട്ടവായെ പററിച്ച കിട്ടവാ
4. ഭീഷണി
5. കൊട്ടക്കാററിന്റെ തൂവൽ
6. അർദ്ധരാത്രിയിലെ വിരുന്നുകാരൻ
7. മരിക്കാത്ത മനുഷ്യർ
8. നിശ്ശബ്ദത നിറഞ്ഞ രാത്രി
   (ശ്യാമചരണൻ കൊല്ലപ്പെട്ടു.)
9. അത്ഭുതകരമായ അന്തർദ്ധാനം
10. ഗോപിനാഥൻ എവിടെ?
11. രണ്ടു മിടുക്കന്മാർ ഒരേ മുറിയിൽ
12. ആത്മഹത്യയും അറസ്റ്റും.

SENGUPTA PUBLIC LIBRARY
KOZHIKODE-4.

# പറക്കുന്ന പിശാച്

## 1

## കറുത്ത സത്യം

അർദ്ധരാത്രി കഴിഞ്ഞു. മണി രണ്ടായി. എങ്ങും ഗാഢാന്ധകാരമാണ്. ചന്ദ്രൻ അസ്തമിച്ചു കഴിഞ്ഞു. ആ സമയത്തു് സുപ്രസിദ്ധ ഡിററക്ടീവ് ഇൻസ്പെക്ടർ രമൺലാൽ സ്വഗൃഹത്തിലേക്ക മടങ്ങുകയായിരുന്നു. അദ്ദേഹം ചിന്താമഗ്നനാണ്. സാവധാനത്തിലാണ നടന്നിരുന്നതു്. റോഡിൽ അദ്ദേഹത്തെ കൂടാതെ മനുഷ്യജീവികളാരും തന്നെ ഉണ്ടായിരുന്നില്ല. സ്ട്രീററ്ലൈററുകൾ പോലും അണഞ്ഞുകഴിഞ്ഞിരുന്നു.

കുറച്ചുദൂരം പോയതിനുശേഷം എന്തോ കണ്ടു് രമൺലാൽ ആശ്ചര്യപ്പെട്ടു നിന്നുപോയി. അദ്ദേഹത്തിന്റെ ഇടതുപാർശ്വത്തിലായി ഒരു മനോഹരസൌധം സ്ഥിതിചെയ്തിരുന്നു. നാലു നിലയുണ്ടായിരുന്ന ആ മാളിക ആ പട്ടണത്തിലെ വമ്പിച്ച കെട്ടിടങ്ങളിൽ ഒന്നായിരുന്നു. വളരെ മനോഹരമായി പണിചെയ്തിട്ടുള്ള ആ കെട്ടിടം പ്രേക്ഷകരുടെ ഹൃദയങ്ങളെ ഹഠാദാകർഷിക്കുവാൻ പര്യാപ്തമായിരുന്നു.

ആ കെട്ടിടത്തിന്റെ മുകളിൽനിന്നു പുറപ്പെട്ടിരുന്ന അത്ഭുതകരമായ ഒരു പ്രകാശമാണ് രമൺലാലിന്റെ ഗൃദ്ധ്രനേത്രങ്ങൾക്ക

വിഷയീഭവിച്ചത്. അത് അയാളെ സംഭ്രാന്തചിത്തനാക്കിത്തീർത്തു. കെട്ടിടത്തിന്റെ മൂന്നാം നിലയിൽ മദ്ധ്യഭാഗത്തായി സ്ഥിതിചെയ്തിരുന്ന ഒരു മുറിയുടെ തുറന്നിട്ടിരുന്ന ജാലകത്തിൽക്കൂടി പുറപ്പെട്ടുകൊണ്ടിരുന്ന നീലനിറത്തിലുള്ള വെളിച്ചം വളരെ വിചിത്രമായ രീതിയിലായി അദ്ദേഹത്തിനു തോന്നി. ടോർച്ചിൽനിന്നു പുറപ്പെടുന്ന വെളിച്ചംപോലെയാണ് അതു കാണപ്പെട്ടതു്. ഒരു വ്യത്യാസംമാത്രം. അതായതു്, പ്രകാശം നീലനിറത്തിലുള്ളതായിരുന്നു.

സൂക്ഷിച്ചു നോക്കിയപ്പോൾ ആ പ്രകാശം സാവധാനത്തിൽ ആടുന്നുണ്ടെന്ന് രമൺലാലിനു മനസ്സിലായി. വിചിത്രമായ ആ പ്രകാശം ആരേയോ പ്രതീക്ഷിച്ചിരുന്നതുപോലെ അദ്ദേഹത്തിനു തോന്നി. ഈ അർദ്ധരാത്രി കഴിഞ്ഞിരിക്കുന്ന സമയത്തു് ആ പ്രകാശം ആരെയാണ് പ്രതീക്ഷിച്ചിരിക്കുന്നതെന്ന് അദ്ദേഹത്തിന് ഊഹിക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹം ആ പ്രകാശത്തെ ഒന്നുകൂടി സൂക്ഷിച്ചു വീക്ഷിച്ചു. എത്ര സൂക്ഷിച്ചു നോക്കിയിട്ടും രമൺലാലിന് വെളിച്ചം ആട്ടുന്ന മനുഷ്യനെ തിരിച്ചറിയുവാനോ, കാണുവാനോ കഴിഞ്ഞില്ല. അതിൽ അദ്ദേഹത്തിനു കുണ്ഠിതം തോന്നി. എങ്കിലും അസ്പഷ്ടവും, ബലിഷ്ഠവുമായ ഒരു കരം അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പെട്ടു. കെട്ടിടത്തിനു മുകളിലേക്കു കയറിച്ചെന്നു നോക്കിയാലെന്തെന്നദ്ദേഹം വിചാരിച്ചു. അതു പിന്നീടു് നടക്കുവാൻ പോകുന്ന സംഗതികളെ താറുമാറാക്കി കളയും എന്നുള്ള ചിന്ത ഉത്തരക്ഷണത്തിൽ അദ്ദേഹത്തിന്റെ ഉദ്യമത്തെ തടഞ്ഞു.

നിർന്നിമേഷനായി, ആ അസ്പഷ്ടകരത്തെയും പ്രകാശത്തെയും നോക്കിക്കൊണ്ടു് രമൺലാൽ ആത്മഗതമായി പറഞ്ഞു: 'എന്താണ് നടക്കുവാൻ പോകുന്നതെന്നു് മനസ്സിലാകുന്നില്ലല്ലൊ. രണ്ടരമണി കഴിഞ്ഞ ഈ സമയത്തു്, ഈ നിബിഡാന്ധകാരത്തിൽ, ഉറക്കമിളച്ചു് ഇപ്രകാരം വെളിച്ചം ആട്ടി സങ്കേതം കാണിക്കുന്നതിന്റെ അർത്ഥം എന്താണ്? അടയാളം കാണിക്കുന്നവനേയും മനസ്സിലാകുന്നില്ലല്ലൊ. ആരായിരിക്കും. ഈ മുറിയിൽ താമസിക്കുന്നതു്?

ആക്കുവേണ്ടിയാണ് ഇതെല്ലാം? ഇതു് ഒരു വിഷമംപിടിച്ച പ്രശ്നം തന്നെയാണ്. താമസിയാതെ അത്ഭുതകരമായ എന്തെങ്കിലും ഇവിടെ സംഭവിച്ചേക്കാം. അതിനാൽ സൂക്ഷിച്ചും, ജാഗ്രതയോടും പെരുമാറേണ്ടതു് അത്യാവശ്യമാണ്. ഏതായാലും ഇനി ഇതിന്റെ അവസാനം കണ്ടിട്ടേ ഞാൻ പോകയുള്ളു.'

രമൺലാൽ നാലുപുറവും സൂക്ഷിച്ചു വീക്ഷിച്ചെങ്കിലും ഒരൊററ ജീവിയെയെങ്കിലും അടുത്തെങ്ങും കണ്ടില്ല. കണ്ണെത്തുന്നിടത്തോളം ദൂരത്തു് ഇലക്ട്രിക്ക് പോസ്റ്റുകൾ വരിവരിയായി നിൽക്കുന്നതു് നക്ഷത്രങ്ങളുടെ മങ്ങിയ പ്രകാശത്തിൽ കാണാമായിരുന്നു. ആ അന്ധകാരത്തിലവ തികച്ചും ഭൂതങ്ങളുടെ പ്രതീതിയുളവാക്കിയിരുന്നു. അദ്ദേഹം വളരെ സൂക്ഷ്മതയോടെ ശ്രമിച്ചെങ്കിലും ഒരു ചെറിയ ശബ്ദംപോലും കേൾക്കുവാനിടയായില്ല.

ആ രഹസ്യപ്പോലീസുദ്യോഗസ്ഥൻ സ്വവസതിയെപ്പോലും വിസ്മരിച്ചു കഴിഞ്ഞിരിക്കുന്നു! ഉറക്കം എവിടെയോ പോയി മറഞ്ഞുകഴിഞ്ഞു. ഒരു കൊച്ചുകുട്ടിയുടെ ആകാംക്ഷയോടെ, എന്നാൽ ഒരു രഹസ്യപോലീസുദ്യോഗസ്ഥന്റെ തീക്ഷ്ണതയോടെ അദ്ദേഹം ആ പ്രകാശത്തിന്റെ നേക്കുതന്നെ ദൃഷ്ടിപതിപ്പിച്ചുകൊണ്ടു് വഴിയുടെ ഒരു വശത്തായി പതുങ്ങിയിരുന്നു. പല കുഴഞ്ഞ കേസ്സുകളും തെളിയിച്ചു് പ്രഖ്യാതി സമ്പാദിച്ചിരുന്ന രമൺലാലിനു്, ആരെങ്കിലും താമസിയാതെ അവിടെ വന്നേക്കാനിടയുണ്ടെന്നു മനസ്സിലായി.

നിശ്ശബ്ദനായി രമൺലാൽ എന്തെങ്കിലും പ്രത്യേകസംഭവം നടക്കുന്നുണ്ടോ എന്നറിവാനായി ചുററുപാടും സൂക്ഷിച്ചു വീക്ഷിച്ചിരുന്നു. ഇടയ്ക്കിടയ്ക്കു് ആ പ്രകാശത്തേയും രമൺലാൽ വീക്ഷിക്കും. അതു് അപ്പോഴും ഇടത്തോട്ടും വലത്തോട്ടും മുന്നോട്ടും പിന്നോട്ടും ആടിക്കൊണ്ടിരുന്നു. അതു് ആട്ടിക്കൊണ്ടിരുന്ന ആ അജ്ഞാതമനുഷ്യൻ ആരായിരുന്നാലും ഒരു ഭ്രാന്തനല്ലെന്നു് രമൺലാൽ വിചാരിച്ചു.

മൂന്നുനാലു മിനിററുകൂടി ആടിക്കൊണ്ടിരുന്നശേഷം ആകസ്മികമായി ആ നീലവെളിച്ചം അണഞ്ഞുപോയി. പ്രകാശം പെട്ടെന്നണയുന്നതുകണ്ടു് രമൺലാൽ നാലുഭാഗത്തും തീക്ഷ്ണദൃഷ്ടി ചെലുത്തി മിണ്ടാതിരുന്നു. 8, 10 മിനിററുവരെ യാതൊന്നും വിശേഷമായി സംഭവിച്ചില്ല. ആ നിബിഡാന്ധകാരത്തിലെ ഭയാനകമായ നിശ്ശബ്ദത അദ്ദേഹത്തിനു് അസഹ്യമായി തോന്നിത്തുടങ്ങി. ഒരു കാൎയ്യം തീർച്ചയാണു്; എന്തെങ്കിലും അടുത്ത നിമിഷത്തിൽ അവിടെ സംഭവിച്ചേക്കാം; എന്നാൽ അതു് ഏതുതരത്തിലുള്ളതാണെന്നോ, എപ്പോഴാണെന്നോ മനസ്സിലാക്കുവാൻ രമൺലാലിനു കഴിഞ്ഞില്ല.

ആ നിശ്ശബ്ദതയിൽ ഒരു മോട്ടോർ എൻജിൻെറ നേരിയ ശബ്ദം, രമൺലാലിൻെറ ചെവിയിൽ വന്നലച്ചു. ആ ശബ്ദം അടുത്തടുത്തു വരുന്നതായി അദ്ദേഹത്തിനനുഭവപ്പെട്ടു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞതിനുശേഷം തവിട്ടുനിറത്തിലുള്ള ഒരു ഷെവർലെ കാർ അദ്ദേഹത്തിനു കാണുവാൻ സാധിച്ചു. ആ കാറിൻെറ വിളക്കുകൾ പ്രകാശിച്ചിരുന്നില്ല. കാറിനകത്തും പ്രകാശമുണ്ടായിരുന്നില്ല. അതിനാൽ അതിനകത്തുള്ളവരെ അദ്ദേഹത്തിനു കാണാൻ കഴിഞ്ഞില്ല. മോട്ടോർകാർ കുറച്ചുകൂടി മുന്നോട്ടുവന്നാൽ താൻ ഒളിക്കുന്നതു നിഷ്ഫലമായിരിക്കുമെന്നു രമൺലാലിനു മനസ്സിലായി. ആ മോട്ടോർകാറിലുള്ളവൻ ആരായിരുന്നാലും അവൻെറ കണ്ണിൽപെടുന്നതു നല്ലതല്ലെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. അതുകൊണ്ടു് ശ്വാസം അടക്കിപ്പിടിച്ചു് നിശ്ശബ്ദനായി, നിശ്ചേഷ്ടനായി ഇരിക്കുകയാണു് അദ്ദേഹം ചെയ്തതു്. ആ നീലനിറത്തിലുള്ള വെളിച്ചത്തിൻെറ അടയാളത്തിലായിരിക്കണം ആ മോട്ടോർകാർ അവിടെയെത്തിയതെന്നു് അദ്ദേഹം അനുമാനിച്ചു. ഈ കാരണം കൂടാതെ, ആ ശൂന്യമായ വഴിയിൽ ആ സമയത്തു് ഒരു കാർ വരുന്നതിനു് ഏതെങ്കിലും കാരണം ഉള്ളതായി അദ്ദേഹത്തിനു് തോന്നിയില്ല. മോട്ടോർകാറിൽ സഞ്ചരിക്കുന്നവനെ മനസ്സിലാക്കാമെന്ന ഉദ്ദേശത്തോടുകൂടി രമൺലാൽ മതിലിനോടു് ചേൎന്നുനിന്നു.

എന്നാൽ അധികം ദൂരം സഞ്ചരിക്കാതെ ആ ഷെവർലെ കാർ, ആ കെട്ടിടത്തിൽനിന്നും കുറച്ചകലെ മാറിനില്ക്കുകയാണുണ്ടായതു്. രമൺലാൽ മാറിമാറി കാറിനേയും വെളിച്ചം പുറപ്പെട്ട സ്ഥാനത്തേയും നോക്കിക്കൊണ്ടിരുന്നു. ആരോ അസ്പഷ്ടസ്വരത്തിൽ ചൂളംവിളിക്കുന്നതു് അദ്ദേഹത്തിൻെറ ശ്രവണപുടങ്ങളിൽ പതിഞ്ഞു. അദ്ദേഹം കാറിലേക്കു് ഉററുനോക്കി. അവിടെ എന്താണു് അടുത്തതായി നടക്കുവാൻ പോകുന്നതെന്നു അദ്ദേഹം ഉല്ക്കണ്ഠയോടെ നോക്കിനിന്നു.

ഉത്തരക്ഷണത്തിൽ അദ്ദേഹം വെളിച്ചം പുറപ്പെട്ടിരുന്ന ജാലകത്തിലേക്കു് നോക്കി. അവിടെ ആ നീലവെളിച്ചം വീണ്ടും കാണപ്പെട്ടു. എന്നാൽ ഇത്തപ്രാവശ്യം അതു ചലനരഹിതമായി പ്രകാശിച്ചുകൊണ്ടിരുന്നു. ഏതാനും നിമിഷത്തിനുള്ളിൽ ആ നീലവെളിച്ചം ആദ്യത്തേപ്പോലെതന്നെ അന്ധകാരത്തിൽ ലയിച്ചു. വെളിച്ചം പെട്ടെന്നു കാണാതായപ്പോൾ രമൺലാൽ അത്യധികം ആശ്ചര്യപ്പെട്ടു നിന്നുപോയി.

രമൺലാലിനു് സംഗതികളുടെ ഗൌരവം മനസ്സിലായില്ല. ആ സമയം മോട്ടോർകാറിൽനിന്നും ഒരു കറുത്ത സത്വം വെളിയിലിറങ്ങുന്നതായി അദ്ദേഹം കണ്ടു. ആ സത്വം, നീലവെളിച്ചം പുറപ്പെട്ടിരുന്ന ജാലകത്തിനു നേരെ പറന്നുപോകുന്നതായി അദ്ദേഹത്തിനു തോന്നി. അതു ജാലകത്തിനടുത്തു് എത്തിയതോടെ അപ്രത്യക്ഷമായി.

ഈ സംഭവങ്ങളെല്ലാം അദ്ദേഹത്തിനു സ്വപ്നംപോലെ തോന്നി. ഒരു നീലവെളിച്ചത്തിൻെറ സാങ്കേതികമായ സംഭാഷണവും, ഒരു വലിയ തവിട്ടുനിറത്തിലുള്ള കാറിൻെറ വരവും, ഒരു അത്ഭുതജീവിയുടെ പറക്കലും എല്ലാംകൂടിയായപ്പോൾ അദ്ദേഹം അമ്പരന്നു. ഒന്നും ഗ്രഹിക്കാൻ കഴിയാതെ ആ രഹസ്യപ്പോലീസുദ്യോഗസ്ഥൻ മിഴിച്ചുനിന്നുപോയി.

കാറിൽനിന്നും പുറത്തു വന്ന ആ അന്ധകാരമയമായ ജീവി മുകളിൽ ഉള്ള ജനലിൽക്കൂടി അകത്തുകടന്നു മറഞ്ഞു. അതു മനുഷ്യനോ, മൃഗമോ എന്നു അദ്ദേഹത്തിനു നിശ്ചയിക്കുവാൻ കഴിഞ്ഞില്ല. ഒടുവിൽ അതു പക്ഷിവർഗ്ഗത്തിൽപ്പെട്ട ഏതെങ്കിലും ഒരു ജീവിയായിരിക്കണമെന്നു് അദ്ദേഹം അനുമാനിച്ചു. ഇത്ര വലിയ പക്ഷികളും ലോകത്തുണ്ടോ? അദ്ദേഹത്തിന്റെ ഓർമ്മശക്തിയും ധൈര്യവും ഒരു നിമിഷത്തേക്കു് ക്ഷയിച്ചുപോയി.

ആ അന്ധകാരത്തിൽ വികൃതരൂപമുള്ള പക്ഷിയെ കണ്ടിട്ടു് പിശാചു് പക്ഷിയായി ആവിർഭവിച്ചു് മറഞ്ഞുപോയതായിരിക്കുമോ എന്നദ്ദേഹം ചിന്തിച്ചു. ഇതെല്ലാം ഒരു ഭയങ്കര സംഭവത്തിന്റെ നാന്ദിയായി രമൺലാലിനു തോന്നി.

അഞ്ചുമിനിററു് നേരത്തേക്കു് എല്ലാം നിശ്ശബ്ദമായി. മോട്ടോർകാറിൽനിന്നു് അപ്പോഴും എഞ്ചിന്റെ നേരിയ ശബ്ദം പുറപ്പെട്ടിരുന്നതിൽനിന്നു് അതിനകത്തു് ആരെങ്കിലും ഉണ്ടായിരിക്കുമെന്നു് അദ്ദേഹത്തിനു മനസ്സിലായി. എന്നാൽ അതിനകത്തിരുന്നിരുന്ന മനുഷ്യനെ രമൺലാലിനു് കാണുവാൻ സാധിച്ചില്ല. മോട്ടോർകാർ നിശ്ചലമായി അവിടെത്തന്നെ നില്ക്കുകയായിരുന്നു. അകത്തു് ഇരുന്നിരുന്ന മനുഷ്യനെ കാണുവാൻ ഒരു നിവൃത്തിയുമുണ്ടായിരുന്നില്ല.

സ്വല്പസമയം കഴിഞ്ഞപ്പോൾ ചിറകടിക്കുന്ന ശബ്ദംകേട്ടു് രമൺലാൽ ജാലകത്തിനുനേരെ പരിഭ്രാന്തനായി നോക്കി. ഉള്ളിൽ പോയിരുന്ന പക്ഷി പുറത്തു വരുന്നതായി കാണപ്പെട്ടു. എന്നാൽ രമൺലാൽ വിചാരിച്ചിരുന്നമാതിരി നേരെ കാറിന്റെ സമീപത്തേക്കല്ല അതു പോയതു്. ആ ജീവി ശ്രദ്ധയോടെ നാലുഭാഗത്തേക്കും നോക്കിയശേഷം മാത്രമേ കാറിന്റെ സമീപത്തേക്കു പോയുള്ളൂ. ഇതിൽനിന്നും ആ ജീവിക്കു വേണ്ടത്ര പരിശീലനം ഈവക കൃത്യങ്ങളിൽ നൽകിയിട്ടുണ്ടെന്നു് അദ്ദേഹത്തിനു മനസ്സിലായി.

മോട്ടോറിലേക്ക് പറന്നുചെന്ന ആ ജീവി അപ്രത്യക്ഷമായതോടുകൂടി കാറിൻെറ എൻജിൻ ചലിക്കുവാൻ തുടങ്ങി. അടുത്ത നിമിഷത്തിൽ ആ വാഹനം വളരെ വേഗത്തിൽ രമൺലാലിൻെറ സമീപത്തുകൂടി പാഞ്ഞുപോയി.

തൻെറ സമീപത്തുകൂടി കാർ പാഞ്ഞുപോയ സമയം, തുറന്നിട്ടിരുന്ന അതിൻെറ ജാലകത്തിൽകൂടി ഒരു മനുഷ്യൻ തൻെറ തല വെളിയിലേക്കു നീട്ടി ഉററുനോക്കിക്കൊണ്ടിരിക്കുന്നതായി രമൺലാൽ കണ്ടു. ആ മുഖം, അദ്ദേഹത്തെ ഭയപ്പെടുത്തി. മോട്ടോറിൽ കാണപ്പെട്ട ആ മുഖം ആരേയും ഭയപ്പെടുത്താൻ തക്ക ഒന്നായിരുന്നു. അത്രയ്ക്കു ബീഭത്സവും വികൃതവും ആയ ഒരു കറുത്ത വദനം!

മോട്ടോർ അപ്രത്യക്ഷമായതിനുശേഷം രമൺലാൽ കെട്ടിടത്തിലേക്ക് നോക്കി. അവിടെ യാതൊന്നും കാണ്മാനുണ്ടായിരുന്നില്ല. അദ്ദേഹം താഴ്ന്ന സ്വരത്തിൽ സ്വഗതമായിട്ടിങ്ങിനെ പറഞ്ഞു:—

'ഈ അത്ഭുതനാടകത്തിൻെറ രഹസ്യം നാളെതന്നെ കണ്ടുപിടിക്കണം. സംഗതികൾ ഒന്നുംതന്നെ വ്യക്തമായി മനസ്സിലാകുന്നില്ല. മനസ്സിലാക്കുക എളുപ്പമാണെന്നും തോന്നുന്നില്ല. ഏതായാലും നാളെ മുതൽ ഒരു പുതിയ ജോലി ആരംഭിക്കാം. രാവിലെ ഉണൎന്നതിനുശേഷം പ്രഥമവും പ്രധാനവുമായ എൻെറ പ്രവൃത്തി ഈ സംഭവത്തിൻെറ സൂക്ഷ്മവിവരം അറിയുക എന്നതായിരിക്കും. ഈ വലിയ നാലുനില മാളികയുടെ മൂന്നാമത്തെ നിലയിൽ മറഞ്ഞുകിടക്കുന്ന രഹസ്യം നാളെത്തന്നെ അറിയണം. ഈ കെട്ടിടത്തിൽ ചെറുതും വലുതുമായ അനേകം രഹസ്യങ്ങളുണ്ടെന്നും വിഭിന്ന ദേശനിവാസികളായ ആളുകൾ ഇവിടെ താമസിക്കുന്നുണ്ടെന്നും എല്ലാവക്കും അറിയാവുന്ന സംഗതിയാണ്.'

രമൺലാൽ തൻെറ വാച്ചിലേക്കു നോക്കി. രാത്രി അവസാനിക്കുന്നതിന് അധികം സമയം ഇനി ബാക്കിയില്ലെന്ന് ആ റിസ്റ്റ് വാച്ച് അറിയിച്ചു. വീണ്ടും ഒരു പ്രാവശ്യംകൂടി ആ കെട്ടിടത്തി

ലേക്ക് നോക്കിയശേഷം അദ്ദേഹം ചിന്താഗ്രസ്തനായി സ്വവസതിയിലേക്ക് യാത്രയായി.

ചിന്തയിൽ മുഴുകിയിരുന്നതിനാൽ വളരെ സാവധാനത്തിലാണ് അദ്ദേഹം നടന്നിരുന്നത്. തന്മൂലം അദ്ദേഹത്തെ കാണുവാൻ ആർക്കും എളുപ്പം സാധിക്കുമായിരുന്നു. ആ കെട്ടിടത്തിൽ നിന്നൊരാൾ ഏറെ ജാഗ്രതയോടുകൂടി ഇറങ്ങി വഴിയിലേക്കു വന്നു. ആപാദചൂഡം കറുത്ത വസ്ത്രമാണ് അയാൾ ധരിച്ചിരുന്നത്. കുറേ അകലെയായി പൊയ്ക്കൊണ്ടിരുന്ന രമൺലാലിനെ കണ്ടു് ആ സത്വം ഞെട്ടി. ആ സത്വം അദ്ദേഹത്തെ സൂക്ഷിച്ചുനോക്കി. എന്തൊ ചിന്തിച്ചതിനുശേഷം അയാളിൽനിന്നു് ഒരു ശബ്ദം പുറപ്പെട്ടു. 'ശരി, അങ്ങനെതന്നെ.'

വീട്ടിലേയ്ക്കു പൊയ്ക്കൊണ്ടിരുന്ന രമൺലാലിന്റെ പുറകെ, ആ കറുത്ത സത്വം നിശ്ശബ്ദമായി സഞ്ചരിക്കുവാൻ തുടങ്ങി.

# ഡിററക്ടീവ് ഗോപീനാഥൻ

രാധാകൃഷ്ണൻ, അന്നു രാവിലെ വന്ന ടൈംസ്പത്രം മറിച്ചു നോക്കുകയായിരുന്നു. മുൻപേജിൽതന്നെ കൊടുത്തിരുന്ന ഒരു വാർത്തയിൽ അയാളുടെ ദൃഷ്ടി പതിഞ്ഞു. വലിയ അക്ഷരത്തിൽ അച്ചടിച്ചിരുന്ന ആ വാർത്ത അയാൾ ധൃതിയിൽ വായിക്കുവാൻ തുടങ്ങി. അതിങ്ങനെയായിരുന്നു:

'പ്രസിദ്ധ സിനിമാനടനായ മോഹനകുമാർ അതിദാരുണമായവിധത്തിൽ വധിക്കപ്പെട്ടിരിക്കുന്നു!'

'സുപ്രസിദ്ധ സിനിമാനടനായ മോഹനകുമാർ പട്ടണത്തിലെ നാലുനിലയുള്ള ഒരു കെട്ടിടത്തിൽ താമസം തുടങ്ങിയിട്ടു കുറെ നാളായി. അയാൾ വടക്കെ ഇൻഡ്യാക്കാരനാണ്. ഇവിടെ ഏതോ പടത്തിൽ ആക്ററു ചെയ്യുവാൻ വന്നു താമസിക്കുകയായിരുന്നു. മോഹനകുമാർ ഇന്നലെ രാത്രി വളരെ വിചിത്രതരമായ രീതിയിൽ മരണമടഞ്ഞിരിക്കുന്നു. ഇന്നു രാവിലെ അദ്ദേഹത്തിൻെറ മുറിയിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. മരണത്തിനു കാരണമായ മുറിവ് കഠാരയിൽനിന്നാണ് സംഭവിച്ചതെന്നു പോലീസുകാർ വിശ്വസിക്കുന്നു. എന്നാൽ മൃതശരീരം കിടന്നിരുന്ന മുറി വെട്ടിപ്പൊളിച്ച് തുറക്കുകയാണ് പോലീസുകാർ ചെയ്തതു്. അങ്ങനെയിരിക്കെ കൊലയാളി എങ്ങനെയാണ് അകത്തു കടന്നതെന്നും, പിന്നീട് രക്ഷപ്പെട്ടതെന്നും പോലീസുകാർക്ക് ഊഹിക്കുവാൻപോലും കഴിഞ്ഞിട്ടില്ല. പോലീസുകാരുടെ അന്വേഷണം ത്വരിതഗതിയിൽ നടന്നു വരുന്നു.'

വാർത്ത വായിച്ചിട്ട് രാധാകൃഷ്ണൻ, കേട്ടുകൊണ്ടിരുന്ന ഗോപീനാഥനോട് പറഞ്ഞു—"റിപ്പോർട്ടിൽനിന്നും മനസ്സിലാകുന്നതു

വാൎത്ത ഗൌരവതരമാണെന്നാണല്ലോ. വാതിൽ അടഞ്ഞിരിക്കുന്ന സമയം കൊലയാളി അകത്തുകടന്നു കൊലചെയ്തശേഷം രക്ഷപ്പെട്ടിരിക്കുന്നുവല്ലോ. ഇതു വലിയ അത്ഭുതംതന്നെയാണു്. ഗോപിനാഥ്, നിങ്ങൾക്കതിനെപ്പററി വല്ലതും ഊഹിക്കുവാൻ കഴിയുമോ?"

ഗോപീനാഥ് നിഷേധരൂപത്തിൽ തലയാട്ടിക്കൊണ്ടു മറുപടി പറഞ്ഞു—"ഇല്ല, മി. രാധാകൃഷ്ണൻ ഇതിൻെറ കാരണം ഇവിടെ ഇരുന്നു പറയുവാൻ സാദ്ധ്യമല്ല. എന്തെന്നാൽ വധം നടന്നതായി പറയുന്ന സ്ഥലം ഞാൻ കണ്ടിട്ടുപോലുമില്ല. എനിക്കു ചാത്തൻെറയോ ഭദ്രകാളിയുടേയോ സേവയുണ്ടായിരുന്നെങ്കിൽ ഒരു പക്ഷെ നിങ്ങളുടെ ചോദ്യത്തിനു് ഇവിടെ ഇരുന്നുകൊണ്ടുതന്നെ ഉത്തരം പറയുവാൻ കഴിയുമായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ എനിക്കാവക സിദ്ധിവിശേഷങ്ങൾ ഇല്ലാത്തതിനാൽ___"

'നിങ്ങൾ ഏതെങ്കിലും പിശാചിൻെറ സേവയോടുകൂടി എൻെറ ചോദ്യത്തിനുത്തരം പറയണമെന്നു ഞാൻ പറഞ്ഞിരുന്നില്ല. ഞാൻ ചോദിച്ചതു് ഈ സംഭവത്തിൽ കൊലയാളിയെപ്പററി നിങ്ങൾക്കറിയാവുന്നതെന്തെന്നാണ്. ആ ഘാതകൻ മുറിയിൽ കടന്നതും, അതിനുശേഷം രക്ഷപ്പെട്ടതും എങ്ങിനെയാണെന്നു പറയാമോ? അറിയാമെങ്കിൽ പറയൂ.'

'വാതിൽ അടച്ചിരിക്കുമ്പോൾ മുറിയിൽ കടക്കുവാൻ വാതിൽകൂടാതെ എതെങ്കിലും ഒരു വഴികൂടി മുറിക്കുണ്ടായിരിക്കണം. ആലോചിച്ചുനോക്കൂ. ആ മുറിക്കു ജനൽ ഉള്ളതുകൊണ്ടു് അതിൽകൂടിയായിരിക്കും ഘാതകൻ പ്രവേശിച്ചിരിക്കുന്നതു് എന്നനുമാനിക്കാം.'

എന്നാൽ രാധാകൃഷ്ണനു് ഈ മറുപടി തൃപ്തികരമായി തോന്നിയില്ല. അയാൾ തലയാട്ടിക്കൊണ്ടു് വീണ്ടും പറഞ്ഞു:—'നിങ്ങൾ പറഞ്ഞതു ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. പത്രത്തിൽ അതിനെപററി സൂചിപ്പിക്കുവാൻ കാരണമുണ്ടു്. ആട്ടെ, മൂന്നാം

നിലയിലേയ്ക്കു നിങ്ങൾ പറയുന്ന ഘാതകൻ എങ്ങനെ കയറി? വിശേഷിച്ചും ഇത്രവലിയ നാലുനിലമാളികയിൽ! അതിൽ നടന്ന കൊല! എന്റെ ജീവിതത്തിൽ ഞാൻ ഇപ്രകാരം ഒരു കൊലയെപ്പററി കേട്ടിട്ടുപോലുമില്ല. ഇപ്പോളതും കേട്ടു. മിസ്റ്റർ ഗോപിനാഥ്, നിങ്ങൾ പറയുന്നതു കേട്ടാൽ നാലുനിലക്കെട്ടിടം ഒരു ഭൂഞ്ജമാണെന്നു തോന്നിപ്പോകുമല്ലൊ. ആ കെട്ടിടത്തിലുള്ള ജനലുകളിൽ അഴികൾ—ഇരുമ്പഴികൾ—ഇട്ടിട്ടുണ്ടായിരിക്കും. അതു ശരിയാണെങ്കിൽ ഇരുമ്പഴി ഭേദിച്ച് കൊലയാളി എങ്ങനെ അകത്തു കടക്കും? ഇരുമ്പഴികൾ അവത്തുമുറിച്ചിട്ടില്ലെന്നല്ലെ പേപ്പറിൽ നിന്നു മനസ്സിലാകുന്നതു്. നിങ്ങളെന്തുപറയുന്നു, മിസ്റ്റർ ഗോപിനാഥ്!'

'ഈ സംഗതിയിൽ ഞാൻ അനുമാനിച്ചു പറഞ്ഞതു് ഒരുപക്ഷെ തെററായിരിക്കാം. നമ്മൾ ഇതിനെപ്പററി പറഞ്ഞു് വ്യഥാതക്കിക്കുന്നതെന്തിനാണ്?'

രാധാകൃഷ്ണൻ എന്തൊ പറയുവാൻ ആരംഭിച്ചെങ്കിലും അപ്പോൾ ടെലഫോണിൽനിന്നും പുറപ്പെട്ട മണിനാദം, അയാളുടെ സംസാരത്തെ തടഞ്ഞു. ഗോപിനാഥ് റിസീവർ എടുത്തു ഫോൺ അററൻഡ്ചെയ്തു. മറുവശത്തുനിന്നു സംസാരിച്ചിരുന്നതു് ഇൻസ്പെക്ടർ രവീന്ദ്രൻ ആയിരുന്നു.

'ഹലൊ! ഹലൊ! ആരു്! താങ്കളാണൊ ഡിറക്ടീവ് വിദഗ്ദ്ധൻ ഗോപിനാഥ്?'

'യെസ്, ഞാൻതന്നെ. എന്താണ് വേണ്ടതു്?'

'ഇന്നത്തെ ടൈംസ് പത്രത്തിൽനിന്നു് മോഹനകുമാറിന്റെ വധത്തെപ്പററി താങ്കൾ അറിഞ്ഞിരിക്കുമല്ലൊ.'

'ഉവ്വ്, എന്റെ സഹായം നിങ്ങൾക്കാവശ്യമുണ്ടൊ?'

'യെസ്. സൌകര്യമുണ്ടെങ്കിൽ ഉടനെതന്നെ സ്റ്റേഷനിലേയ്ക്കു വരണം.'

അല്പനേരംകൂടി സംസാരിച്ചതിനുശേഷം റിസീവർ താഴെ വച്ചപ്പോൾ രാധാകൃഷ്ണൻ ചോദിച്ചു:—'എന്താ മിസ്റ്റർ, ആരാണു നിങ്ങളെ വിളിച്ചതു്! ഞാൻ നിങ്ങളുടെ ആത്മസ്നേഹിതനല്ലേ, പറയണം.'

'ഒരു വിരോധവുമില്ല. ഞാൻ എന്തും നിങ്ങളോടു പറയാറുണ്ടല്ലൊ. കമ്മീഷണർക്കു് എന്നെ കാണണമത്രെ! ഇൻസ്പെക്ടർ രവീന്ദ്രനാണു് എന്നോടു് ആവശ്യപ്പെട്ടതു്. അതിനാൽ ഞാൻ ഇപ്പോൾതന്നെ പുറപ്പെടുകയായി. എന്നാൽ നിങ്ങളിവിടെ വൃഥാ ഇരിക്കുകയല്ലല്ലൊ, ഞാൻ ഒരു ജോലിതരാം.'

'നിങ്ങൾ പറയുന്ന ഏതു ജോലിയും ഞാൻ ചെയ്യാമല്ലൊ. എനിക്കു് ഈ കാര്യത്തിലെല്ലാം വലിയ ഉത്സാഹമാണു്.'

'കമ്മീഷണർക്കു് എന്നെക്കണ്ടു സംസാരിക്കണമെന്നു് അതിയായ ആഗ്രഹം ജനിച്ചിരിക്കണം. ഒരു പക്ഷെ അദ്ദേഹം ഈ കുഴഞ്ഞ കേസിന്റെ തെളിവന്വേഷണം എന്നിൽ ചുമത്താനായിരിക്കുമാവാം. അതുകൊണ്ടു് ഞാൻ പോലീസു്സ്റ്റേഷനിലേക്കു പോകുകയാണു്. അപ്പോൾ നിങ്ങളെ ഞാൻ ഏല്പിക്കുവാൻ പോകുന്ന ജോലി ഇതാണു്. നാലുനില കെട്ടിടത്തെപററി നിങ്ങൾക്കറിവുണ്ടല്ലൊ. നിങ്ങളതു കണ്ടിട്ടുണ്ടാവണം. അതു് ഏതു തെരുവിലാണെന്നും, അതിന്റെ നമ്പർ എത്രയാണെന്നും, എത്ര മുറികളതിൽ ഉണ്ടെന്നും അറിയണം. മോഹനകുമാരന്റെ മുറിക്കുസമീപം താമസിച്ചിരുന്നവരാരാണെന്നും ആ മുറിയുടെ സ്ഥാനം എവിടെ ആണെന്നും എത്രാംനമ്പർ മുറിയാണെന്നും കണ്ടുപിടിക്കണം. ഇത്രയുമാണു് നിങ്ങളിപ്പോൾ ചെയ്യേണ്ടതു്. കെട്ടിടത്തിനകത്തു പരിശോധനക്കൊന്നും പോകേണ്ട. വേഷംമാറി പോകുന്നതായിരിക്കും ഉത്തമം. അകത്തു കയറി പരിശോധിക്കാമെന്നു വച്ചാലതു സാധിക്കുകയില്ല. പോലീസുകാർ കാവൽ ഉണ്ടായിരിക്കാനിടയുണ്ടു്. മുകളിലേയ്ക്കു കയറുവാൻ അവരുടെ അനുവാദം അത്യന്താപേക്ഷിതമായ സ്ഥിതിക്കു നിങ്ങളതിനു തുനിയണ്ട. ജനങ്ങൾ

മോഹനകുമാറിനെ പററിയും കെട്ടിടത്തെ പററിയും അറിഞ്ഞിരിക്കുന്ന സംഗതികൾ നിങ്ങൾ അറിഞ്ഞുകൊണ്ടുവരണം.'

'ശരി. ഗോപീനാഥ്! ഞാൻ ഇപ്പോൾതന്നെ അതിനായി പുറപ്പെടുകയാണ്". നിങ്ങൾ എപ്പോൾ മടങ്ങിവരും.'

'അതു പറയുക സാദ്ധ്യമല്ല. സായാഹ്നത്തെ കാപ്പികുടിക്കുന്ന അവസരത്തിൽ നമുക്കു തമ്മിൽ കാണാം.'

രാധാകൃഷ്ണൻ വേഷം മാറുവാനായി മുറിയ്ക്കകത്തേയ്ക്കും, ഗോപീനാഥ് സംതൃപ്തനായി പോലീസ് കമ്മീഷണരുടെ ആഫീസിലേയ്ക്കും പോയി

# 3

# കടുവായെ പററിച്ച കിടുവാ

ഗോപിനാഥ് മോട്ടോർ സൈക്കിൾ ചുമരിൽ ചാരിവച്ചിട്ട് കമ്മീഷണരുടെ മുറിയിലേയ്ക്കു നടന്നു. ആ സമയം പോലീസ്സ് കമ്മീഷണർ മുൻവരാന്തയിൽതന്നെ ഗോപിനാഥന്റെ വരവും പ്രതീക്ഷിച്ചു നിൽപ്പുണ്ടായിരുന്നു. കമ്മീഷണർ, അദ്ദേഹത്തെ അഭിവാദനംചെയ്തു് തന്റെ സ്വകാര്യമുറിയിലേയ്ക്കു കൂട്ടികൊണ്ടുപോയി. രണ്ടുപേരും ഓരോ കസേരയിൽ ആസനസ്ഥരായി. കമ്മീഷണരാണ് ആദ്യം സംസാരിച്ചതു്.

'ഞാൻ താങ്കളുടെ വരവു് പ്രതീക്ഷിച്ചാണ് മുൻവശത്തു വന്നു നിന്നിരുന്നതു്. ഞങ്ങൾക്കു് താങ്കളുടെ സഹായം അത്യന്താപേക്ഷിതമായിരിക്കുന്നു. താങ്കളെ ഇങ്ങനെ ബുദ്ധിമുട്ടിക്കേണ്ടിവന്നതിൽ തെററിദ്ധരിക്കുകയില്ലല്ലൊ!'

'ഓ! യാതൊരു തെററിദ്ധാരണയുമില്ല. അങ്ങിനെ ഒന്നുണ്ടായിരുന്നുവെങ്കിൽ ഞാൻ ഇപ്പോളിങ്ങോട്ടു വരുമായിരുന്നില്ലല്ലൊ. എന്റെ തൊഴിൽതന്നെ ഇതല്ലെ; പക്ഷെ ഉപജീവനമാർഗ്ഗമല്ലെന്നു മാത്രം.'

'ആട്ടെ, ഞാൻ കാര്യത്തിലേയ്ക്കു പ്രവേശിക്കാം. മി. ഗോപിനാഥ്, താങ്കൾ ഇന്നത്തെ പത്രത്തിൽനിന്നു് നാലുനില മാളികയിൽ വെച്ചു നടന്ന കൊലപാതകത്തെപ്പററി അറിഞ്ഞുകാണുമല്ലൊ.'

'ഉവ്വ്. ഞാനതു ശ്രദ്ധാപൂർവ്വം വായിക്കുകയുണ്ടായി.'

'ഇവിടംപോലെയുള്ള പട്ടണങ്ങളിൽ കൊലപാതകം നടക്കുക എന്നുള്ളതു് ഒരു അസാധാരണ സംഭവം മാത്രമാണു്. എന്നാൽ ന്യൂയോർക്കു്, ലണ്ടൻ മുതലായ സ്ഥലങ്ങളിൽ നടക്കുന്ന കൊലപാതകങ്ങൾക്കു് കയ്യുംകണക്കുമില്ലെന്നു താങ്കൾക്കറിയാമല്ലോ. പാവപ്പെട്ട പോലീസ്സുകാർക്കു് ഇതിൽ ഇടപെട്ടു് തെളിയിക്കുവാൻ സാധിക്കയില്ല. പോരാത്തതിനു് ഈ ഡിപ്പാർട്ടുമെൻറിൽ പഴയ കാലത്തെപ്പോലെ സമർത്ഥരായ ആളുകൾ ചുരുക്കമാണു്. ഇല്ലെന്നുതന്നെ പറയാം. ചില കളവുകേസ്സുകളൊക്കെ ചിലപ്പോൾ പോലീസ്സുകാർ കണ്ടുപിടിച്ചേക്കും. ഈ കൂട്ടരുടെ ബുദ്ധിസാമർത്ഥ്യംകൊണ്ടു ചിലപ്പോൾ നിരപരാധികളായിരിക്കും ശിക്ഷ അനുഭവിക്കേണ്ടിവരിക. എന്നാൽ ഇവരുടെ സാമർത്ഥ്യംകൊണ്ടൊന്നും നാലുനിലമാളികയിൽ നടന്ന സംഭവം തെളിയിക്കുവാൻ സാദ്ധ്യമല്ല. വിശ്വസിക്കാനുംകൂടി നിവൃത്തിയില്ലാത്ത, അത്രയ്ക്കും അത്ഭുതകരമായ വിധത്തിലാണു് ആ കെട്ടിടത്തിൽ വച്ചു് വധം നടത്തിയിട്ടുള്ളതു്.'

'അതെ വിചിത്രംതന്നെ!'

'താങ്കളും ഇത്രകട്ടു് വിസ്മയിച്ചതിൽ അത്ഭുതമില്ല. എന്തെന്നാൽ സാധാരണയെ അപേക്ഷിച്ചു് ഒരു പുതിയ രീതിയാണു് ഘാതകൻ ഈ തവണ പ്രയോഗിച്ചുകാണുന്നതു്. ഇതിൻെറ —ഈ കൊലപാതകത്തിൻെറ—പിന്നിൽ ഭയങ്കരമായ ഗൂഢാലോചനയും രഹസ്യവും ഉണ്ടെന്നു നിസ്സംശയം പറയാം. ഇതു് തീർച്ചയായും ഒരൊററ വ്യക്തി തനിയെ ചെയ്തിട്ടുള്ളതല്ല ഇതിൻെറ പിന്നിൽ സുസംഘടിതമായ ഒരു സംഘം ഉണ്ടെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു.'

"ഓഹോ! താങ്കളിതെല്ലാം എങ്ങനെയാണു് മനസ്സിലാക്കിയതു്?"

"ഞാൻ അതു പറയുവാൻ ഭാവിക്കുകയാണു്" എന്നുപറഞ്ഞു് മേശയുടെ ഒരു വലിപ്പു തുറന്നു്, അതിൽ നിന്നു് ഒരു ചെറിയ ഡയറി പുറത്തെടുത്തിട്ടു് പറയുവാൻ തുടങ്ങി:—

"മിസ്റ്റർ ഗോപിനാഥ്! ഇതു് ഒരു പോലീസുദ്യോഗസ്ഥൻേറതാണു്. പേരുപറയാം. താങ്കൾ അറിയാതിരിക്കുകയില്ല. രഹസ്യപ്പോലീസ് ഇൻസ്പെക്ടർ മി. രമൺലാൽ ആണു് ഇതിൻെറ ഉടമസ്ഥൻ."

"ഞാനറിയും. മി. രമൺലാൽ എൻെറ സ്നേഹിതനാണു്. അദ്ദേഹമിപ്പോളെവിടെയാണു്?"

"അതെ മി. രമൺലാൽ, അദ്ദേഹമാണിതിൻെറ ഉടമസ്ഥൻ. നിങ്ങൾക്കതിൽ അത്ഭുതം തോന്നുന്നുണ്ടാവും."

"ഉവ്വ്. അദ്ദേഹം ഈ പട്ടണത്തിൽതന്നെയുണ്ടോ."

"അദ്ദേഹം ഇന്നലെവരെ ഇവിടെയുണ്ടായിരുന്നു, ഈ പട്ടണത്തിൽതന്നെ. പക്ഷെ ഇപ്പോൾ അദ്ദേഹം എവിടെയാണെന്നറിഞ്ഞുകൂടാ." ഇത്രയും പറഞ്ഞപ്പോൾ കമ്മീഷണരുടെ മുഖം മ്ലാനമായി. ഒരു ദീർഘശ്വാസം വിട്ടുകൊണ്ടു് അദ്ദേഹം തുടൻ പറയുവാൻ തുടങ്ങി—"മി. ഗോപിനാഥ്, താങ്കൾ ആദ്യമായി ഡയറിയിലെ 28-ാംപേജിൽ എഴുതിയിരിക്കുന്നതു വായിക്കുക. അപ്പോഴെല്ലാം വെളിപ്പെടും."

കമ്മീഷണർ ആ ഡയറിയിലെ 28-ാംപേജ് തുറന്നു ഗോപിനാഥിൻെറ മുമ്പിൽ വച്ചു. അതിൽ ചുമന്ന മുനയുള്ള പെൻസിൽ കൊണ്ടു് ഇപ്രകാരം എഴുതിയിരുന്നു:—

"ഇതെഴുതുമ്പോൾ സമയം രാത്രി മൂന്നുമണി കഴിഞ്ഞു 50 മിനിററായി. നാലുനില മാളികയുടെ മൂന്നാം നിലയിലുള്ള ഒരു മുറിയിൽനിന്നു നീലനിറത്തിലുള്ള ഒരു പ്രകാശം കാണപ്പെട്ടു. ആരു്? ഒരു വലിയ തവിട്ടുനിറത്തിലുള്ള കാറിൻെറ വരവ്. വണ്ടിയിൽനിന്നും ഒരു കറുത്ത സത്വം ജനലിനുനേരെ പാഞ്ഞുപോയി. ഇതിൻെറ ആവശ്യം എന്തായിരിക്കാം?"

"നേരം വെളുക്കുന്നതോടുകൂടി അന്വേഷിക്കാം. പക്ഷെ— ആരോ എൻെറ പുറകിൽ സഞ്ചരിക്കുന്നുണ്ടെന്നു തോന്നുന്നു. അതെ; ആ സംഭവത്തിനുശേഷം ആരൊ എന്നെ പിന്തുടരുന്നുണ്ടു്. ബീററു പൊലീസുകാരുടെ സഹായം അപേക്ഷിച്ചാലെന്തു്?"

"ഇല്ല, അവരുടെ സഹായം ആവശ്യമില്ല. മുമ്പോട്ടുതന്നെ ധൈര്യപൂർവ്വം പോകാം."

മി. രമൺലാലിൻെറ ഡയറിയിലെ രഹസ്യം നിറഞ്ഞ വാർത്ത വായിച്ചപ്പോൾ, ഗോപിനാഥൻെറ മുഖത്തു് ഏതൊ അജ്ഞാതരഹസ്യത്തിൻെറയും ഭയത്തിൻെറയും നിഴൽ കാണപ്പെട്ടു. വാസ്തവത്തിൽ ആ വാർത്ത ഗോപിനാഥിനെ ആശ്ചര്യപ്പെടുത്തി. അദ്ദേഹം പറഞ്ഞു:—"ഇതെന്നെ ആശ്ചര്യപ്പെടുത്തുന്നു. രാത്രിയിലാണല്ലോ ഇതെഴുതിയിരിക്കുന്നതു്."

"ശരിയാണു്. ഈ കുറിപ്പിൽ എഴുതിയിരിക്കുന്ന വരികൾ വളഞ്ഞും തിരിഞ്ഞും ഇരിക്കുന്നതുകൊണ്ടു് ഇരുട്ടിൽവച്ചെഴുതിയതാണെന്നു തീർച്ചയാക്കാം."

കുറച്ചുനേരം ആലോചിച്ചശേഷം ഗോപിനാഥ് ചോദിച്ചു്
'ഈ ഡയറി എവിടന്നു്, എപ്പോഴാണു് കിട്ടിയതു്?'

"ഡയറിയിലെ രഹസ്യം നിങ്ങൾ ഗ്രഹിച്ചുകഴിഞ്ഞുവല്ലോ. ഇനി ഇതു ലഭിച്ചതെങ്ങിനെയാണെന്നു പറയാം. ഇന്നലെ രാത്രി 'മുൻഷിബസാറി'ലെ ബീററു ഡ്യൂട്ടി നാരായണനായിരുന്നു. അയാളാണീ ഡയറി എനിക്കിവിടെ കൊണ്ടുതന്നതു്. നാരായണനു് ഇതു് ഇന്നലെ രാത്രികഴിയാറായപ്പോൾ, അതായതു വെളുപ്പിനു് അഞ്ചുമണിക്കു് റോഡിൽ കിടന്നു ലഭിച്ചുവെന്നാണു് പറഞ്ഞതു്. അവിടെ രണ്ടുപേർ തമ്മിൽ അടിപിടി നടന്നതിൻെറ ലക്ഷണങ്ങളുള്ളതായി അയാൾ പറയുകയുണ്ടായി. അതിൽനിന്നു ഊഹിക്കേണ്ടതു് എഴുതി പകുതിയായപ്പോളേയ്ക്കും പിന്തുടൻ ആൾ രമൺലാലിനെ ആക്രമിച്ചു എന്നല്ലെ? താങ്കളുടെ അഭിപ്രായമെന്താണു്?"

"ഞാനും താങ്കളുടെ അഭിപ്രായത്തോടു് യോജിക്കുന്നു. എന്നാൽ ഇതിലെ കയ്യക്ഷരം രമൺലാലിൻേറതുതന്നെയാണെന്നു താങ്കൾക്കുറപ്പുണ്ടോ?"

"ഉവ്വ്, തീർച്ചയായും," രമൺലാലിന്റെ വേറെ ചില കയ്യക്ഷരങ്ങളുള്ള പുസ്തകങ്ങൾ തെളിവിനായി ഗോപിനാഥിനെ എടുത്തു കാണിച്ചുകൊണ്ടു കമ്മീഷണർ തുടൎന്നു:—

"എന്നാൽ രമൺലാലിന്നു പിന്നീടെന്തു സംഭവിച്ചുവെന്നറിഞ്ഞുകൂടല്ലോ? അദ്ദേഹം ഇപ്പോളെവിടെയാണ്. ഞാൻ ഗൃഹത്തിലെയ്ക്കു ഫോൺ ചെയ്തപ്പോൾ അദ്ദേഹം ഇന്നലെ വൈകുന്നേരം വീട്ടിൽനിന്നും പോയതാണെന്നും ഇതുവരെ തിരിച്ചെത്തീട്ടില്ലെന്നും മനസ്സിലായി, അദ്ദേഹത്തിന്ന് എന്തോ വലിയ ആപത്തു പറ്റിയിരിക്കണം, ഇല്ലെങ്കിൽ തീർച്ചയായും ഇതിനകം അദ്ദേഹം ഇവിടെ എത്തിയേനെ. ഈ ഡയറി നമുക്കു കിട്ടിയില്ലെങ്കിൽ ഒന്നുംതന്നെ നമുക്കറിയുവാൻ സാധിക്കുമായിരുന്നില്ല. മോട്ടോർ കാറിന്റെ വരവും മറ്റും അത്യത്ഭുതകരമായിട്ടാണു തോന്നുന്നതു്. എന്നാൽ ഇതു പെട്ടെന്നു അദ്ദേഹം അപ്രത്യക്ഷപ്പെട്ടതാണു് അധികം ഭയം ജനിപ്പിക്കുന്നതു്. ആ സംഘക്കാരുടെ പിടിയിൽ അദ്ദേഹം അകപ്പെട്ടിരിക്കാം. ചിലപ്പോൾ അവർ, മോഹനകുമാരനെ വധിച്ചതുപോലെ, അദ്ദേഹത്തെയും കൊല ചെയ്തിരിക്കുമോ? എന്തായാലും അതു സംഭവിക്കാതിരിക്കട്ടെ! രമൺലാൽ ഇതെല്ലാം നേരിട്ടുകണ്ടിരിക്കാനിടയുണ്ടു്. മോഹനകുമാരനെ വധിച്ചവർതന്നെയായിരിക്കും രമൺലാലിനെയും ഒളിച്ചുവച്ചിരിക്കുന്നതു്. അങ്ങനെയല്ലേ, ഗോപിനാഥ്."

"താങ്കൾ പറഞ്ഞതു് ഒരുപക്ഷേ ശരിയായിരിക്കാം. എന്നാൽ ഞാൻ ഒരു കാര്യം പറയാം. മോഹനകുമാറിനെ വധിച്ചവരല്ല, രമൺലാലിനെ തടവിലാക്കിയിരിക്കുന്നതു്. ഓ! തെററിപ്പോയി. അവരുടെ കൈവശത്തിൽതന്നെയായിരിക്കണമദ്ദേഹം. കൊലനടത്താൻ നിശ്ചയിച്ചിരുന്ന ക്ലിപ്തസമയവും നിശ്ചിതസ്ഥലവും അവൎക്കു നേരത്തേതന്നെ അറിയാം. മോഹനകുമാർ താമസിച്ചിരുന്ന മുറിയിൽനിന്നും നീലനിറത്തിലുള്ള ഒരു പ്രകാശം കാണിച്ചാണു് കൊലയാളിയെ മുകളിലെയ്ക്കു് വരുത്തിയിരിക്കുന്നതു്. അങ്ങിനെ കൊലയാളി മുകളിൽ വരുകയും

ചെയ്തു. അതിനെ തുടൎന്നു മോഹനകുമാറിന്റെ വധവും നടന്നു. രമൺലാൽ ഇപ്പോൾ വലിയ ആപത്തിൽ അകപ്പെട്ടിരിക്കുകയാണ്. അതിൽ സംശയിക്കാനില്ല. ഇപ്രകാരമുള്ള ഒരു സംഘത്തിന്റെ നേതാവിനു്, തന്റെ ആജ്ഞാനുവൎത്തികളായി ധാരാളം സഹചാരന്മാരുണ്ടാകുമല്ലൊ. അവരെക്കൊണ്ടു് രമൺലാലിനെ ഒരുപക്ഷേ വധിപ്പിച്ചിരിക്കാം. കമ്മീഷണർ! മോഹനകുമാറിന്റെ വധം സാധാരണ നടക്കാറുള്ള കത്തിക്കുത്തോ, വെടിവയ്പ്പോ പോലെ ഉള്ളതല്ല. ഇതിന്റെ പിന്നിൽ സുശക്തമായ ഒരു സംഘം ആൾക്കാരുടെ ബലം ഉണ്ടായിരിക്കുമെന്നതിൽ സന്ദേഹമില്ല. പിന്നെ, ഞാനൊരു കാര്യം മറന്നുപോയി. മോഹനകുമാറിന്റെ മുറിയിൽനിന്നു വേറെ എന്തെങ്കിലും കളവുപോയിട്ടുണ്ടോ?''

'ഇല്ല. ഇന്നു രണ്ടാമത്തെ പരിശോധനയിൽനിന്നും ഒരു ലക്ഷം രൂപാ മോഹനകുമാറിന്റെ സൂട്ട്കേയ്സിൽ ഉണ്ടായിരുന്നതായി മനസ്സിലായി. അതു് അപ്രകാരംതന്നെ വച്ചിരുന്ന സ്ഥാനത്തുണ്ടായിരുന്നു.'

'അപ്പോൾ ഘാതകന്മാരുടെ ഉദ്ദേശം പണമല്ല. പിന്നെ എന്തു കാരണത്തിന്മേലായിരിക്കണം ഈ വധം നടത്തീട്ടുള്ളതു്?'

'ആ, അതാണു് എനിക്കും ചോദിക്കുവാനുള്ളതു്?'

'ഒരുപക്ഷെ എന്തെങ്കിലും പൂൎവ്വവൈരാഗ്യമായിരിക്കാം.'

'മി. ഗോപിനാഥ്! ഞാൻ താങ്കളുടെ അഭിപ്രായത്തോടു പരിപൂൎണ്ണമായി യോജിക്കുന്നു. ശത്രുക്കൾ വളരെ ബലവാന്മാരായിരിക്കാം. അവർ രമൺലാലിനെ അദ്ദേഹത്തിന്റെ മാൎഗ്ഗങ്ങളിൽനിന്നും പിന്തിരിപ്പിച്ചു് അജ്ഞാതവാസം ചെയ്യിക്കുകയാണു്. ഇതിൽ താങ്കളുടെ സഹായസഹകരണങ്ങൾകൊണ്ടു് ഞങ്ങൾക്കു് വലുതായ ഗുണം സിദ്ധിക്കാനിടയുണ്ടു്. താങ്കളെപ്പോലുള്ള സമൎത്ഥന്മാർ ഉള്ളപ്പോൾ രമൺലാലിനു് ഒരപകടവും സംഭവിക്കുകയില്ല. താങ്കൾക്കു് പോലീസ്സ് ഡിപ്പാർട്ടുമെന്റിനു പുറമെനിന്നു എ

ന്നെ സഹായിക്കാവുന്നതാണ്. അതിനാൽ എനിക്കു താങ്കളെ ച്ചമതലപ്പെടുത്തുവാനുള്ളതു രണ്ടുകാൎയ്യങ്ങളാണ്. ഒന്ന്, മോഹനകുമാറിനെ വധിച്ചവരെ കണ്ടുപിടിക്കുക: രണ്ടു്, രമൺലാലിനെ സംബന്ധിച്ച് അന്വേഷിക്കുക. താങ്കൾക്കു് ഈ രണ്ടു ജോലിയും ഏറെറടുക്കുന്നതിനു വിസമ്മതമുണ്ടായിരിക്കയില്ലല്ലോ.'

'ഇല്ല, ഞാൻ താങ്കൾ പറഞ്ഞ രണ്ടു കാൎയ്യങ്ങളുടേയും തെളിവിനായി പരിശ്രമിക്കാം. പക്ഷെ ഒരു വ്യവസ്ഥയിന്മേൽ മാത്രം. ഭാവിയിൽ ഞാൻ ഓരോ കാൎയ്യങ്ങളെപ്പററി പറയുമ്പോൾ താങ്കളതിനെപ്പററി ചോദ്യം ചെയ്യരുതു്. പിന്നീടു്, ഞാനാവശ്യപ്പെടുമ്പോൾ പോലീസ്സുകാരുടെ സഹായവും എനിക്കു് നൽകണം. താങ്കളിതു സമ്മതിച്ചാൽ മാത്രമേ ഞാൻ ഈ കേസ്സുകളിൽ ഇടപെടുകയുള്ളു. താങ്കൾക്കു് വിസമ്മതമില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

കമ്മീഷണർ അല്പനേരം ചിന്താഗ്രസ്തനായി. രണ്ടു മൂന്നു മിനിററിനുശേഷം അദ്ദേഹം പറഞ്ഞു:—'ഗോപിനാഥ് നിങ്ങൾ പറഞ്ഞതുപോലെ ഞാൻ സമ്മതിച്ചിരിക്കുന്നു. അതത്ര എളുപ്പമുള്ളതല്ലെങ്കിലും ഞാനതു വിസമ്മതിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ എനിക്കു താങ്കളുടെ പ്രവൎത്തനങ്ങളിൽ പൂൎണ്ണവിശ്വാസമുണ്ടു്. ഈ കാൎയ്യത്തിലായതുകൊണ്ടു് എനിക്കു് അധികാരികളുടേയും പൊതുജനങ്ങളുടേയും മുമ്പിൽ തലകുനിക്കേണ്ട ആവശ്യമുണ്ടാകയില്ല.'

'താങ്കൾ ചെയ്തുതരാമെന്നു പറഞ്ഞിരിക്കുന്ന സഹായത്തിനു നന്ദി പ്രകടിപ്പിച്ചുകൊള്ളുന്നു. താങ്കൾക്കുള്ള വിശ്വാസം ആത്മാൎത്ഥമാണെന്ന് എനിക്കു മനസ്സിലായിക്കഴിഞ്ഞു. എന്നാൽ ഞാൻ ഇതിൽ ഇടപെടുന്നതിനുമുമ്പു സംഗതികളുടെ ചില വശങ്ങൾ കൂടി അറിയേണ്ടിയിരിക്കുന്നു, അതിനുശേഷം ആ സ്ഥലമൊന്നു കാണണം.'

കമ്മീഷണരുടെ വദനം വികസിച്ചു. അദ്ദേഹം പറഞ്ഞു:—'ശരിതന്നെ, എനിക്കിതേപ്പററി അറിയാവുന്നതു് ഞാൻ താങ്കളോടു പറയാം.

ഇന്നു രാവിലെ മോഹനകുമാറിന്റെ ഭൃത്യൻ, നാലുനില മാളികയിൽനിന്നു്, തന്റെ യജമാനന്റെ വിചിത്രകരമായ മരണത്തെക്കുറിച്ചു് ഫോണിലൂടെ ഞങ്ങളെ അറിയിക്കുകയുണ്ടായി. ഈ വാത്ത കിട്ടിയ ഉടനെ ഇൻസ്പെക്ടർ രവീന്ദ്രനേയും സി. ഐ ഡി. രാജുവിനേയും സംഭവസ്ഥലത്തേക്കയച്ചു. അടച്ചിട്ട മുറിയിൽവെച്ചാണു് വധം നടത്തിയിരിക്കുന്നതെന്നു് അവർ മനസ്സിലാക്കി. പ്രേതത്തിൽ ഒരു ഭയങ്കര മുറിവുണ്ടായിരുന്നു. മുറിവിൽനിന്നും ഒരു തുള്ളി രക്തംപോലും പുറത്തു വന്നിട്ടില്ല അതാണത്ഭുതം! മൃതദേഹത്തിൽ ഒരു തുള്ളി രക്തംപോലും അവശേഷിച്ചിട്ടില്ലതാനും. ഞാൻ അവിടെ പോയി ഇതെല്ലാം നേരിട്ടുകാണുകയുണ്ടായി. മോഹനകുമാറിന്റെകൂടെ വടക്കെ ഇന്ത്യക്കാരനായ ഒരു ഭൃത്യനും താമസമുണ്ടു്. അവനോടു് ചോദിച്ചതിൽനിന്നു് ഒന്നുംതന്നെ മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. അവനിൽനിന്നും മോഹനകുമാർ ഇന്നലെ ഷൂട്ടിംഗിനു് പോയില്ലെന്നും രാത്രി പത്തുമണിയോടുകൂടെ തന്റെ ജോലികൾ നിർവ്വഹിച്ചശേഷം ഉറക്കത്തിനു പോയെന്നും മനസ്സിലായി. അതിനുശേഷം എന്തു സംഭവിച്ചെന്നു് ഒരു രൂപവുമില്ല. രാവിലെ എഴുന്നേററു് ചായയുമായി യജമാനനെ വിളിക്കുവാൻ ചെന്നപ്പോഴാണു് ജനലിലൂടെ അവൻ മോഹനകുമാറിന്റെ മൃതശരീരം കണ്ടതു്, കുറച്ചുനേരം വിളിച്ചിട്ടും അകത്തുനിന്നു് ഒരു മറുപടിയും ഉണ്ടായില്ല. ഉടനെ അവൻ ഫോണിൽ വിവരം എന്നെ അറിയിച്ചു. പോലീസുകാക്കു അകത്തു പ്രവേശിക്കുവാൻ വാതിൽ പൊളിക്കേണ്ടിവന്നു, മുറിക്കു മൂന്നു ജനലുകളും ഒരു വാതിലും മാത്രമെയുള്ളു. ജനലിൽ രണ്ടെണ്ണം പുറകുവശത്തും ഒന്നു വരാന്തയിലേയ്ക്കുമാണു്. അതു മാത്രമേ തുറന്നുകിടന്നിരുന്നുള്ളു. ബാക്കിയെല്ലാ ജനലുകളും ബന്ധിച്ചിരുന്നിരുന്നു. ആ തുറന്നുകിടന്നിരുന്ന ജാലകത്തിലൂടെയാണു് ഭൃത്യൻ അകത്തേയ്ക്കു നോക്കിയതു്. എന്നാൽ എന്തായുധം ഉപയോഗിച്ചാണു് വധം നടത്തിയിരിക്കുന്നതെന്നു് ആക്കും അറിഞ്ഞുകൂടാ. ആത്മഹത്യയല്ലെന്നുള്ള കാര്യം തീർച്ചയാണു്.'

'ജനേലുകൾക്ക് എന്തഴികളാണുണ്ടായിരുന്നതു്? അവ വിട്ടുപോയിട്ടുണ്ടോ എന്നു നോക്കുകയുണ്ടായൊ? വ്യക്തമായി പറയണം.'

'ഞങ്ങളതും പരിശോധിക്കാതിരുന്നില്ല. മുന്നിഞ്ചു് അകലത്തിൽ ഇരുമ്പഴികൾ ഇട്ടിട്ടുണ്ടു്. അവയ്ക്കു യാതൊരു കോട്ടവും സംഭവിച്ചിട്ടില്ല. കൊലപാതകി അകത്തുകടന്നതു ജാലകത്തിലൂടെയാണെന്നു തോന്നുന്നില്ല. മുറിക്കുള്ളിൽ ആരുടേയും കാല്പാടുകളില്ല. കൊലപാതകിയെ സംശയിക്കത്തക്ക യാതൊരു തെളിവുകളും അവിടെനിന്നു ലഭിച്ചിട്ടില്ല. മുറിയിലെ സാധനങ്ങളെല്ലാം യാതൊരു കോട്ടവും തട്ടാതെ, യഥാസ്ഥാനങ്ങളിൽതന്നെ ഉണ്ടായിരുന്നു. അവയെ ആരും സ്പർശിച്ചിട്ടുപോലുമില്ല. തലയിണയുടെ അടിയിൽ വച്ചിരുന്ന ഒരു നിറച്ച റിവാൾവറും നോട്ടുപുസ്തകവും അതേപടിതന്നെ ഇരിക്കുന്നുണ്ടായിരുന്നു.'

'നോട്ടുപുസ്തകമൊ? അതിൽ എന്താണെഴുതിയിരുന്നതു്? താങ്കളതു പരിശോധിച്ചു കാണുമല്ലൊ.'

'ഉവ്വ്. അതിൽ എഴുതിയിരിക്കുന്നതു് അധികവും ഹിന്ദുസ്ഥാനിയിലാണു്. ദിവസഡയറിയാണു് അതു്. കൂടാതെ അതിൽനിന്നും ഒരു ഫോട്ടൊക്കൂടി ലഭിച്ചിട്ടുണ്ടു്. അതിനെ ശരിക്കു വീക്ഷിച്ചു യഥാർത്ഥസംഗതികൾ കരതലാമലകംപോലെ പരിശോധിക്കുന്നതിനായി ഞാൻ സൂക്ഷിച്ചുവച്ചിട്ടുണ്ടു്. മി. ഗോപിനാഥ് അതു നിങ്ങളെ കാണിച്ചുതരുന്നതിൽ എനിക്കു സന്തോഷമേയുള്ളു.'

ഇപ്രകാരം പറഞ്ഞശേഷം അദ്ദേഹം തന്റെ മേശവലിപ്പ് വീണ്ടും വലിച്ചു തുറന്നശേഷം, അതിൽനിന്നു് നീലനിറത്തിലുള്ള ഒരു ചെറിയ നോട്ടുബുക്കു് പുറത്തെടുത്തു. ഗോപിനാഥ് കൌതുകത്തോടുകൂടി അതിനെ വീക്ഷിച്ചു. അതിലെഴുതിയിരുന്നതു് അദ്ദേഹം വായിച്ചുനോക്കി. ഇടയ്ക്കിടയ്ക്കു കടലാസ്സുകൾ വിട്ടുവിട്ടാണെഴുതിയിട്ടുണ്ടായിരുന്നതു്. ഒരു ദിവസഡയറിയാണു് അതെന്നു് അദ്ദേഹത്തിനു് എളുപ്പത്തിൽ മനസ്സിലായി.

ജനുവരി ഒന്നാം തീയതി മുതൽ ആഗസ്റ്റ് മുപ്പതാം തീയതിവരെയുള്ള സംഭവഗതികൾ എഴുതിയിട്ടുണ്ടായിരുന്നു. എല്ലാ തീയതികളുടേയും അടിയിൽ കുറച്ചു സ്ഥലം പ്രത്യേകം വിട്ടിട്ടുണ്ടായിരുന്നു, അവിടെ പെൻസിലോ മഷിയൊ ഉപയോഗിച്ച് വിവിധസ്ഥലങ്ങളുടെ നാമങ്ങൾ എഴുതിയിട്ടുണ്ടായിരുന്നു

ആഗസ്റ്റ് 10. ഈ പട്ടണത്തിൽ വന്നു. സംവായി ഹോട്ടൽ.

ആഗസ്റ്റ് 11-12. സ്റ്റേഷൻയാവിൽ.

ആഗസ്റ്റ് 13. സംവായി ഹോട്ടൽ.

ആഗസ്റ്റ് 14. രസാറോഡ് നമ്പ്ര് 67.

ആഗസ്റ്റ് 15. മോഹൻ ലോഡ്ജ് ൨൦൦ നമ്പ്ര് 18.

ആഗസ്റ്റ് 16. നാലുനില കെട്ടിടം.

ഇത്രയും വായിച്ചശേഷം ഗോപിനാഥൻ കുറച്ചുനേരം വെറുതെയിരുന്നു. അതുകണ്ടാൽ രഹസ്യങ്ങളുടെ ചരട് കിട്ടിപ്പോയെന്നു തോന്നും. അദ്ദേഹം ചിന്തിക്കുവാൻ തുടങ്ങി.'

'ആഗസ്റ്റ് 16-ാംനു അതായതു് മോഹനകുമാർ വധിക്കപ്പെട്ട ദിവസം അയാൾ നാലുനില മാളികയിലായിരുന്നുവെന്നുള്ളതു സംശയമററ സംഗതിയാണ്. എന്നാൽ അതിനു മുമ്പുള്ള ദിവസങ്ങളോ? 15-ാംനുയൊ 16-ാംനുയൊ അയാൾ എന്തുകൊണ്ടവിടെയുണ്ടായിരുന്നില്ല? അപ്പോൾ മോഹനകുമാർ ഓരോ ദിവസവും ഓരോ സ്ഥലത്തായിരിക്കണം താമസിച്ചുകൊണ്ടിരുന്നതു്. 17-ാം തീയതിക്കുശേഷം അയാൾ എഴുതിയിട്ടുള്ള പരിപാടികളുടെ ഉദ്ദേശമെന്തു്? ആ പരിപാടികൾ എന്തിനെ സൂചിപ്പിക്കുന്നു? അയാളുടെ ഭാവിയേയൊ? ഇതിൻെറയൊക്കെ അർത്ഥമെന്തു്? എനിക്കൊന്നും മനസ്സിലാകുന്നില്ല. 15-ാംനു മോഹൻലോഡ്ജ്, 14-ാം തീയതി രസാറോഡ്, നാലുനിലമാളിക—ഇങ്ങനെ ഇയാൾ ചുററിത്തിരിയുവാൻ കാരണമെന്തായിരിക്കും? അയാൾക്കു് സ്ഥിരവാസമില്ലെന്നു തോന്നുന്നു. ഇതു വളരെ വിചിത്രമായ സംഗതി

തന്നെയാണ്. അവസാനം? ഇപ്രകാരം ചുററിത്തിരിയുന്നതിന്റെ അർത്ഥമെന്തു്?'

പെട്ടെന്നു് ഗോപിനാഥിൻെറ വിചാരധാര നിലച്ചുപോയി. കാരണം കമ്മീഷണരുടെ ശബ്ദമാണ്. അദ്ദേഹം പാസ്പോർട്ട് സൈസിൽ ഉള്ള ഒരു ഫോട്ടോ എടുത്തു കൊടുത്തിട്ടു പറഞ്ഞു:— 'ഇതാ, ഇതാണ് അതിനകത്തിരുന്ന ഫോട്ടോ.'

ഗോപിനാഥ് അതു കയ്യിൽവാങ്ങി നോക്കി. സുന്ദരിയായ ഒരു യുവതിയുടെ പടമായിരുന്നു അതു്. ഏതൊ ഒരു ബംഗാളി യുവതിയുടെ പടമാണെന്നു ഗോപിനാഥ് ഊഹിച്ചു. ആ പടത്തിൻെറ പുറത്തു് 'സുശീലാമിത്ര' എന്നെഴുതിയിട്ടുണ്ടായിരുന്നു. പടംവാങ്ങി നോട്ടുബുക്കിനകത്തുതന്നെ വച്ചിട്ടു് ഗോപിനാഥ് വിചാരിച്ചു:— 'ആരായിരിക്കും ഈ സുശീലാമിത്ര? ഏതായാലും അവരൊരു സൌന്ദര്യറാണിതന്നെയാണ്.'

പെട്ടെന്നു് ആയുധധാരികളായ അഞ്ചു പോലീസുകാർ ആ മുറിക്കകത്തേയ്ക്കു കടന്നുവന്നു. അവർ കമ്മീഷണരെ സലാംചെയ്തു.

'എന്താണ് കാര്യം?' കമ്മീഷണർ അന്വേഷിച്ചു.

'അതേ, കാര്യം? താങ്കൾ കണ്ടാലും.......' എന്നു പറഞ്ഞു് കൊണ്ടു് ഒരാൾ കമ്മീഷണരുടെ സവിധത്തിലേയ്ക്കു നീങ്ങി. പെട്ടെന്നയാൾ റിവോൾവർ കമ്മീഷണരെ ലക്ഷ്യമാക്കി നീട്ടി. മറെറാരാൾ ഗോപിനാഥനെ ഉന്നംവച്ചു. ശേഷം മൂന്നുപേർ അടുത്ത നിമിഷത്തിൽതന്നെ ഗോപിനാഥിൻെറ മേൽ ചാടിവീണു. അദ്ദേഹത്തെ മറിച്ചിട്ടു് നോട്ടുബുക്കു കരസ്ഥമാക്കിയ ശേഷം, കമ്മീഷണർക്കോ, ഗോപിനാഥനോ ഒരക്ഷരം മിണ്ടുന്നതിനു് സമയം കിട്ടുന്നതിനു മുമ്പുതന്നെ അവർ വൈദ്യുതിപോലെ വന്നവഴിയേ മറഞ്ഞു.

'540' എന്നു വിളിച്ചുകൊണ്ടു് കമ്മീഷണർ അസ്ത്രംപോലെ ആ മുറിയിൽനിന്നും പാഞ്ഞുപോയി. ഗോപിനാഥനും അതേ വേഗത്തിൽ അദ്ദേഹത്തെ അനുഗമിച്ചു.

എന്നാൽ കവാടം കഴിഞ്ഞു് വെളിയിൽ ഇറങ്ങിയതോടുകൂടി അത്ഭുതകരവും വിസ്മയജനകവുമായ മറെറാരു സംഭവംകൂടി ഉണ്ടായി.

പടികത്തി, ജരാനരയാൽ പീഡിതനായ ഒരു വൃദ്ധൻ തന്റെ വിറയ്ക്കുന്ന ഇടതുകയ്യിൽ ഒരു കത്തും വലതുകയ്യിൽ അഗ്രം വളഞ്ഞ ഒരു ചൂരൽവടിയും പിടിച്ചു് വാതിലിനെതിരായി നിൽപ്പുണ്ടായിരുന്നു. കമ്മീഷണർ ശരംപോലെ വേഗത്തിൽ പാഞ്ഞതിനാൽ ആ വൃദ്ധൻ നിലത്തു വീണുപോയി. അയാൾ വളരെ ദയനീയമായ സ്വരത്തിൽ മോങ്ങാൻ തുടങ്ങി.

കമ്മീഷണർ അത്യന്തം ക്രുദ്ധനായി തിരിഞ്ഞുനിന്നു. എന്നിട്ടു് അയാളോടു് ഇങ്ങനെ ചോദിച്ചു:—

'നിങ്ങളാരാണു്? എന്താണു് നിങ്ങൾക്കു വേണ്ടതു്? എന്തിനിവിടെ വന്നു?'

കിഴവൻ കരഞ്ഞുകൊണ്ടുതന്നെ ആ എഴുത്തു കമ്മീഷണരുടെ നേരെ നീട്ടിയതല്ലാതെ മറുപടി ഒന്നുംതന്നെ പറഞ്ഞില്ല. കമ്മീഷണർ അതു വാങ്ങി. അതിൽ ഹിന്ദുസ്ഥാനിയിൽ എന്തോ എഴുതിയിരുന്നു. ഹിന്ദുസ്ഥാനി വായിക്കുവാൻ വശമില്ലാത്തതിനാൽ അദ്ദേഹം അതു് ഗോപിനാഥിന്റെ നേരെ നീട്ടി. അദ്ദേഹം അതു് ഉറക്കെ വായിച്ചു പരിഭാഷപ്പെടുത്തിക്കൊടുത്തു. അതിൽ എഴുതിയിരുന്നതിന്റെ പരിഭാഷ ഇതാണു്:—

'മോഹനകുമാറിന്റെ മരണത്തിൽ സംശയിക്കത്തക്കതായി ഒന്നുംതന്നെയില്ല. ആ വിശ്വാസഘാതകനെ ജീവനോടെ വിടുക എനിക്കു സാദ്ധ്യമല്ല. ആ രഹസ്യങ്ങൾ ഒന്നുംതന്നെ ഞാൻ പരസ്യമാക്കാനുദ്ദേശിക്കുന്നില്ല. പിന്നെ, ഈ രഹസ്യം കണ്ടുപിടിക്കുവാൻ തുനിയുകയാണെങ്കിൽ മി. രമൺലാലിനു പററിയ, അതേ അനുഭവംതന്നെ നിങ്ങൾക്കും ഉണ്ടാകും, എന്നു ഞാൻ മുന്ന

റിയിപ്പു തന്നുകൊള്ളുന്നു. അതുകൊണ്ടു നിങ്ങൾ ഈ കാര്യത്തിലൊന്നും തലയിടേണ്ട. ജാഗ്രതയായിരുന്നുകൊള്ളൂ. മി. കമ്മീഷണർ, മി. ഗോപിനാഥ്!

മിത്ര.'

ആശ്ചര്യചകിതരായി കമ്മീഷണരും, ഗോപിനാഥും ആ കത്തു് പലവട്ടം വായിച്ചു. ആ വൃദ്ധനോടെന്തോ ചോദിക്കുവാൻ വേണ്ടി ഗോപിനാഥ് തിരിഞ്ഞു നോക്കിയപ്പോൾ അയാളെ അവിടെ കാണ്മാനുണ്ടായിരുന്നില്ല! ഗോപിനാഥ് ആശ്ചര്യസമേതം ചോദിച്ചു:—'ആരാണ് ഈ മിത്രാ.'

SENGUPTA PUBLIC LIBRARY
KOZHIKODE-4.

# 4

# ഭീഷണി

അടുത്ത ദിവസം രാധാകൃഷ്ണനും ഗോപിനാഥും സംസാരിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഫോൺബെല്ലടിക്കുന്നതുകേട്ട് ഗോപിനാഥ് റിസീവർ എടുത്തു. കുറച്ചു നേരം ഏകാഗ്രഭാവത്തോടുകൂടി ശ്രവിച്ചുശേഷം 'നന്ദി' പറഞ്ഞു റിസീവർ യഥാസ്ഥാനത്തുതന്നെ അദ്ദേഹം വെച്ചു.

'സംഗതിയെന്താ, ഗോപിനാഥ്?'

ഗോപിനാഥ് മന്ദഹസിച്ചുകൊണ്ടു പറഞ്ഞു:—'സംഗതി! കേൾക്കുക. ഇന്നലെ പോലീസ് കമ്മീഷണരുടെ ആഫീസിൽ വച്ച് എൻെറ കയ്യിൽനിന്നും അപഹൃതമായ പുസ്തകംകൊണ്ട് അവക്കു യാതൊരു പ്രയോജനവും സിദ്ധിച്ചിട്ടില്ലെന്ന് എൻെറ ഒരു മിത്രം എന്നോടു പറയുകയായിരുന്നു. ഇതുപോലെതന്നെയുള്ള വേറൊരു ബുക്കുകൂടി മോഹനകുമാറിൻെറ പക്കൽ ഉണ്ടായിരുന്നു. അവക്കാവശ്യം അതായിരുന്നു. ആ പുസ്തകം ഞങ്ങളുടെ കൈവശം തന്നെയുണ്ടെന്ന് അവർ ഇപ്പോഴും സംശയിച്ചുകൊണ്ടിരിക്കുന്നു. അയാൾ ബംഗാളിയാണെന്ന് അദ്ദേഹം പറഞ്ഞു. ഏതൊ ഒരു സംഘത്തിൽ അംഗമാണ്. ആ സംഘം ദേശദ്രോഹികളെ അമർച്ചചെയ്യുവാൻ ആഗ്രഹിക്കുന്നു. അദ്ദേഹം അതിന് എന്നിൽനിന്നും സഹായം ആവശ്യപ്പെട്ടിരിക്കുന്നു. യാതൊരു കാരണവശാലും ഞാൻ ഈ കൊലപാതകത്തിൽ തലയിട്ടുപോകരുതെന്ന് അദ്ദേഹം എനിക്കു മുന്നറിയിപ്പു നൽകി. ഇക്കാര്യത്തിൽ മൌനം ദീക്ഷിക്കുകയാണെങ്കിൽ എന്നെ സാമ്പത്തികവശങ്ങളിൽ സഹായിക്കാമെന്ന് ഉറപ്പുതന്നിട്ടുണ്ട്. പക്ഷെ അവക്കു വശംവദനാ

ണെന്നു നടിച്ചുകൊണ്ടു് അവരുടെ ഉള്ളുകള്ളികൾ മനസ്സിലാക്കുവാൻ ശ്രമിക്കുകയാണെങ്കിൽ എൻെറ നാശം നിശ്ചയമാണെന്നു കൂടി അദ്ദേഹം പറയുകയുണ്ടായി. എൻെറ ആലോചനയ്ക്കും തീരുമാനത്തിനും വേണ്ടി അവർ മൂന്നുദിവസം അവധി തന്നിട്ടുണ്ടു്.'

'നിങ്ങൾ എന്തു മറുപടിയാണു് നൽകിയതു്?'

'ഏയ്, ഒന്നുമില്ല, ഒരു 'താങ്ക്സ്' നൽകി. അത്രമാത്രം.'

കുറച്ചു നേരത്തേക്കു് ആരും ഒന്നും സംസാരിച്ചില്ല. ഗോപിനാഥൻെറ മുഖം ധ്യാനനിരതനായ ഒരു യോഗിയുടേതുപോലെയും രാധാകൃഷ്ണൻെറതു സന്തോഷഭരിതനായ ഒരു ബാലൻേറതുപോലെയും കാണപ്പെട്ടു. രാധാകൃഷ്ണനാണാദ്യം മൌനം ഭഞ്ജിച്ചതു്.

'ഇവരുടെ ഭീഷണിയെ നിങ്ങൾ അതേപടി വിശ്വസിക്കുന്നുണ്ടോ? അതു വാസ്തവം തന്നെയെന്നു നിങ്ങൾക്കു ബോദ്ധ്യമുണ്ടോ?'

'ഉവ്വ്.' സംക്ഷിപ്തരൂപേണ ഗോപിനാഥ് തൻെറ അഭിപ്രായത്തെ അയാളെ അറിയിച്ചു. അദ്ദേഹം തുടർന്നു—'ഞാൻ അവരെ വിശ്വസിക്കുന്നു, മിസ്റ്റർ! എങ്ങനെ അവിശ്വസിക്കും? എന്താ നിങ്ങൾക്കു ഞാൻ പറയുന്നതൊന്നും മനസ്സിലാകുന്നില്ലേ? മോഹനകുമാറിൻെറ ജീവിതം കടിഞ്ഞാണില്ലാത്തതായിരുന്നു. അതിനാൽ ഓരോ നിമിഷവും അയാൾ മരണത്തെ ഭയപ്പെട്ടാണു് കഴിഞ്ഞുകൂടിയതു്. അതിനാൽ ദിവസേന ഓരോ സ്ഥലത്തേയ്ക്കു മാറിമാറി താമസിക്കുവാൻവേണ്ടി അയാൾ നാലു സ്ഥലത്തായി നാലു മുറികൾ വാടകയ്ക്കെടുത്തു. ആഗസ്റ്റ് 16-ാംനു രാവിലെ 6മണിക്കു് മോഹനകുമാർ നാലുനില മാളികയിൽ വന്നിരുന്നതായി നിങ്ങൾ ഇന്നലെ മനസ്സിലാക്കിയല്ലോ. എന്നാൽ അയാൾ അവിടെ ഒരു ദിവസത്തെ താമസക്കാരൻ മാത്രമായിരുന്നു. ഇതു് ആർക്കും അറിവില്ലാത്ത സംഗതിയാണു്. അയാൾ തൻെറ നോട്ടുപുസ്തകത്തിൽ അതു് എഴുതിവച്ചിരുന്നു. ഒരാഴ്ച മുമ്പുതന്നെ പരിപാടി തയ്യാറാക്കിവച്ചിരിക്കും. അതനുസരിച്ചു് 14-ാംനു രസാരോഡിലുള്ള ഒരു വാടക കെട്ടിടത്തിലും 15-ാംനു മോഹൻചാമ്ലലും കഴി

ച്ചുകൂട്ടി. അതുപോലെ 16-ാംനു അയാൾ നാലുനില കെട്ടിടത്തിൽ താമസിക്കുവാനായി എത്തി. ഇപ്പോൾ മോഹനകുമാർ ജീവിച്ചിരുന്നെങ്കിൽ തൻെറ കാര്യപരിപാടി അനുസരിച്ച് പ്രതിദിനം ജീവിതം നയിച്ചേനെ. അയാളുടെ ആ ഡയറിയിൽ ആഗസ്റ്റ് 26-ാംനു വരെയുള്ള താമസസ്ഥലങ്ങൾ പ്രതിപാദിച്ചിട്ടുണ്ടായിരുന്നു.

'ഇപ്പോൾ, ഒന്നാലോചിച്ചുനോക്കൂ, രാധാകൃഷ്ണൻ! ഈവിധത്തിൽ ഓരോ ദിവസവും ഓരോ സ്ഥലത്തു താമസിക്കുന്ന അയാൾ ഏതോ ചില ഗൂഢസംഘക്കാരാൽ വധിക്കപ്പെട്ടിരിക്കുന്നു. ഇതു വലിയ രഹസ്യംതന്നെയല്ലേ? ഇത്ര ജാഗ്രതയായി പ്രവൎത്തിക്കുന്നതിനു നല്ല കഴിവുള്ള മൂന്നുനാലാളുകൾ ഈ സംഘത്തിൽ പ്രവൎത്തിക്കുന്നുണ്ടെന്നുള്ളതു നിസ്സംശയമാണ്. കമ്മീഷണരുടെ ആഫീസിൽവച്ച് നടന്ന സംഭവം, ഇനി നിങ്ങൾ ആലോചിച്ചു നോക്കൂ! എത്ര ഗൂഢതന്ത്രങ്ങൾക്കുശേഷമാണ്, അവർ ഒരു പ്ലാനിട്ടതും, ആ പ്ലാൻ പരിപൂൎണ്ണവിജയസാദ്ധ്യതയിലെത്തിച്ചതും.

'ഒരു കള്ളുവില്പനക്കാരനെക്കൊണ്ട് പുലിവീരന്മാരായ അഞ്ചു പോലീസുകാരെ വളരെ പണിപ്പെട്ട് കള്ളുകുടിപ്പിച്ചു. അവസാനം അവർ ബോധംകെട്ട് വീണ് ഉറങ്ങിയ സമയത്തു് അവരുടെ ഔദ്യോഗികവേഷം ധരിച്ച് അവർ പോലീസ് കമ്മീഷണരുടെ ആഫീസിൽ കടന്നു ധൈര്യസമേതം നോട്ടുപുസ്തകം കൈവശപ്പെടുത്തി. എവിടെനിന്നോ ചാകാറായ ഒരു കിഴവനെ കൊണ്ടുവന്ന് അവൻെറ കയ്യിൽ ഞങ്ങൾക്ക് തരുവാനായി ഒരു കത്തും കൊടുത്തു വാതിലിനരികെ പിടിച്ചുനിൎത്തി. ദേഷ്യപ്പെട്ട് ഓടുമ്പോൾ ആ വയസ്സനുമായി കമ്മീഷണർ ഏററുമുട്ടുമെന്നു അവൎക്കറിയാമായിരുന്നു. ഏററുമുട്ടുന്ന അവസരത്തിൽ അവൎക്ക് കുറെ സമയം കിട്ടും. അപ്പോൾ അവൎക്കു രക്ഷപ്പെടുവാൻ ധാരാളം അവസരം ലഭിക്കും. അങ്ങനെതന്നെ സംഭവിച്ചു. അപ്രകാരമൊരു നാടകം അഭിനയിക്കുന്നതിനുവേണ്ടിയാണ് ആ വൃദ്ധനെ അവർ ഒരുക്കിനിൎത്തിയിരുന്നതു്. ഇതു് ആൎക്കും മനസ്സിലായില്ല. 'എന്തു

ചെയ്യുണ്ടു' എന്നറിയാതെ വളരെ നേരം ഞങ്ങൾ പാഴാക്കി കള ഞ്ഞു. ആ തക്കത്തിനു കപടവേഷധാരികളായ അവർ കാറിൽ കയറി അപ്രത്യക്ഷപ്പെട്ടു.

'വളരെ സൂക്ഷ്മതയോടും നേരത്തെ തയ്യാറാക്കിയ പ്ലാനുക ളോടുകൂടി സഞ്ചരിക്കുന്ന അവക്കു ചെയ്യാൻ പാടില്ലാത്തതു യാതൊ ന്നുമില്ല. അതുകൊണ്ടു' അവർ പറയുന്നതു മുഴുവൻ വാസ്തവമായി രിക്കുവാനെ ഇടയുള്ളൂ. അവക്കു ഭീഷണിപ്പെടുത്തുവാൻ മാത്രമല്ല ഞ്ഞറിയാവുന്നതു'. ശരിയായ സമയത്തു' എന്നെ തടഞ്ഞുനിൎത്തു വാൻ അവക്കു കഴിഞ്ഞു. അവരുടെകൂടെ കൂട്ടിയില്ലെങ്കിൽ എന്റെ കഥ കഴിയുമെന്നതു നിശ്ചയംതന്നെ. എന്നെ സാമ്പത്തികമായി, ഉയൎത്താമെന്നു', അവർ വാഗ്ദാനം ചെയ്തിട്ടുണ്ടു'. അവർ ചതിയ ന്മാരല്ല; സത്യവാന്മാരാണു'. അതുകൊണ്ടു ഞാൻ അവരെ പൂൎണ്ണ മായി വിശ്വസിക്കുന്നു.'

'അതുകൊണ്ടു' എന്തു ചെയ്യുവാനാണു' നിങ്ങൾ ആഗ്രഹിക്കു ന്നതു'? ഗോപിനാഥ', നിങ്ങൾ അവരെ അനുസരിക്കുമെന്നോ?' ഹതാശനായിട്ടാണു' രാധാകൃഷ്ണൻ അതു ചോദിച്ചതു'.

'ഇനിയും മൂന്നുദിവസംകൂടിയുണ്ടല്ലോ, മി. രാധാകൃഷ്ണൻ അതെ ന്താണു' മറന്നുകളഞ്ഞതു'? ഈ മൂന്നുദിവസം കഴിയുന്നതുവരെ എനി ക്കാരെയും ഭയപ്പെടേണ്ടതില്ല.'

'അപ്പോൾ അയാൾ പറഞ്ഞതു നിങ്ങൾ വിശ്വസിച്ചുവോ?'

'തീൎച്ചയായും. ദേശദ്രോഹികളെ അമൎച്ചചെയ്യുവാൻ ശ്ര മിക്കുന്നവർ ഒരിക്കലും നീചരല്ല. അവർ യഥാൎത്ഥത്തിൽ ദേശഭ ക്തർതന്നെയാണു'. അതുകൊണ്ടവരെ നല്ലതുപോലെ വിശ്വ സിക്കാം. നിങ്ങളുടെ സംശയം അസ്ഥാനത്താണു' മി. രാധാകൃ ഷ്ണൻ.'

'നിങ്ങൾ എന്താണു' പറഞ്ഞതു'? നിങ്ങളും അവരുടെകൂടെ കൂടിയോ?' ഇത്രയും പറഞ്ഞശേഷം രാധാകൃഷ്ണൻ മൌനം ദീക്ഷിച്ചു. പുഞ്ചിരിതൂകിക്കൊണ്ടാണു' അതിനു' ആ അപസർപ്പകവിദഗ്ദ്ധൻ മറുപടി പറഞ്ഞതു'—'അതെ, രാധാകൃഷ്ണൻ. ഇതു' എന്റെ ദൃഢ മായ വിചാരംതന്നെയാണു'. എന്റെ സ്നേഹിതൻ എനിക്കു' ഇന്നു

മുന്നറിവുതന്ന നിമിഷം മുതൽ എൻെറ നയനങ്ങൾ മൂടപ്പെട്ടുകഴിഞ്ഞു. നിങ്ങൾ എന്തിനു സംശയിക്കുന്നു?'

'ഇല്ല, ഞാൻ നിങ്ങളുടെ സംസാരം കേട്ട് അത്ഭുതപ്പെടുന്നു, തികച്ചും അത്ഭുതപ്പെടുന്നു.' ഏതൊ ഒരു ശബ്ദം കേട്ട് രാധാകൃഷ്ണൻ എഴുന്നേററു നിന്നു. തുടന്ന് ഒരുത്തൻ ജനലിൽക്കൂടെ പുറത്തേക്കു ചാടിയതുപോലെ ഒരു ശബ്ദം കേട്ടു.

'ഗോപിനാഥ്', ഗോപിനാഥ്', റിവാൾവർ വേഗം തരൂ.' രാധാകൃഷ്ണൻ ഉദ്വേഗപൂർവ്വം കൈനീട്ടി. പതുക്കെ ഒന്നു ചിരിച്ചുകൊണ്ടു ഗോപിനാഥ് പറഞ്ഞു—'വില്ല. സ്നേഹിതാ, നിങ്ങളെപ്പോലെ ബദ്ധപ്പാടുള്ളവർ ലോകത്തിൽ വേറെ ആരുംതന്നെ ഉണ്ടെന്നു തോന്നുന്നില്ല. ഇവിടെ വന്നവർ ശത്രുക്കളല്ല; അവർ മിത്രങ്ങളാണ്. ആരാണൊ വളരെയധികം രൂപാ തരാമെന്നു വാക്കു തന്നതു്, ആരാണൊ ദേശഭക്തിയെ പ്രശംസിക്കുന്നതു്. അവർ ശത്രുക്കളാകുന്നതെങ്ങിനെ. മി. രാധാകൃഷ്ണൻ. നേരെമറിച്ച് അവരെ ഒരു തവണയെങ്കിലും നിങ്ങൾ വിളിക്കുക—മിത്രം മിത്രം.'

ഗോപിനാഥൻെറ അട്ടഹാസം ആ മുറിയിലെ ഭിത്തികളിൽ വന്നലച്ച് അവിടം മുഴുവനും മുഴങ്ങി.

ഗോപിനാഥൻെറ ഈ സംസാരം കേട്ട്, എന്താണു ചെയ്യേണ്ടതെന്നറിയാതെ രാധാകൃഷ്ണൻ പകച്ചുനിന്നുപോയി.

# 5

# കൊടുങ്കാററിൻെറ തൂവൽ

രാവിലെ എട്ടുമണിയോടുകൂടി ഒരു പടുകിഴവൻ, ഗോപിനാഥൻെറ ഗൃഹത്തിൽനിന്നും വെളിയിലേയ്ക്കിറങ്ങി. രാധാകൃഷ്ണൻ, ആ വൃദ്ധൻെറ വേഷവും ഭാവവും, നടപ്പും കണ്ടു പൊട്ടിച്ചിരിച്ചു. അയാൾക്കു ചിരിക്കുവാൻ കാരണമുണ്ടായിരുന്നു. തടിച്ചുകൊഴുത്തിരിക്കുന്ന ഗോപിനാഥ്, ഇപ്രകാരമുള്ള ഒരു പടുവൃദ്ധൻെറ വേഷം ചമഞ്ഞതിൽ രാധാകൃഷ്ണനു് അത്ഭുതവും ചിരിയും ഉണ്ടായി. ഇങ്ങനെയുള്ള ആൾമാറാട്ടത്തിൽ ഗോപിനാഥ് ചെറുപ്പത്തിലെതന്നെ അതിസമർത്ഥനായിരുന്നു. പ്രായം കൂടുംതോറും ഗോപിനാഥനു് അതിലുള്ള അഭിനിവേശവും സാമർത്ഥ്യവും കൂടുകയാണു് ചെയ്തിട്ടുള്ളതു്. നാലുനിലകെട്ടിടത്തിൽ നേരിട്ടുചെന്നു കൊലനടന്ന സ്ഥലം കാണണമെന്നു ഗോപിനാഥ് വിചാരിച്ചിരുന്നു. അതിനുവേണ്ടിയാണു് അദ്ദേഹം ഈ വേഷത്തിൽ അങ്ങോട്ടേയ്ക്കു പോകുവാൻ തീർച്ചയാക്കിയതു്. പക്ഷേ ഗോപിനാഥനു് ഈ വൈകിയവേളയിൽ അതു ചെയ്യേണ്ട ആവശ്യമുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിൻെറ ജീവിതം സംശയപ്രായത്തിലാണു് സ്ഥിതി ചെയ്തിരുന്നതു്. മൂന്നു ദിവസത്തെ അവധി, ഏതെങ്കിലും ഒരു തീരുമാനമെടുക്കുന്നതിനായി അദ്ദേഹത്തിനു കിട്ടിയിട്ടുണ്ടു്. അദ്ദേഹം അതു വകവയ്ക്കാതെ ഈ കാര്യത്തിൽ തലയിടുകയാണെങ്കിൽ, അവരുമായി ശത്രുതയിലേർപ്പെടേണ്ടിവരും. ശത്രുക്കളോടു് വിരോധം കാണിക്കുന്നതു് അനാശാസ്യമാണെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. അതിനാൽ വേഷം മാറാതെ പുറത്തെങ്ങും പോകുവാൻ പാടില്ലെന്നു് അദ്ദേഹം നിശ്ചയിച്ചിരുന്നു.

രാധാകൃഷ്ണനും ഗോപിനാഥനും വളരെയധികം ചിന്തിച്ചതിന്റെശേഷമാണു് ആ വേഷം ധരിക്കുവാൻ തീരുമാനിച്ചതു്. ആ വേഷത്തിലല്ലാതെ നാലുനില മാളികയിൽ പ്രവേശിക്കുവാൻ വേറെ മാൎഗ്ഗമുണ്ടായിരുന്നില്ല......................

... ഏകദേശം മൂന്നുനാലു മണിക്കൂറുകൾക്കുശേഷം ഗോപിനാഥൻ പരിശോധന കഴിഞ്ഞു തിരിച്ചെത്തി. മുറിയ്ക്കകത്തു കടന്നു വേഷം മാററി പുറത്തുവന്നതിനുശേഷം പറഞ്ഞു:—

'എല്ലാം പിന്നീടു് പറയാം, രാധാകൃഷ്ണൻ അല്പം ചായയ്ക്കു വേണ്ട ഒരുക്കങ്ങൾ ചെയ്യുക.'

ചായ കുടിച്ചു കഴിഞ്ഞപ്പോൾ രാധാകൃഷ്ണൻ ചോദിച്ചു:— 'മോഹനകുമാറിന്റെ വധത്തെപ്പററി പുതിയതായി വല്ല സൂചനയും ലഭിച്ചുവോ?'

'ഒന്നുമില്ല. എന്നാൽ ഇല്ലെന്നുമില്ല. അതിനെപ്പററിയെല്ലാം ഞാൻ വന്നിട്ടു പറയാം. എനിക്കിപ്പോൾ തന്നെ വെളിയിലേയ്ക്കു് പോകേണ്ടിയിരിക്കുന്നു.'

എന്നു പറഞ്ഞു് ഗോപിനാഥൻ അവിടെനിന്നും ഇറങ്ങിപ്പോയി.

പിന്നീടു് ഗോപിനാഥൻ തിരിച്ചുവന്നപ്പോൾ മണി ഒൻപതു കഴിഞ്ഞിരുന്നു. അത്താഴം കഴിച്ചുശേഷം അവർ പൂമുഖത്തേയ്ക്കു വന്നു. രാധാകൃഷ്ണൻ ചോദിച്ചു:—'പറയാമെന്നു പറഞ്ഞതു പറയൂ.'

ഗോപിനാഥൻ പറയുവാൻ തുടങ്ങി:—'മോഹനകുമാറിന്റെ മരണം 13-ാം നമ്പർ മുറിയിൽവച്ചാണു് നടന്നിരിക്കുന്നതു്. എല്ലാ നിലകളിലും മുമ്മൂന്നു ഫ്ലാററുകളും ഓരോ ഫ്ലാററിലും അഞ്ചു മുറികളും ഉണ്ടു്. മോഹനകുമാർ ഇവിടെ ഒരു പടത്തിൽ അഭിനയിക്കാനാണല്ലോ വന്നതു്. അയാൾ ബംഗാൾ സ്വദേശിയാണു്. ഇവിടെ മൂന്നാഴ്ചത്തെ താമസമേ അയാൾക്കുണ്ടായിരുന്നുള്ളു. കുറച്ചു കാ

ലത്തേയ്ക്കുമാത്രം താമസിയ്ക്കേണ്ടിയിരുന്നതുകൊണ്ട് അത്യാവശ്യം വേണ്ടതിൽ നെല്ലുപോലും കൂടുതൽ വസ്തുക്കൾ അയാളുടെ മുറിയിലില്ല. ഒരു ഭൃത്യൻ, അവനും ബംഗാൾ സ്വദേശിയാണ്. സ്വന്ത ആവശ്യത്തിനുള്ള ഒരു ബെഡ്, രണ്ടു വലിയ സൂട്ടുകേസുകൾ, ചുരുക്കം ചില പുസ്തകങ്ങൾ, പേപ്പർ, സിനിമാമാസികകൾ ഇവയെല്ലാമാണ് അയാളുടെ മുറിയിലുള്ളതു്. ആ ഭൃത്യന്റെ പേരു് ശ്യാമചരണൻ എന്നാണ്. അയാളെപ്പററി അറിഞ്ഞിടത്തോളം സംശയിക്കുവാൻ യാതൊരു കാരണവും കാണുന്നില്ല. എങ്കിലും ചില കാര്യങ്ങൾ അയാൾ മറച്ചുവയ്ക്കുന്നില്ലേ എന്നെനിക്കു സംശയമുണ്ടു്.

ഒരു കാര്യം തീർച്ചയാണ്, അയാൾക്കു് ഈ കൊലപാതകത്തിൽ പങ്കില്ല. ഇതു വാസ്തവംതന്നെയാണ്. എന്നാൽ ചില രഹസ്യങ്ങൾ അയാളുടെ പക്കലുണ്ടെന്നു തോന്നുന്നു. അയാളെ നമുക്കു് ഒന്നുകൂടി കണ്ടു സംസാരിക്കണം. അപ്പോൾ എല്ലാം പുറത്തുചാടിക്കണം. നോക്കു, മിസ്റ്റർ രാധാകൃഷ്ണൻ: നിങ്ങളൊന്നു് ആലോചിച്ചുനോക്കൂ. നാലുനിലകളുള്ള ഒരു കെട്ടിടത്തിന്റെ മൂന്നാം നിലയിലെ ഫ്ലാററുകളിലൊന്നിൽ അതിരാവിലെ ഒരു വാടകക്കാരൻ വരുന്നു. ശത്രുക്കൾക്കു് അപ്പോൾതന്നെ ആ വാർത്ത ലഭിച്ചു. ഇതറിയുവാൻ ശത്രുക്കൾക്കു് ഒരു വിഷമവുമുണ്ടായിട്ടില്ല. കോഴിക്കുഞ്ഞുങ്ങളെ പരുന്തു് നോക്കുന്നതുപോലെ, അയാളുടെ മേൽ അവരുടെ ദൃഷ്ടി എപ്പോഴും പതിഞ്ഞിരുന്നു, ജാലകത്തിൽക്കൂടി നീലനിറത്തിലുള്ള പ്രകാശം കാണിച്ചു് അവർ മുറി അടയാളപ്പെടുത്തുവാൻ വേണ്ട ഏർപ്പാടുചെയ്യുന്നു. രമൺലാലിനു് ഇതെല്ലാം കാണുവാൻ കഴിഞ്ഞിട്ടുണ്ടു്. ഫ്ലാററിലെ പ്രധാന വാതിൽ അകത്തുനിന്നു ബന്ധിച്ചിട്ടുണ്ടായിരുന്നു. കെട്ടിടത്തിൽ വേറെ ആരും പ്രവേശിച്ചിട്ടുമില്ല. ഇതു് ആ ഭൃത്യൻ ദൃഢമായി സമ്മതിക്കുന്നുണ്ടു്. പിന്നെ എങ്ങിനെയാണ് 13–ാം നമ്പർ മുറിയിൽ നീലപ്രകാശം കണ്ടതെന്നു നിങ്ങൾതന്നെ പറയൂ, മി. ശർമ്മ!'

'എനിക്കിതിനെപ്പററി ഒരു ഊഹവും തോന്നുന്നില്ല, ഗോപിനാഥ്. നിങ്ങൾതന്നെ പറയണം.'

'ആദ്യമാദ്യം എനിക്കൊന്നും മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. എന്നാൽ കുറെ നേരത്തെ ആലോചനയുടെ ഫലമായി എല്ലാം എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. മോഹനകുമാർ താമസിച്ചിരുന്ന മുറിയുടെ നേരെ മുകളിലുള്ളത്, നാലാം നിലയിലെ 8-ാം നമ്പർ മുറിയാണ്. വലിയ നിയമതടസ്സമുണ്ടായിരുന്നിട്ടും ഞാൻ അവിടെ പോയി. ഇൻസ്പെക്ടർ രവീന്ദ്രൻ അവിടത്തെ താമസക്കാരെ ചോദ്യം ചെയ്യുകയായിരുന്നു. ആ സമയം ഞാൻ എൻെറ ചാരപ്രവൃത്തിയിൽ മുഴുകി ഇരിക്കുകയായിരുന്നു. ഒരു വൈദ്യുതകമ്പി മേല്ലോട്ട് ആടിക്കൊണ്ടിരിക്കുന്നതു ഞാൻ കണ്ടു. അതിൻെറ കാരണം ആ മുറിയിലെ താമസക്കാരോട് ഞാൻ ചോദിച്ചു. അയാൾക്ക് ഒരു നൂതനഭൃത്യനുണ്ടത്രെ. അയാൾക്ക് രാത്രി വായിക്കാനായിട്ടാണ് ആ സജ്ജീകരണമെല്ലാം. എന്നാൽ ബൾബ് എവിടെയാണെന്നുള്ള ചോദ്യത്തിനു ശരിയായ ഒരു മറുപടി പറയുവാൻ അയാൾക്ക് കഴിഞ്ഞില്ല. ആ ഭൃത്യനെ അന്വേഷിച്ചപ്പോൾ അവൻ, അവൻെറ അമ്മാവൻ മരിച്ചതിനാൽ ആഗസ്റ്റ് 17-ാംനു- രാവിലെ അവൻെറ ഗൃഹത്തിലേയ്ക്കു പോയതായി അയാൾ പറയുകയുമുണ്ടായി. സംഭവം നടന്നതു 16-ാംനു- രാത്രിയും.

'ഇപ്പോൾ നിങ്ങൾക്ക് എല്ലാം മനസ്സിലാകുന്നില്ലേ. ആ പുതിയതായി വന്ന ഭൃത്യൻ ഈ അജ്ഞാത സംഘത്തിലെ ഒരംഗമായിരുന്നു. കൃത്യം നാലുദിവസം മാത്രമേ അവൻ അവിടെ ജോലി ചെയ്തിട്ടുള്ളു. മോഹനകുമാർ 13-ാം നമ്പർ മുറി വാടകയ്ക്കെടുത്തതു് അവൻ അറിഞ്ഞു. ഉടനെ അതിനു നേരെ മുകളിലുള്ള മുറിയിൽ അവൻ ഭൃത്യജോലിയിലേർപ്പെട്ടു. 16-ാംനു- രാത്രി, നീല ബൾബ് മുകളിൽനിന്നും തൂക്കിയിട്ട് മോഹനകുമാറിൻെറ മുറി അവൻ ഘാതകനു കാണിച്ചുകൊടുത്തു. അതിൻെറശേഷം കൊട്ടുകാററുണ്ടായി.'

'കൊട്ടുകാററോ?' രാധാകൃഷ്ണൻ ആശ്ചര്യത്തോടെ ചോദിച്ചു. ഗോപിനാഥ് കുറെ നേരം പൊട്ടിച്ചിരിച്ചശേഷം പറഞ്ഞു:—

‘അതെ, മിസ്റ്റർ. കൊട്ടങ്കാറസ്. രമൺലാൽ ഇതേ നാമത്തിലാണതിനെ വിളിച്ചതു്. കൊട്ടങ്കാറസ് ഏതുതരത്തിലുള്ളതാണെന്നും അതിൻെറ വാസ്തവമെന്തെന്നും ഞാൻ അറിഞ്ഞിട്ടുണ്ടു്.’

രാധാകൃഷ്ണൻ നിശ്ശബ്ദനായി സ്നേഹിതൻെറ പ്രഭാഷണം ശ്രവിച്ചുകൊണ്ടിരിക്കുകയായിരുന്നു. അല്പനേരം നിറുത്തിയിട്ടു് ഗോപിനാഥ് തുടർന്നു—‘മി. രാധാകൃഷ്ണൻ, നിങ്ങളിതെല്ലാം ഗ്രഹിക്കുമ്പോൾ അതിശയിക്കാതിരിക്കുകയില്ല. മോഹനകുമാറിനെ വധിച്ചതു കേവലം ‘ഇരുകാലിമൃഗ’മായ മനുഷ്യനല്ല. എന്തുകൊണ്ടെന്നാൽ, കേവലം ഒരു ജനലൊഴിച്ചു ബാക്കിയുള്ള വാതായനങ്ങളെല്ലാം അടച്ചിട്ടാണയാൾ ഉറങ്ങുവാൻ കിടന്നതു്. ‘കൊട്ടങ്കാറസ്’ മൂലമാണു് അയാൾ മരിച്ചിരിക്കുന്നതു്.’

‘നിങ്ങൾ പറയുന്നതെനിക്കു മനസ്സിലാകുന്നില്ല, ഗോപിനാഥ്, തെളിച്ചു പറയൂ.’

കൊട്ടങ്കാറസ് എന്നുവച്ചാൽ കൊട്ടങ്കാറസുതന്നെ. ഏതൊരു ജീവിക്കാണു് അതിനെ കാണുവാൻ കഴിയുന്നതു്?’ ഇപ്രകാരം പറഞ്ഞശേഷം ഗോപിനാഥ് കീശയിൽനിന്നും ഒരു പക്ഷിയുടെ തൂവലെടുത്തു പുറത്തുവച്ചു. അതു കയ്യിൽപിടിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു. ‘ഈ ചിറകുള്ള പക്ഷിതന്നെയാണു് മോഹനകുമാറിനെ വധിച്ചതു്. അയാളുടെ കട്ടിലിൽനിന്നും വളരെ പ്രയത്നിച്ചതിൻെറ ഫലമായി ഇതു് എനിക്കു കണ്ടുപിടിക്കുവാൻ കഴിഞ്ഞു. പിന്നീടു് അവിടെനിന്നു തിരിച്ചുവരുന്ന വഴി ഞാൻ എൻെറ ഒരു സ്നേഹിതനെ സന്ദർശിച്ചു. അദ്ദേഹം ഒരു ജന്തുശാസ്ത്രജ്ഞനാണു്. മി. രാധാകൃഷ്ണൻ, നിങ്ങൾ കേട്ടുകാണും, ഡോക്ടർ ദാദയെ. അദ്ദേഹം എൻെറ സ്നേഹിതനാണു്. ഈ തൂവൽ കാണിച്ചപ്പോൾ അദ്ദേഹം പറയുകയുണ്ടായി, ഇതു് ‘വവ്വാൽ’വർഗ്ഗത്തിൽപെട്ട ഒരു പക്ഷിയുടേതാണെന്നു്. അതുകൊണ്ടു മോഹനകുമാറിൻെറ മരണം രക്തം കുടിക്കുന്ന ഏതോ ഒരുതരം പക്ഷിയുടെ കൈകൊണ്ടാണെന്നനുമാനിക്കാം. അതുകൊണ്ടാണു് അയാളുടെ ശരീരം വിളറി, രക്തരഹിതമായി കാണപ്പെട്ടതു്. അയാളെ വധിച്ച ഘാതകൻ, ചിറകുള്ള

ഒരു ജീവിയായിരുന്നു. ജനൽവഴി അകത്തുകടക്കുവാനതിനു പ്രയാസമുണ്ടായിരുന്നില്ല.

'ആ പക്ഷിയും മോഹനകുമാറും തമ്മിൽ പിടിയും വലിയും നടന്നിരിക്കും. അപ്പോൾ അതിന്റെ ചിറകിൽനിന്നു വിട്ടുപോയതായിരിക്കണം ഈ തൂവൽ.'

സന്തോഷാധിക്യത്താൽ രാധാകൃഷ്ണൻ കുതിച്ചുചാടിയിട്ടു പറഞ്ഞു:—'ബലേ ഭേഷ്, ഗോപിനാഥ്! നിങ്ങൾ അസാമാന്യ സമർത്ഥൻതന്നെ, സംശയമില്ല. എന്തെല്ലാം കണ്ടുപിടിച്ചിരിക്കുന്നു. ഇനിയും രഹസ്യങ്ങൾ അറിഞ്ഞുകാണുമല്ലൊ?'

'നിങ്ങൾ മാത്രമല്ല, മോഹനകുമാറിന്റെ പ്രേതംപോലും എനിക്കു 'ബലേ ഭേഷ്' തരാതിരിക്കയില്ലെന്നു എനിക്കു് നല്ലതുപോലെ അറിയാം.'

ആ സമയത്തു് വെളിയിൽ ഒരു ഭയങ്കരദീനരോദനം കേട്ടു. വധോദ്യമത്തെ ഭയന്നു കരയുന്ന കണ്ഠത്തോടുകൂടി ആരൊ ആർത്തനാദം മുഴക്കിയതുപോലെയും ആരൊ നിലംപതിക്കുന്നതുപോലെയും ശബ്ദമുണ്ടായി.

'ഇതെന്തു്? ഗോപിനാഥ്! ഇതെന്താണു് കേൾക്കുന്നതു്?' ഇത്രയും പറഞ്ഞിട്ടു് രാധാകൃഷ്ണൻ വെളിയിലേക്കു പോകുവാനൊരുമ്പെട്ടു. പക്ഷെ, ഗോപിനാഥ് അയാളെ തടഞ്ഞുനിർത്തിയിട്ടു പറഞ്ഞു:—'ഓ... നിങ്ങൾ എന്തുചെയ്യാനാണു് ഒരുമ്പെടുന്നതു്? സമാധാനപൂർവ്വം പോകുകയാണെങ്കിൽ എല്ലാം ശരിക്കുനടക്കും.'

ഗോപിനാഥ് ഉറക്കെ ചിരിച്ചു. അതുകേട്ടു് രാധാകൃഷ്ണൻ അമ്പരന്നു നിന്നുപോയി. അയാൾ വിചാരിച്ചു: 'ഗോപിനാഥിനു് തീർച്ചയായും ഭ്രാന്തുപിടിച്ചു. അല്ലെങ്കിൽ അയാളെന്താണു് നിർവ്വികാരനായി ഈ പുലമ്പുന്നതു്?'

ആ ശബ്ദം പുറപ്പെട്ട് അല്പസമയം കഴിഞ്ഞപ്പോൾ അടുത്ത മുറിയിൽനിന്നും പ്രാണഭയത്തോടുകൂടി ഓടിവരുന്നതുപോലെ അവരുടെ ഭൃത്യൻ ഗോപാലൻ ഓടിവന്നു.

'സാറെ, സാറെ ആരാണ് നിലവിളിച്ചതു്?'

പ്രകാശത്തിനായി ഒരു ടോർച്ചും തെളിച്ചുകൊണ്ടു ഗോപിനാഥ് വാതിൽതുറന്നു് അടുത്ത മുറിയിലേയ്ക്കു കടന്നുപോയി. ടോർച്ചിന്റെ വെളിച്ചത്തിൽ ഒരു ബലിഷ്ഠഗാത്രൻ സുബോധമില്ലാതെ കിടക്കുന്നതാണ് അവർ കണ്ടതു്.

Very very bad book

# 6

# അർദ്ധരാത്രിയിലെ വിരുന്നുകാരൻ

സംഗതി ഇത്രമാത്രം ഗൌരവമേറിയതാണെന്നു് ഗോപിനാഥ് സ്വപ്നേപി വിചാരിച്ചിരുന്നില്ല.

ഗോപിനാഥൻ, മോഹനകുമാറിനെപ്പററി പറഞ്ഞതു് ഒരു പക്ഷെ അയാളുടെ വെറും സങ്കല്പം മാത്രമായിരിക്കാമെന്നു് രാധാകൃഷ്ണനു തോന്നാതിരുന്നില്ല. മുറിയിലെ വൈദ്യുതിദീപം തെളിച്ചതോടുകൂടി എല്ലാം വെളിവായി. മോഹനകുമാറിന്റെ വിഗ്രഹം, ഒരു മേശയ്ക്കു സമീപം ഗോപിനാഥൻ ചാരിനിർത്തിയിരുന്നു. ആരെയോ അടിക്കാനെന്ന ഭാവത്തിൽ ആ രൂപം തടിച്ച ഒരു ദണ്ഡു് ഓങ്ങിപ്പിടിച്ചുകൊണ്ടാണു് നിന്നിരുന്നതു്. കണ്ണുകളും മുഖമാസകലവും ചുമന്നതും സകല അംഗങ്ങളും ക്ഷതമേററു്, അതിൽനിന്നു രക്തം പുറപ്പെടുന്ന മാതിരിയും വളരെ വിചിത്രകരമായ രീതിയിലാണു് അതു നിർമ്മിച്ചിരുന്നതു്. ഭയാനകവും ബീഭത്സവുമായിരുന്നു അതു്. അതു കണ്ടപ്പോൾ രാധാകൃഷ്ണൻ പറഞ്ഞു:— 'ഇതിന്റെ പിന്നിൽ നിങ്ങളുടെ കൈകളാണുള്ളതെന്നു് എനിക്കറിയാം, ഗോപിനാഥ്. എങ്കിലും മുറിയുടെ വാതിൽ അടഞ്ഞാണല്ലോ ഇരുന്നിരുന്നതു്. അതു തുറന്നതാരാണു്? അതു കൂടാതെ ആ മെഴുകുതിരി കത്തിച്ചതാരാണെന്നും പറയുക. മോഹനകുമാറിന്റെ ഈ പൈശാചിക ദേഹം എപ്പോൾ പ്രകടമായി?'

'രാധാകൃഷ്ണൻ, നിങ്ങൾ കേവലം പുറമെയുള്ള രൂപം മാത്രമെ കണ്ടിരുന്നുള്ളു. അകത്തെന്തായിരുന്നുവെന്നു നോക്കിയില്ല. ഈ ശരീരം നിർമ്മിച്ചതിനുശേഷം ഞാൻ സ്വന്തം കൈകൾകൊ

ണ്ടുതന്നെ 'വൈദ്യുതി'ക്കുവേണ്ട ഏർപ്പാടുകൾ ചെയ്തു. ഇതെല്ലാം നിങ്ങൾക്കറിയാവുന്നതാണ്. എന്നാൽ ഞാൻ, എൻെറ മേശയുടെ അടിയിൽ ശരിക്കു പാദത്തിൻെറ സമീപത്തു് ഒരു ബട്ടൺ ഘടിപ്പിച്ചിരുന്നതു് നിങ്ങൾ കണ്ടിരിക്കുവാനിടയില്ല.

'നിങ്ങളോടു് മോഹനകുമാറിനെപ്പററി സംസാരിച്ചപ്പോൾ ആ അജ്ഞാതസംഘത്തിലെ അംഗത്തിലാരെങ്കിലും നമ്മുടെ സംഭാഷണം ശ്രവിക്കുവാൻ വരുമെന്നു് ഞാൻ നേരത്തെ നിങ്ങളോടു പറഞ്ഞിരുന്നില്ലേ? ഈ അവസരം വൃഥാ പാഴാക്കിക്കളഞ്ഞുകൂടെന്നു ഞാനും നിശ്ചയിച്ചു. അന്നു് എനിക്കു് ഫോണിലൂടെ മുന്നറിവുതന്ന ദിവസം മുതല്ക്കുതന്നെ എൻെറമേൽ അവരുടെ കണ്ണുണ്ടായിരുന്നു. ഞാൻ നിങ്ങളോടു സംസാരിച്ചുകൊണ്ടിരുന്ന അവസരത്തിൽ ആരോ നമ്മുടെ സംഭാഷണം ശ്രദ്ധിക്കുന്നുണ്ടെന്നു് എനിക്കുറപ്പായി. വളരെ സമയത്തെ ആലോചനയ്ക്കു ശേഷമാണു് ഞാൻ എൻെറ പാദംകൊണ്ടു് ബട്ടൺ അമർത്തിയതു്. ബട്ടൺ അമർത്തിയാലുടനെ ഒരു നേരിയ നീലപ്രകാശമുണ്ടാകുന്നതിനും മുറിയുടെ വാതിൽ താനെ തുറക്കുന്നതിനും വേണ്ട വ്യവസ്ഥകൾ ഞാൻ വൈദ്യുതകമ്പി മുഖേന ചെയ്തിട്ടുണ്ടായിരുന്നു.

'അവസാനം ഞാൻ ബട്ടൺ അമർത്തി. ഉടനെ ആ മുറിക്കകത്തു മറഞ്ഞുനിന്നു് നമ്മുടെ സംസാരം ശ്രവിച്ചുകൊണ്ടു നിന്ന അവൻ തൻെറ അടുത്ത മുറിയുടെ വാതിൽ സാവധാനത്തിൽ തുറക്കപ്പെടുന്നതും മോഹനകുമാറിൻെറ മുറിവേററ ഭയങ്കരശരീരം പ്രത്യക്ഷീഭവിച്ചതും കണ്ടു. മി. രാധാകൃഷ്ണൻ, ഇതു നല്ല ധൈര്യശാലികളെക്കൂടി പരിഭ്രമിപ്പിക്കുവാൻ പര്യാപ്തമായിരുന്നു. 8-ാംനമ്പ്ര് മുറിയിലെ, ഏതൊരു ഭൃത്യനാണൊ, ആ അജ്ഞാത സംഘത്തിനു് രാത്രി നീലപ്രകാശത്താൽ സങ്കേതം കാണിച്ചുകൊടുത്തതു്—അയാൾ—നമ്മുടെ സംഭാഷണം ശ്രവിച്ചവൻ—മോഹനകുമാറിൻെറ മുറിവേററ ശരീരം—അതെ, ഈ പ്രേതം തന്നെ തുറിച്ചുനോക്കുന്നതു കണ്ടപ്പോൾ ഭയവിഹ്വലനായി നില

വിളിച്ചുകൊണ്ടു താഴെ പതിച്ചു. നമ്മൾ കേട്ട ആ ശബ്ദം ഇപ്പോൾ എങ്ങനെ പുറപ്പെട്ടുവെന്നു മനസ്സിലായില്ലേ?'

'അതെ, നല്ലതുപോലെ മനസ്സിലാകുന്നുണ്ടു്. എങ്കിലും പോലീസിനെ ഏല്പിക്കാതെ ഇവനെ ഇവിടെ താമസിപ്പിക്കുന്നതെന്തിനാണു്?'

'അതിനും ചില ഉദ്ദേശങ്ങളെല്ലാം ഉണ്ടു്. ക്രമേണ എല്ലാം നിങ്ങൾക്കു ഗ്രഹിക്കാറാൻ കഴിയും.'

'ഉവ്വു്, അതെനിക്കു് അറിയാം. നിങ്ങൾ ഇതിനെ പാറാവുകാക്കുന്നില്ലല്ലോ. എന്നാലും നിങ്ങളുടെ ഉദ്ദേശം എന്താണു്? ഇന്നലെ രാത്രി പാറാവുകാത്ത ആളെപ്പററി ഇപ്പോളോർമ്മ വരുന്നു. അർദ്ധരാത്രിയിൽ എങ്ങോട്ടു പോയിട്ടാണു് സ്റ്റേഷനിലെ പോലീസുകാരുടെ സഹായം വിലയ്ക്കു വാങ്ങിക്കുന്നതു്. അതുകൊണ്ടു് രാത്രി മുഴുവനും അയാളെ കാത്തുകൊണ്ടിരുന്നു. എന്നാൽ പകൽ—ഇപ്പോൾ മദ്ധ്യാഹ്നം ആകാറായല്ലോ—ഇവിടെ, സൂക്ഷിച്ചു താമസിപ്പിക്കുന്നതുകൊണ്ടു് എന്തു ലാഭമാണു് കിട്ടുന്നതു്? ഗുണ്ടാകളെയും തെമ്മാടികളെയും വീട്ടിൽ സൂക്ഷിച്ചുവയ്ക്കുന്നതുകൊണ്ടു് ആപത്തു വലിച്ചുവയ്ക്കുക എന്നതേ തരപ്പെടുകയുള്ളു. അവൻ എന്തെല്ലാം ചെയ്യുമെന്നും, എപ്പോൾ ഒളിച്ചോടുമെന്നും ആർക്കറിയാം?'

ഒരു ചെറിയ പുഞ്ചിരി ഗോപിനാഥിൻെറ ചുണ്ടിൽ വിടർന്നു. അദ്ദേഹം പറഞ്ഞു:—'മി. ശർമ്മ! എല്ലാം എനിക്കറിയാം. എന്നാൽ മറെറാരു വഴിയുമില്ല. ഞാൻ എല്ലാം മുൻകൂട്ടി ആലോചിച്ചുതന്നെയാണു് പ്രവർത്തിച്ചിരിക്കുന്നതു്. അതു് നിങ്ങൾക്കു് അവസാനം മനസ്സിലാക്കുവാൻ സാധിക്കും. ആദ്യം തീനും കുടിയും അവസാനിപ്പിക്കുക. അതിനുശേഷം മുഴുവനും പറയാം. ഇപ്പോൾ ഇത്രമാത്രം കേൾക്കുക. മോഹനകുമാറിൻെറ കൊലയാളി മി. രമൺലാലിനെ അപഹരിച്ചുകൊണ്ടു പോയിരിക്കുകയാണു്. ഇന്നുവരെയും എനിക്കദ്ദേഹത്തിൻെറ യാതൊരു വിവ

രവും കിട്ടിയിട്ടില്ല. അദ്ദേഹത്തെ തിരഞ്ഞു കണ്ടുപിടിക്കുന്നതിനു് ഇതു തടവുകാരനാണു് ഏക ആശ്രയം.'

'നിങ്ങൾ എന്താണു് പറയുന്നതു്?' രാധാകൃഷ്ണന്റെ മുഖത്തു് അവിശ്വാസം നിഴലിച്ചു.

'നിങ്ങൾ ചിരിക്കുകയാണു്. പക്ഷെ കാര്യങ്ങൾ മനസ്സിലാക്കിയാൽ ഇപ്രകാരം ചിരിക്കുകയില്ല. ജാഗ്രതയോടുകൂടി ഇരിക്കണം. അക്കാര്യം ഉപേക്ഷിച്ചേക്കു പിന്നെ, ആ ഇരുമ്പു ഉടുപ്പുകൾ എടുത്തു പുറത്തുവച്ചേക്കു. ഇന്നു അതു നമുക്കു് ആവശ്യമായിരിക്കും. ഇപ്പോൾ ഊണിന്നുശേഷം വിശ്രമിക്കാം. ഇന്നു് ഇവിടെ വലിയ വലിയ സ്നേഹിതന്മാർ വരും. അവരെ സ്വാഗതം ചെയ്യാനും വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടിയിരിക്കുന്നു!' ഗോപിനാഥു് അവസാനിപ്പിച്ചു.

'കൊള്ളാം. നിങ്ങൾ എന്തെല്ലാമോ പറയുന്നു. എന്റെ പൊന്നുസ്നേഹിതാ! എനിക്കൊന്നും മനസ്സിലാകുന്നില്ല. ആകട്ടെ. പറയുന്നതുപോലെ എല്ലാം ഞാൻ പ്രവൎത്തിച്ചേക്കാം.'

'അതെ, എന്തെല്ലാം വിചിത്രമായ കാര്യങ്ങൾ ലോകത്തിൽ നടക്കുന്നുണ്ടെന്നറിയാമോ? ഞാനിപ്പോൾ ഉറങ്ങുവാൻ പോകുന്നു. വൈകുന്നേരം നാലുമണിക്കു് എന്നെ വിളിച്ചേക്കണം.' ഗോപിനാഥു് ഉറക്കറയിലേയ്ക്കു പോയി.

# 7

# മരിക്കാത്ത മനുഷ്യർ

മണി പത്താകുന്നതിനു മുമ്പുതന്നെ പട്ടണം നിശ്ശബ്ദതയിലാണ്ടു. തെരുവു വിളക്കുകൾ രാത്രിയുടെ ഭീകരതയെ ചോദ്യം ചെയ്തുകൊണ്ടു മങ്ങിമങ്ങി പ്രകാശിക്കുന്നുണ്ട്. ഡിറ്റക്ടീവു ഗോപിനാഥന്റെ ഗൃഹവും സുഷുപ്തിയിലാണ്ടു കഴിഞ്ഞു.

സമയം പെട്ടെന്നു പൊയ്ക്കൊണ്ടിരുന്നു. കുറെയധികം നേരം കഴിഞ്ഞപ്പോൾ ക്ലോക്ക്ടവ്വറിലെ നാഴികമണി പന്ത്രണ്ടു പ്രാവശ്യം അടിച്ചു സമയം അറിയിച്ചു. എങ്ങും പരിപൂർണ്ണ നിശ്ശബ്ദത.

അന്ന് അത്യധികമായ ഉഷ്ണമുണ്ടായിരുന്നു. ഗോപിനാഥന്റെ ഭൃത്യനായ ഗോപാലൻ ഉഷ്ണംനിമിത്തം പതിവുപോലെ വരാന്തയിലാണ് കിടന്നിരുന്നത്. ഉഷ്ണം കൂടുതലുള്ള ദിവസങ്ങളിൽ പുറത്തു കിടക്കുന്നതു സുഖമാണല്ലോ

എന്നാൽ, അധികം നേരം അങ്ങനെ കിടക്കുവാൻ കഴിഞ്ഞില്ല. അവന്റെ ഉറക്കത്തിന് എന്തോ കാരണംമൂലം വിഘാതം സംഭവിച്ചു. കണ്ണു തുറന്നു നോക്കിയപ്പോൾ കണ്ട കാഴ്ച അവനെ അത്യധികം ഭയചകിതനാക്കി. അവൻ കണ്ടതും ആരും കണ്ടാൽ ഭയപ്പെടുന്ന ആകൃതിയോടുകൂടിയ ഒരു മനുഷ്യൻ നീട്ടിപ്പിടിച്ച കൈത്തോക്കുമായി തനിക്ക് എതിരെ നില്ക്കുന്നതാണ്. അവൻ ഭയപ്പെട്ടു വിറച്ചു. ആ സത്വം അവനെ നോക്കി കക്ശസ്വരത്തിൽ ആജ്ഞാപിച്ചു:—'ശബ്ദിച്ചു പോകരുത്! എന്തെങ്കിലും ശബ്ദിച്ചാൽ നിങ്ങളുടെ ജീവൻ പോകും.

പറയൂ, ഞങ്ങളുടെ സംഘാംഗം—നിങ്ങൾ പിടിച്ചു മറച്ചുവച്ചിരിക്കുന്ന ആൾ—എവിടെയാണു്?'

ആ മനുഷ്യൻ ഗോപാലനിൽനിന്നും മൂന്നുനാലടി അകലെയാണു് നിന്നിരുന്നതു്. മരണത്തിൻെറ ഗഹ്വരത്തിലാണു് തൻെറ സ്ഥിതി എന്നു്, ആ ഭൃത്യനു മനസ്സിലായി. അവൻ യാതൊന്നും ശബ്ദിച്ചില്ല.

കുറച്ചുസമയത്തേക്കു് എല്ലാം നിശ്ശബ്ദമായിരുന്നു. എങ്കിലും അടുത്ത നിമിഷത്തിൽ ശബ്ദം കേൾക്കുവാൻ തുടങ്ങി, ഗോപാലൻ തലയുയർത്തി നോക്കി. മൂന്നാലുപേർ നീളമുള്ള ഏതൊ സാധനം തോളിൽ വഹിച്ചുകൊണ്ടു പോകുന്നതാണു് അവൻെറ ദൃഷ്ടിയിൽ പെട്ടതു്. അവർ തൻെറ യജമാനൻ പിടിച്ചുവച്ചിരുന്ന ആളെ കൊണ്ടുപോകുകയാണെന്നു ഗോപാലനു മനസ്സിലായി. അവനിപ്രകാരം ചിന്തിച്ചു:—'ഇവർ ഇവിടെ വന്നതു് ഇതിനായിരിക്കണം, അവർ വന്ന കാര്യം സാധിച്ചു കഴിഞ്ഞല്ലോ. പിന്നീടു് എന്നെ ഇവിടെ കാത്തുകൊണ്ടിരിക്കുന്നതിൻെറ കാരണമെന്തായിരിക്കാം?'

ഗോപാലൻെറ മനസ്സിലുണ്ടായിരുന്ന അധൈര്യം അയാളുടെ മുഖഭാവത്തിലും പ്രത്യക്ഷമായിരുന്നു. ആഗതൻ പിന്നെയും അയാളെ ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു.—'ഒരക്ഷരം മിണ്ടിപ്പോകരുതു്. ഈ തോക്കിനു വെറുതെ ഇരയാവുന്നതെന്തിനാണു്?'

ആ ഭൃത്യൻ അയാളുടെ ആജ്ഞയ്ക്കു കീഴ്വഴങ്ങി ശവശരീരംപോലെ കിടന്നു. പെട്ടെന്നു രണ്ടുപേർ ഗോപിനാഥനും രാധാകൃഷ്ണനും ശയിച്ചിരുന്ന മുറിയുടെ നേരെ നടന്നു്, അവിടെ നില്ക്കുന്നതു്, ഗോപാലൻ കണ്ടു. അവർ എന്തോ അന്യോന്യം മന്ത്രിച്ചശേഷം ഓരോ ജാലകത്തിൻെറയും സമീപം ഓരോരുത്തർ നില്പായി. ഗോപാലൻെറ ഹൃദയം ശക്തിയായി തുടിക്കുവാൻ തുടങ്ങി.

അവർ രണ്ടുപേരുടെയും കൈയ്യിൽ റിവോൾവർ ഉണ്ടായിരുന്നു. ഗോപാലനു ശബ്ദിക്കുവാൻ കഴിഞ്ഞില്ല. അവൻ ശബ്ദി

ക്കാനായി ചുണ്ടനക്കിയെങ്കിലും ആ റിവോൾവർ, അവനെ ആ ഉദ്യമത്തിൽനിന്നും വിരമിപ്പിച്ചു.

'ഠേ, ഠേ' എന്ന രണ്ടു വെടി പൊട്ടുന്ന ശബ്ദം അവൻെറ ചെവിയിൽ വന്നലച്ചു. അവൻ ഭയപ്പെട്ടു കണ്ണുമടച്ചു കിടന്നു. വീണ്ടും കണ്ണുതുറന്നു നോക്കിയപ്പോൾ ആരെയും കാണ്മാനുണ്ടായിരുന്നില്ല. അവൻ പോകുന്നതിനു മുമ്പു ഫോണിലൂടെ ഇപ്രകാരം പോലീസ്സ്റ്റേഷനിലറിയിച്ചിട്ടാണ് പോയതു്—

'ഡിററക്ടീവ് ഗോപിനാഥിൻെറ ഗൃഹത്തിൽ കൂട്ടക്കൊല നടന്നിരിക്കുന്നു. ഉടനെ ഇങ്ങോട്ടു വരണം.'

ഘാതകന്മാർ ഇതിനകം രക്ഷപ്രാപിച്ചുകഴിഞ്ഞിരുന്നു. ഗോപാലനു സ്വബോധം വന്നപ്പോൾ, അവിടെ എത്തിയ പോലീസുകാരെയാണു് കണ്ടതു്. ഇൻസ്പെക്ടർ രവീന്ദ്രൻെറ നോട്ടം ആ സാധുവിനെ കിടുകിടെ വിറപ്പിച്ചു. തൻെറ അനുയായികളോടു് എന്തൊ ആജ്ഞാപിച്ചശേഷം, ഗോപിനാഥൻെറ മുറിയിലേക്കു ചെന്നു. മുറിക്കകത്തു വിളക്കു പ്രകാശിച്ചിരുന്നു മുറിയുടെ വാതിൽ പുറത്തുനിന്നും ബന്ധിച്ചിട്ടുണ്ടായിരുന്നു. ഇൻസ്പെക്ടർ വാതിൽ തുറന്നു് അകത്തു പ്രവേശിച്ചു. അകത്തു കടന്ന ഇൻസ്പെക്ടർ രവീന്ദ്രൻ ദുഃഖത്തോടുകൂടി അവിടെത്തന്നെ നിന്നുപോയി. അപ്പോഴേയ്ക്കും കമ്മീഷണരും സ്ഥലത്തെത്തിച്ചേർന്നു. എല്ലാവരും പരിഭ്രാന്തരായിത്തീർന്നിരുന്നു. ഡിററക്ടീവ് ഗോപിനാഥനെയും അദ്ദേഹത്തിൻെറ സഹചാരി രാധാകൃഷ്ണനെയും ആരാണ് വധിച്ചതു്? ഈ സംഭവം അവർക്കു വലിയ ദുഃഖത്തിനു കാരണമാക്കി.

ഗോപിനാഥനും, രാധാകൃഷ്ണനും, ജനലിനെതിരെ, മുഖം തിരിച്ചാണ് കട്ടിലിൽ കിടന്നിരുന്നതു്. മുന്നോട്ടു നടന്നുചെന്നിട്ടു കമ്മീഷണർ ഗോപിനാഥൻെറ മുഖം വെളിച്ചത്തേയ്ക്കു തിരിച്ചു.

'ഇൻസ്പെക്ടർ! ഇതു് എന്താണ്? ഇതു കണ്ടില്ലേ. മരിക്കാത്ത മനുഷ്യൻ' കമ്മീഷണർ ആശ്ചര്യത്തോടുകൂടി പറഞ്ഞു.

അതു ശരിയായിരുന്നു. അതിനു മറുപടിയായി പുഞ്ചിരിച്ചുകൊണ്ടു ഗോപിനാഥ് പറഞ്ഞു:—

'ശരിയാണ്; കമ്മീഷണർ! യഥാർത്ഥത്തിൽ ഞങ്ങൾ രണ്ടുപേരും മരിക്കാത്ത മനുഷ്യരാണ്. ഇങ്ങനെ സംഭവിക്കുമെന്ന് എനിക്കു നേരത്തെ അറിയാമായിരുന്നു. ഞാൻ ഇവിടെ ബന്ധിച്ചുവച്ചിരുന്ന ഒരുവനെ പിടിച്ചുകൊണ്ടു പോകുവാനായി ആ അജ്ഞാതരായ ആളുകൾ ഇവിടെ വരുമെന്ന് എനിക്കറിയാമായിരുന്നു. അതിനായിട്ട് അവർ എന്റെ ഊഹംപോലെ പരിശ്രമിക്കുകയും ചെയ്തു.'

ഇൻസ്പെക്ടർ രവീന്ദ്രൻ അത്ഭുതപരതന്ത്രനായി പറഞ്ഞു:— 'ഹാ, നിങ്ങൾ രക്ഷപ്പെട്ടുവല്ലൊ! പക്ഷെ അവർ നിങ്ങൾ പറഞ്ഞ മനുഷ്യനെ കൊണ്ടുപോയൊ?'

ഗോപിനാഥന്റെ മുഖത്തു വീണ്ടും മന്ദഹാസം ഉദിച്ചു. അദ്ദേഹം പറഞ്ഞു:—'അവർ കൊണ്ടുപോയിട്ടുണ്ട്; പക്ഷെ അവക്കു വഴിയൊരമളിയാണ് പററിയിരിക്കുന്നതു്. ആ മനുഷ്യനെ ഞങ്ങൾ ബന്ധിച്ചിരിക്കുന്നതു് ഇതിനു കിഴക്കുവശത്തുള്ള മുറിയിലാണ്. ഞങ്ങൾ എത്ര പരിശ്രമിച്ചിട്ടും അവൻ ഒന്നും പറയുകയുണ്ടായില്ല. അതിനാലവനെ ഞങ്ങൾ ആ മുറിയിൽ കൊണ്ടുപോയി ഇട്ടു. ഇപ്പോളവൻ അവിടെ സുഖമായി കിടന്നുറങ്ങുന്നുണ്ടു്. ഒരു മരുന്നിന്റെ കത്തിവയ്പു നിമിത്തം അവൻ ബോധഹീനനായി കിടന്നുറങ്ങുകയായിരിക്കണം. അവക്കു കൊണ്ടുപോകാൻ കഴിഞ്ഞതു് ഒരു ശവശരീരത്തെയാണ്. കുറെ രൂപ കൊടുത്തു് ആസ്പത്രിയിൽനിന്നും ഒരു മൃതശരീരത്തിനെപ്പാടുചെയ്തു. ആ ശവത്തെ അവർ ചുമന്നുകൊണ്ടു പോകയും ചെയ്തു.'

'ആശ്ചര്യം' എന്നു മാത്രമെ കമ്മീഷണക്കു പറയുവാൻ കഴിഞ്ഞുള്ളു.

ഗോപിനാഥ് തുടൎന്നു:—

'ആ കൃത്രിമമനുഷ്യനെ അവർ അവിടെ എത്തിയതിനുശേഷമേ കാണു. അവക്കു പററിയ മണ്ടത്തം അവർ മനസ്സിലാക്കട്ടെ. ഈ പ്രാവശ്യം ഞങ്ങൾക്കുതന്നെയാണ് ജയം സിദ്ധിച്ചിരിക്കുന്നതു്. ഗോപാലനെ അവർ വളരെ വിഷമിപ്പിച്ചു കാണും.'

ഇൻസ്പെക്ടർ രവീന്ദ്രൻ പറഞ്ഞു:—

'പക്ഷെ, ഗോപിനാഥ്! ഞാൻ നിങ്ങളിങ്ങനെ ചെയ്യുമെന്നു വിചാരിച്ചിരുന്നില്ല. നിങ്ങൾ നാടകാഭിനയം തുടങ്ങിയതെന്തിനാണ്? അവരെ എങ്ങിനെയെങ്കിലും പിടിച്ച് ജയിലിലിടണമെന്നാണ് ഞാൻ വിചാരിച്ചിരുന്നതു്. പക്ഷെ നിങ്ങൾ, എൻെറ പ്ലാനെല്ലാം അപ്പാടെ തെററിച്ചുകളയുകയാണ് ചെയ്തിരിക്കുന്നതു്. ഈ പ്രാവശ്യം നിങ്ങൾ നേരത്തെ അറിവുതന്നിരുന്നെങ്കിൽ അവരെ എല്ലാവരെയും പിടിച്ചു ബന്ധിക്കാമായിരുന്നു.'

'പിന്നെയും പലതും സാധിക്കുമായിരുന്നു. ഇൻസ്പെക്ടർ രവീന്ദ്രൻ!' ഗോപിനാഥ് പറഞ്ഞു.

'നിങ്ങൾക്കതുകൊണ്ട് എന്തു ലാഭമാണുണ്ടാകുവാൻ പോകുന്നതു്? ആ സംഘം മുഴുവനുമൊ, അതിൻെറ നേതാവിനെത്തന്നെയൊ നിങ്ങൾ പിടിച്ചുവെന്നു വിചാരിക്കുക. പക്ഷെ രവീന്ദ്രൻ, അതുകൊണ്ടെന്തു ഫലമാണ് നിങ്ങൾക്കുള്ളതു്? യാതൊന്നും ലഭിക്കുവാൻ പോകുന്നില്ല. ഒരുപക്ഷെ ആ നേതാവിൻെറ മേൽവിലാസം നിങ്ങൾക്കു കിട്ടുകയാണെങ്കിൽ തന്നെയും അതുകൊണ്ടു നിങ്ങൾക്ക് ഒന്നും ലഭിക്കുവാൻ പോകുന്നില്ല.

'നിങ്ങൾക്ക് എന്തു ലാഭമാണുണ്ടാകുവാൻ പോകുന്നതു്: ഇപ്പോൾ വെളിവാക്കിയാൽ? ഈ അവസ്ഥയിൽ രമൺലാൽ വളരെ വിഷമിച്ചാണ് കഴിഞ്ഞുകൂടുന്നതു്. നിങ്ങൾ നേതാവിനെ പിടിച്ചാൽ അയാളുടെ അനുയായികൾ ആ രഹസ്യപ്പോലീസുദ്യോഗസ്ഥനെ ഉടനെതന്നെ വധിക്കും. അതുകൊണ്ടു മത്സ്യത്തെ പിടിക്കണമെങ്കിൽ നീളമുള്ള ചരട് ഇട്ടു് കുറെനേരം കാത്തുകൊണ്ട് ഇരിയ്ക്കേണ്ടി വന്നേയ്ക്കാം.

'ആകട്ടെ ഗോപിനാഥ്, താങ്കൾ വെടിയുണ്ടയിൽനിന്നു രക്ഷപ്പെട്ടതെങ്ങിനെയാണ്?' കമ്മീഷണർ ചോദിച്ചു.

ഗോപിനാഥ് പൊട്ടിച്ചിരിച്ചു. 'അതൊ, നോക്കു.' അദ്ദേഹം പുറത്തെ ഷർട്ട് ഊരി. അകത്തെ ഇരുമ്പുടുപ്പുകൾ എല്ലാവർക്കും ദൃശ്യമായി.

'ഞാനും രാധാകൃഷ്ണനും ഇതേ പ്രകാരത്തിലുള്ള ഉടുപ്പുകൾ അണിഞ്ഞാണുറങ്ങുവാൻ കിടന്നത്. ഇന്നു ഘാതകന്മാർ വരുമെന്നും അവർ ഞങ്ങളെ വധിക്കുവാൻ ശ്രമിക്കാതിരിക്കുകയില്ലെന്നും ഞാൻ നേരത്തെ ഊഹിച്ചു. അതുകൊണ്ടു ഞങ്ങളിരുവരും വേണ്ട കരുതലോടുകൂടിതന്നെ ഇരുന്നു.'

അദ്ദേഹം തുടൎന്നു:—'രാധാകൃഷ്ണൻ! നിങ്ങളെന്താണ് മിഴിച്ചു നില്ക്കുന്നതു്? നമ്മുടെ വീട്ടിൽ ഇന്നു് വലിയ വലിയ ഉദ്യോഗസ്ഥന്മാർ വരുമെന്നു ഞാൻ നേരത്തെ പറഞ്ഞിരുന്നില്ലേ? സല്ക്കാരത്തിനു വേഗം തയ്യാറായിക്കൊള്ളു. വേഗം ഭൃത്യനോടു ചെന്നു വേണ്ട ഏർപ്പാടുകൾ ചെയ്യൂ.'

'അങ്ങനെതന്നെ' എന്നു പറഞ്ഞു ചിരിച്ചുകൊണ്ടു രാധാകൃഷ്ണൻ അകത്തേയ്ക്കു് കയറിപ്പോയി.

# 8

# നിശ്ശബ്ദത നിറഞ്ഞ രാത്രി

ഈ സമയത്തു രണ്ടുപേർ നാലുനിലമാളികയുടെ സമീപത്തു നില്ക്കുന്നുണ്ടായിരുന്നു. രണ്ടുപേരും നീണ്ട കറുത്ത ഓരോ ഓവർകോട്ടും ധരിച്ചിരുന്നു. തലയിൽ തൊപ്പിയുമുണ്ട്.

അവർ നിന്നിരുന്നതു് ഒരു വൃക്ഷത്തിന്റെ സമീപത്തായിരുന്നു. ആ വൃക്ഷത്തിലൂടെ നിഷ്പ്രയാസം നാലാംനിലയിൽ എത്തിച്ചേരാമായിരുന്നു. രണ്ടുപേരും ശബ്ദമൊന്നുമുണ്ടാക്കാതെ, വളരെ സാവധാനത്തിൽ മരത്തിൽകൂടി കയറി നാലാംനിലയിലെത്തി. വാതിൽ ബന്ധിച്ചിട്ടുണ്ടായിരുന്നു. ആ രണ്ടുപേരിൽ പൊക്കവും വണ്ണവും ഒത്തുചേർന്ന ആദ്യത്തെയാൾ തന്റെ ഉടുപ്പിന്റെ കീശയിൽനിന്നു ചില ആയുധങ്ങൾ പുറത്തെടുത്തു വാതിലിൽ പണിയാൻ തുടങ്ങി. കുറച്ചുനേരം കഴിഞ്ഞപ്പോൾ അയാൾ തന്റെ പരിശ്രമത്തിൽ വിജയിയായി.

അവർ അകത്തു പ്രവേശിച്ചു. മുറിക്കകത്തു് എന്താണെന്നു കാണുവാൻ സാധ്യമായിരുന്നില്ല. സർവ്വത്ര അന്ധകാരം നിറഞ്ഞിരുന്നു. വാതായനം ആദ്യത്തെപ്പോലെതന്നെ അവർ ബന്ധിച്ചു. വെളിയിലുള്ള ആർക്കും ഇപ്രകാരം രണ്ടുപേർ അകത്തുകടന്നിട്ടുണ്ടെന്നറിയുവാൻ ആ കൂരിരുട്ടിൽ സാധിക്കുമായിരുന്നില്ല.

വാതിലടച്ചശേഷം രണ്ടാമൻ പരിഭ്രമത്തോടുകൂടിചോദിച്ചു—

'ഇതുവരെയും നമുക്കു യാതൊരു തടസ്സവും നേരിട്ടില്ല. എന്നാൽ ഇനിയങ്ങോട്ടു വളരെ കരുതലായിരിക്കേണ്ടിയിരിക്കുന്നു. ഇതു കൂടാതെ.........' രണ്ടാമൻ ഇങ്ങനെ അധൈര്യത്തോടുകൂടി പറ

യുന്നതു് കേട്ടിട്ടു് ഒന്നാമൻ പോക്കററിൽനിന്നും ഒരു പിസ്റ്റൾ എടുത്തു കാണിച്ചുകൊണ്ടു പറഞ്ഞു—

'ഇതുള്ളപ്പോൾ നമുക്കാരേയും ഭയപ്പെടേണ്ടതില്ല. നിശ്ശബ്ദമായി, നമുക്കു കാര്യം നടത്തിയിട്ടു് അതുപോലെതന്നെ പുറത്തുപോകയും വേണം. നമ്മളെപ്പററി ആക്കും ഒരു വിവരവും ലഭിക്കുകയില്ല.'

ഇത്രയും പറഞ്ഞിട്ടു് അയാൾ പോക്കററിൽനിന്നു് ഒരു ചെറിയ ടോർച്ചു് എടുത്തശേഷം വീണ്ടും പറഞ്ഞു:—

'ഇവിടെത്തന്നെ ഇങ്ങനെ വെറുതെ നില്ക്കുന്നതു ശരിയല്ല. നിങ്ങൾ എൻെറ പുറകെ വരിക: ഒരക്ഷരംപോലും മിണ്ടിപ്പോകരുതു്. ജാഗ്രത!'

ആ ചെറിയ ടോർച്ചു്ലൈററിൻെറ പ്രകാശത്തിൽ വളരെ സാവധാനത്തിൽ, നടന്നു് അവർ കെട്ടിടത്തിൻെറ വലത്തെ അററത്തെത്തി. വലത്തെ അററത്തിനിപ്പുറത്തെ മുറിയിലാണ് മോഹനകുമാറിൻെറ ഭൃത്യൻ ശ്യാമചരണൻ താമസിച്ചിരുന്നതു്. ഡിറക്റ്റീവ് ഗോപിനാഥ് പറഞ്ഞതനുസരിച്ചാണ് അയാളെ തടവിലെന്നപോലെ അവിടെ പാർപ്പിച്ചിരിക്കുന്നതു്. അയാൾക്കു വെളിവിൽ പോകുവാൻ അനുവാദം ഉണ്ടായിരുന്നില്ല. ഇതൊഴിച്ചു് അയാൾ സ്വതന്ത്രനായിരുന്നു എന്നു പറയാം.

ടോർച്ചു് തെളിച്ചു് ആ രണ്ടു നിശാചരന്മാരും അയാളുടെ മുറിക്കു സമീപമെത്തി. മുറിയ്ക്കുള്ളിൽനിന്നും യാതൊരു ശബ്ദവും കേട്ടിരുന്നില്ല; ഒരു കൂർക്കംവലിയുടേതുപോലും. ശ്യാമചരണൻ ഗാഢനിദ്രയിൽ മുഴുകിയിരിക്കയായിരിക്കാം. അവർ വാതിലിനു സമീപമെത്തി. അതിൽ സാവധാനം മുട്ടിയെങ്കിലും ഫലമൊന്നുമുണ്ടായില്ല.

കുറെ അധികം നേരമവർ അങ്ങനെനിന്നു. അതിനുശേഷം വാതിൽ തള്ളിത്തുറന്നു് അകത്തുകടന്നു. മുറിയ്ക്കുള്ളിൽ ആരും തന്നെ ഉണ്ടായിരുന്നില്ല; യാതൊന്നുംതന്നെ. മുറിയ്ക്കുള്ളിൽ ശ്യാമ

ചരണനെ കാണാഞ്ഞതിനാൽ അവർ അത്ഭുതപ്പെട്ടു. ഒന്നാമൻ സ്തംഭിച്ചുനിന്നുപോയി. അയാൾ എവിടെ പോയിരിക്കുമെന്നു് അവർക്കു് ഒരു പിടിയും കിട്ടിയില്ല. ആ മുറിയുടെ ഓരോ മൂലയും അവർ പരിശോധിച്ചു. പക്ഷെ ആ മുറിയിൽനിന്നു് അവർക്കാവശ്യമുള്ള ഒന്നുംതന്നെ ലഭിച്ചില്ല.

പെട്ടെന്നു് അടുത്ത മുറിയിൽനിന്നും ഒരസ്പഷ്ടസ്വരം കേട്ടു അവർ ആശ്ചര്യത്തോടെ മുഖത്തോടുമുഖം നോക്കി. അടുത്ത മുറിയിൽ ആരെങ്കിലും ഉണ്ടായിരിക്കുമെന്നു് അവർക്കു മനസ്സിലായി. അവർ വാതിൽ പൂർവ്വസ്ഥിതിയിൽ അടച്ചു പുറത്തുവന്നു. ശബ്ദം കേട്ട മുറിയുടെ സമീപത്തേയ്ക്കു് അവർ നടന്നു. വാതിൽ അടച്ചിട്ടുണ്ടെന്നും അതിനുള്ളിലാരൊ ഉണ്ടെന്നും അവർക്കു മനസ്സിലായി.

അവരിലൊരാൾ കതകിന്റെ താക്കോൽ പഴുതിലൂടെ അകത്തേയ്ക്കു നോക്കി. മുറിയിൽ പ്രകാശം ഉണ്ടായിരുന്നു. ശ്യാമചരണൻ തനിച്ചു് മുറിയിൽ നില്ക്കുന്നതു് ഒന്നാമൻ കണ്ടു. ശ്യാമചരണൻ കയ്യിൽ ഒരു ചെറിയ ഡയറിയും പിടിച്ചു നില്ക്കുന്നതായിട്ടാണ് അവർ കണ്ടതു്. അയാൾ അതു പരിഭ്രമത്തോടുകൂടി മറിച്ചു നോക്കുകയായിരുന്നു.

വാതിൽ നിശ്ശബ്ദമായി തുറക്കപ്പെട്ടു. രണ്ടുപേരും ശബ്ദമുണ്ടാക്കാതെ നടന്നു് ശ്യാമചരണന്റെ പുറകിൽ വന്നുനിന്നു. ഡയറിയിലെ ഏതൊ ഒന്നു് വായിച്ചുകൊണ്ടിരിക്കുന്ന നിലയിലാണ് അവർ അയാളെ കണ്ടതു്. വായനയിൽതന്നെ മുഴുകിയിരുന്നതുകൊണ്ടു് അയാൾക്കു് അവരെ കാണുവാൻ കഴിഞ്ഞില്ല. ഒന്നാമൻ സധൈര്യം മുന്നോട്ടു നീങ്ങിനിന്നിട്ടു പറഞ്ഞു:—'നിങ്ങളുടെ കയ്യിലിരിക്കുന്ന ഡയറി എനിക്കു തരൂ, ശ്യാമചരൺ! നിങ്ങൾ വെറുതെ തർക്കിക്കുന്നതുകൊണ്ടു പ്രയോജനമില്ല. എന്റെ കയ്യിലിരിക്കുന്ന ഈ പിസ്റ്റൾ നിങ്ങൾ കാണുന്നില്ലേ? നിങ്ങൾ മര്യാദയ്ക്കു തന്നില്ലെങ്കിൽ എനിക്കു് ബലം പ്രയോഗിക്കേണ്ടതായിവരും. നിവൃത്തിയില്ലെങ്കിൽ നിങ്ങളെ വധിക്കുവാൻ ഞാൻ മടിക്കുകയില്ലെന്നു്

ഓർമ്മിച്ചുകൊള്ളുക. അതുകൊണ്ടു ഡയറി എനിക്കു തരൂ. ഈ മുറിയിൽവച്ചു് ഇനിയും ഒരു മരണംകൂടി നടന്നുകാണുവാൻ എനിക്കാഗ്രഹമില്ല.'

ആശ്ചര്യത്തോടും പരിഭ്രമത്തോടും കൂടി ശ്യാമചരണൻ നോക്കിയപ്പോൾ കണ്ടതു് യമദൂതന്മാരെപ്പോലെ തോക്കും നീട്ടിപ്പിടിച്ചു നില്ക്കുന്ന രണ്ടുപേരെയാണ്. കുറച്ചു സമയം കഴിഞ്ഞപ്പോൾ അയാളുടെ കണ്ണുകൾ കോപത്താൽ ജ്വലിച്ചു. അയാൾ അവരെ തീവ്രദൃഷ്ടിയോടെ നോക്കി. അവരുടെ മുഖം നിഴൽകൊണ്ടു് അയാൾക്കു വ്യക്തമായി കാണുവാൻ കഴിഞ്ഞിരുന്നില്ല. ഹാസ്യസ്വരത്തിൽ ശ്യാമചരണൻ പറഞ്ഞു:—

'നിങ്ങൾ ഇവിടെ ഈ സമയത്തു വന്നതിൽ, പ്രശംസനീയരാണെന്നുള്ളതിൽ സംശയമില്ല. നിങ്ങൾ എൻെറ യജമാനനെ വധിച്ചുകഴിഞ്ഞു. ഇനി ഈ ഡയറി നിങ്ങൾക്കു കിട്ടിയിട്ടെന്താണാവശ്യം. നിങ്ങൾക്കിതു് ഞാനൊരിക്കലും തരികയില്ല.'

'ജീവിച്ചിരിക്കുമ്പോൾ നിങ്ങൾ തരികയില്ലെങ്കിൽ എനിക്കു നിങ്ങളെ തീർച്ചയായും കൊല്ലേണ്ടതായിവരും.'

'അതെനിക്കറിയാം. നിങ്ങളുടെ ആളുകൾ മനുഷ്യരെ കൊല്ലുവാൻ സാമർത്ഥ്യമുള്ളവരാണെന്നു് എനിക്കറിയാം. ദേശസ്നേഹം പറഞ്ഞു് എത്രയെത്ര ആളുകളെ നിങ്ങൾ വധിച്ചുകാണും. ഞാൻ നിങ്ങളെ നല്ലതുപോലെ അറിയും മി. മിത്രാ. നിങ്ങൾക്കു പൈശാചികന്മാരായ കൂട്ടുകാർ ഉണ്ടായിരിക്കാം. നിങ്ങളെന്തിനു് എൻെറ നല്ലവനായ യജമാനനെ വധിച്ചു മി. മിത്രാ.?'

'നിങ്ങളെന്നെ ഭയപ്പെടുത്തുകയാണൊ ശ്യാമചരൺ! നിങ്ങൾക്കു യജമാനനിൽ വലിയ സ്നേഹമുണ്ടായിരിക്കാം. നിങ്ങൾ തന്നെയാണയാളുടെ വിശ്വാസഘാതകൻ, ശ്യാമചരണൻ! ഞാൻ മോഹനകുമാറിൻെറ ഈ ഡയറി ആവശ്യപ്പെടുന്നു, തരൂ.'

"നിങ്ങൾ ഇതുവരെയായിട്ടും എന്നെ മനസ്സിലാക്കാത്തതാണത്ഭുതം, മി. മിത്രാ. നിങ്ങളല്ലെ കഴിഞ്ഞമാസം, മുറാദാബാദിൽവച്ചു ഹരിനാഥ ജമീന്ദാരെ വധിച്ചതു്. അതെ, അതും, നിങ്ങളും നിങ്ങളുടെ സഹപ്രവൎത്തകരുംകൂടി ചെയ്തു കയ്യാണു്. അരലക്ഷം രൂപയല്ലെ നിങ്ങൾ അതിൽനിന്നു് ലാഭിച്ചതു്? എനിക്കു നിങ്ങളുടെ പ്രവൎത്തികളെല്ലാം ഓൎമ്മയുണ്ടു്. മിത്രാ, നിങ്ങളുടെ ചില രഹസ്യങ്ങളെപ്പററിയും, മോഹനകുമാറിൻെറ കൊലയെപ്പററിയും ഈ ഡയറിയിലുണ്ടെന്നു എനിക്കറിയാം. നിങ്ങൾ എന്തറിയുന്നു? നിങ്ങൾ വിചാരിക്കുന്നുണ്ടായിരിക്കും ഞാൻ ഈ ഡയറി നിങ്ങളെ ഏല്പിക്കുമെന്നു്.'

'നിങ്ങളുടെ ഭാവന പ്രശംസാൎഹമാണു്; സംശയമില്ല. നിങ്ങൾ എന്നെ കൊലപാതകിയെന്നു സംശയിച്ചതെന്താണു്? നിങ്ങൾക്കു ഞാൻ ഘാതകനാണെന്നറിയാമെങ്കിൽ, എന്തുകൊണ്ടു നിങ്ങൾ പോലീസുകാരോടു പറഞ്ഞു് എന്നെ പിടിപ്പിച്ചില്ല?'

'നിങ്ങളുടെ പേരു പറഞ്ഞുകൊടുത്തതുകൊണ്ടു പോലീസുകാൎക്കു് ഒരു ലാഭവും ഉണ്ടാകാൻ പോകുന്നില്ല. എന്തുകൊണ്ടെന്നാൽ അവൎക്കു നിങ്ങളെ കണ്ടുപിടിക്കുവാൻ സാധിക്കുകയില്ല. പോലീസുകാൎക്കു് എന്നെ സംശയമുണ്ടു്. അതുകൊണ്ടു ഞാൻ നിങ്ങളുടെ പേരു പറഞ്ഞുകൊടുക്കുകയാണെങ്കിൽ അവർ എന്നെ വീണ്ടും സംശയിക്കും; ഞാൻ ജീവരക്ഷയ്ക്കുവേണ്ടി അന്യൻെറ പേരു പറഞ്ഞുകൊടുത്തു രക്ഷപ്പെടുവാൻ ശ്രമിക്കുകയാണെന്നു്. എന്നുവച്ചു നിങ്ങളുടെ മിരട്ടലുകളിൽ ഞാൻ അകപ്പെടുമെന്നു നിങ്ങൾ വിചാരിക്കേണ്ട. എല്ലാ കഴിഞ്ഞ കാൎയ്യങ്ങളും മറന്നേയ്ക്കുക. നിങ്ങളുടെ ജന്മശത്രു മോഹനകുമാർ—എൻെറ യജമാനൻ—നിങ്ങളുടെ വലയിൽപ്പെട്ടു മൃതിയടഞ്ഞു. ഡിററക്ടീവു് ഗോപിനാഥന്നു നിങ്ങളെ ഒക്കെ തിരഞ്ഞു കണ്ടുപിടിക്കുവാനുള്ള സാമൎത്ഥ്യം ഉണ്ടു്. അദ്ദേഹത്തിൻെറ മുൻപിൽ നിങ്ങൾ വേഷംകെട്ടാത്തതെന്താണു്? ഞാൻ ഈ ഡയറി വേണ്ടിവന്നാൽ അദ്ദേഹത്തെ ഏല്പിച്ചു എല്ലാം തുറന്നു പറയുകതന്നെ ചെയ്യും മി. മിത്രാ.'

ശ്യാമചരണൻ അതുപറഞ്ഞു് അവസാനിച്ചപ്പോഴേയ്ക്കും ജനലിൽനിന്നു തീപ്പൊരി പാറുന്നതായി കാണപ്പെട്ടു. ഒരു ശബ്ദവും അതിനെ തുടർന്നു കേട്ടു. അവർ രണ്ടുപേരും ആശ്ചര്യപ്പെട്ടു നില്ക്കുന്നതിനിടയിൽ ശ്യാമചരണൻ നിലംപതിച്ചു. ഏതോ രഹസ്യഘാതകന്റെ തോക്കിൽനിന്നും പുറപ്പെട്ട വെടിയുണ്ട ശ്യാമചരണന്റെ പ്രാണനെ അപഹരിച്ചുകൊണ്ടു പോയി. അതോടെ വൈദ്യുതപ്രകാശവും അണഞ്ഞുപോയി.

ആ അന്ധകാരത്തിൽ ഒന്നാമൻ ടോർച്ച് തെളിച്ചുകൊണ്ടു തന്റെ സഹചരനോടു പറഞ്ഞു:—

'വേഗം വെളിയിൽ പോക, മോഹനകുമാറിന്റെ വധത്തെപ്പററി തെളിയുവാൻ തുടങ്ങിയിരിക്കുന്നു. ശ്യാമചരണൻ സകലതും അറിഞ്ഞയാളാണ്. അതുകൊണ്ടു യജമാനനെ ഭൃത്യനും അനുഗമിക്കേണ്ടിവന്നു. എന്നെ മിത്ര എന്നു് അയാൾ വിളിച്ചതു കേട്ടില്ലേ. അയാൾ എല്ലാം മറയ്ക്കാതെ തുറന്നു പറഞ്ഞേനെ. ഇപ്പോൾതന്നെ വെളിയിൽ ചെന്നു നില്ക്കുക. ആ ശത്രുക്കൾ ചിലപ്പോൾ നമ്മെ തിരഞ്ഞു കണ്ടുപിടിക്കും. അതു് അപകടമാണ്. ഇയാൾ ഇവിടെ കിടപ്പുണ്ടല്ലോ.'

ഒന്നാമന്റെ പുറകിലാണ് അയാൾ നിന്നിരുന്നതു്, അപ്പോഴും മുറിയിൽ ഇരുട്ടു നിറഞ്ഞിരുന്നു. അയാൾ ഒന്നാമനോടു ചോദിച്ചു:

'പക്ഷേ, ആ ഡയറി, അതുപേക്ഷിച്ചു പോകുന്നതു ശരിയല്ലല്ലോ. അതുകൊണ്ടു്....'

'നിങ്ങൾ ആദ്യം അങ്ങോട്ടു പോകുക. ഞാൻ ഈ ടോർച്ച് ഉപയോഗിച്ചു് അതു കണ്ടുപിടിക്കുവാൻ ശ്രമിക്കാം. ആരോ മെയിൻ ഓഫ് ചെയ്തിട്ടുണ്ടെന്നു തോന്നുന്നു ഞാൻ അപകടത്തിൽപ്പെട്ടാൽ നിങ്ങളെ അറിയിക്കാം. എന്നാൽ രണ്ടുപേരും വെളിയിലേയ്ക്കു പോകുന്നതോ ഇവിടെ നില്ക്കുന്നതോ ഉചിതമെന്നു തോന്നുന്നില്ല.'

ഒന്നാമന്റെ ഉത്തരത്തിന്ന് ഒന്നും മറുപടി പറയാതെ രണ്ടാമൻ അവിടെനിന്നു പോയി. അത്ഭുതമെന്നു പറയട്ടെ. ശ്യാമചരണന്റെ മരണം കഴിഞ്ഞു കുറെ സമയം കഴിഞ്ഞപ്പോൾ മുറിയിൽ വീണ്ടും പ്രകാശമുണ്ടായി. രണ്ടാമൻ അവിടെനിന്നും പോയിക്കഴിഞ്ഞിരുന്നു. അയാൾ ആ അന്ധകാരത്തിൽ കൊലനടത്തിയവനെ അന്വേഷിക്കാനായി പോയിരിക്കണം!

അതിനുശേഷം യാതൊരു ശബ്ദവും ഉണ്ടായില്ല. അയാൾക്ക് — ഒന്നാമന് — അതിന്റെയൊന്നും അർത്ഥം മനസ്സിലായില്ല. എന്താണ് അവിടെ നടന്നതെന്നുപോലും അയാൾ വിസ്മരിച്ചിരുന്നതായി കാണപ്പെട്ടു! ആ ഡയറി എവിടെയാണ്? ശ്യാമചരണന്റെ കരത്തിലിരുന്നിരുന്ന ഡയറി? അതു് എവിടെപ്പോയി? അതു കിട്ടിയിരുന്നെങ്കിൽ എല്ലാ രഹസ്യവും വെളിപ്പെട്ടേനെ! ഈ ഡയറിക്കുവേണ്ടിയായിരിക്കണം കമ്മീഷണരുടെ മുറിയിൽ അവർ അന്ന് ആക്രമണത്തിന്നു വന്നതു്? ആ ഡയറിക്കുവേണ്ടി അയാൾ എല്ലായിടവും പരിശോധിച്ചു മുറിയുടെ ഓരോ ഭാഗത്തും ഡയറിക്കുവേണ്ടി അയാൾ തിരഞ്ഞു. എന്നാൽ ആ ഡയറി ഒരു സ്ഥലത്തും കാണപ്പെട്ടില്ല. ഏതു മാന്ത്രികരീതിയിലാണ് അതു് അപ്രത്യക്ഷപ്പെട്ടതെന്നോർത്ത് അയാൾ ആശ്ചര്യപ്പെട്ടു.

'എന്നാൽ അയാളുടെ മരണത്തിന്നു കുറച്ചുമുമ്പുവരെ ആ ഡയറി അയാളുടെ കയ്യിൽതന്നെയിരിക്കുന്നതു ഞാൻ കണ്ടതാണല്ലോ. അയാളുടെ മരണത്തോടൊപ്പം ഉടൻതന്നെ വിളക്കണയുകയും ചെയ്തു. അതിനുശേഷം വിളക്കു വീണ്ടും പ്രകാശിച്ചപ്പോൾ അതു കാണുന്നുമില്ല. ഇതിന്റെ രഹസ്യമെന്തായിരിക്കും? ആരായിരിക്കും ഈ സമയത്തു് അതെടുത്തുകൊണ്ടു പോയതു്? ഇതെങ്ങിനെ സംഭവിച്ചു? ശ്യാമചരണന്നു സകല രഹസ്യങ്ങളും അറിയാമായിരിക്കും. അവർ ഇരുട്ടിൽ എവിടെയെങ്കിലും പതുങ്ങിയിരുന്നിരിക്കണം. ടോർച്ചിന്റെ പ്രകാശത്തിൽ ശ്യാമചരണനെ കണ്ടിട്ട് അവർ വെടിവച്ചിരിക്കണം!' എന്നെല്ലാം അയാൾ വിചാരിച്ചു.

വീണ്ടും ഓരോന്നു് അയാൾ വിചാരിക്കുവാൻ തുടങ്ങി— 'ശ്യാമചരണൻ ആരോടു സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആരുടെ ടോർച്ചിന്റെ പ്രകാശമാണു് ശ്യാമചരണന്റെ മേൽ വീണിരുന്നതു? ഗോപീനാഥിനോടു സകല സംഗതികളും തുറന്നു പറയുമെന്നു പറഞ്ഞതായിരിക്കണം ശ്യാമചരണന്റെ മരണത്തിനു കാരണം.'

അയാൾ ഇങ്ങനെ വിചാരിച്ചുകൊണ്ടിരിക്കുന്നതിനിടക്കു് ഏതു ജാലകത്തിൽ കൂടിയാണോ ശ്യാമചരണനെ വെടിവെച്ചുകൊന്നതു്, ആ ജനലിൽകൂടി ഒരാൾ ആ മുറിയിൽ പ്രവേശിച്ചതു് അയാൾ കണ്ടില്ല ആ സത്വം നേരെ അയാളുടെ പുറകിൽ വന്നുനിന്നു.

പെട്ടെന്നു് പുറകിൽനിന്നൊരു ശബ്ദം കേട്ടു് അയാൾ ഞെട്ടിത്തിരിഞ്ഞുനോക്കി. ഒരു കയ്യിൽ നിറച്ച പിസ്റ്റളും മറ്റേ കയ്യിൽ ടോർച്ചു് ലൈറ്റും ധരിച്ച ഒരു ഉന്നതകായനെയാണു് അയാൾ തന്റെ പുറകിൽ കണ്ടതു്.

SENGUPTA PUBLIC LIBRARY
KOZHIKODE-4

9

# അത്ഭുതകരമായ അന്തർദ്ധാനം

അയാൾക്കു സംസാരിക്കുവാൻ സാധിക്കുന്നതിനു മുമ്പുതന്നെ, ആ സത്വം പറഞ്ഞുതുടങ്ങി:—

'നിങ്ങളെന്താണു് മിഴിച്ചുനോക്കുന്നതു്? കൈത്തോക്കു കൈയിൽ പിടിച്ചതുകൊണ്ടു നിങ്ങൾക്കു് ഒരുപയോഗവുമില്ല. അതുപേക്ഷിച്ചേക്കു. എൻ്റെ കല്പന അനുസരിക്കാത്ത ശ്യാമചരണൻ്റെ മരണം നിങ്ങൾ കണ്ടില്ലേ എന്നെപ്പററി നിങ്ങൾക്കറിവുണ്ടെന്നു ഞാൻ വിചാരിക്കുന്നു.'

ഇതു കേട്ടപ്പോൾ അയാളുടെ കയ്യ് തോക്കിൽനിന്നും അയഞ്ഞുപോകുന്നതുപോലെ അയാൾക്കു തോന്നി. ആഗതനായ സത്വത്തിൻ്റെ സംസാരത്തിൻ്റെ ദൃഢതയും, ശ്യാമചരണൻ്റെ മരണവും കണ്ടിട്ടു്, ആ സത്വത്തിൻ്റെ വാക്കു് അനുസരിച്ചില്ലെങ്കിൽ തന്നെ ആ ദുഷ്ടൻ വെടിവയ്ക്കുവാൻ മടിക്കുകയില്ലെന്നു് അയാൾക്കു മനസ്സിലായി. തൻ്റെ കൈവശം റിവോൾവർ ഉണ്ടായതുകൊണ്ടു പ്രയോജനമൊന്നുമില്ല. താൻ വെടിപൊട്ടിക്കുന്നതിനുമുമ്പുതന്നെ ആഗതനു തന്നെ വെടിയെയ്ക്കുവാൻ കഴിയുമെന്നു് അയാൾ മനസ്സിലാക്കി.

അതുകൊണ്ടു് ഇപ്രകാരം ചിന്തിച്ചശേഷം അയാൾ റിവോൾവർ താഴത്തേയ്ക്കു് ഇട്ടു. അതു നിലത്തുനിന്നും ആഗതൻ എടുത്തു. എന്നിട്ടു് അയാളുടെ മുഖത്തു് ഹാസ്യഭാവത്തോടുകൂടി നോക്കിക്കൊണ്ടു് അയാൾ പറഞ്ഞുതുടങ്ങി:—

'നിങ്ങൾക്കു നല്ലതും ചീത്തയും അറിയുവാനുള്ള ബുദ്ധി ഉണ്ടെന്നറിഞ്ഞതിൽ എനിക്കു സന്തോഷമുണ്ട്. എന്നായാലും നിങ്ങൾ ഇനി ഒരു കാര്യംകൂടി കേൾക്കുവാനുണ്ട്. മോഹനകുമാറിൻെറ ഡയറി എന്നെ ഏല്പിക്കുക.' എന്നിട്ട് ആഗതൻ വലത്തു കരം നീട്ടി.

അയാൾ ആശ്ചര്യത്തോടുകൂടി മറുപടി പറഞ്ഞു:—

'ഡയറി? നിങ്ങളാരാണ്? നിങ്ങൾ ഈ സമയം വന്നതെന്തിനാണ്? നിങ്ങളുടെ ഒരു രഹസ്യവും എനിക്കറിഞ്ഞുകൂടാ. ഞാൻ അതിനു തുനിഞ്ഞിരുന്നുമില്ല.'

ആഗതൻ അതുകേട്ട് അത്യന്തം കോപത്തോടുകൂടിയാണ് പിന്നെ സംസാരിച്ചതു്.

'ഈ അസമയത്തു ഞാനിവിടെ വന്നിരിക്കുന്നതു നിങ്ങളോടു രഹസ്യം പറയുവാനല്ല, അതു നിങ്ങൾ ആദ്യമെതന്നെ നന്നായി മനസ്സിലാക്കു. ശ്യാമചരണൻെറ മരണംകൂട്ടി നിങ്ങളെ രഹസ്യം അറിയുവാൻ പ്രേരിപ്പിച്ചുവോ? നിശ്ശബ്ദം! എൻെറ സമയം നഷ്ടപ്പെടുന്നു. ശ്യാമചരണൻെറ കയ്യിൽ ഡയറി ഉണ്ടായിരുന്നതു ഞാൻ അവൻ മരിക്കുന്നതിനുമുമ്പു കണ്ടതാണ്. അവനെപ്പോലെ മരിക്കുവാനിഷ്ടപ്പെടുന്നില്ലെങ്കിൽ ഞാൻ പറയുന്നതു് ഉടൻ അനുസരിക്കു. എവിടെ ഒളിച്ചുവച്ചിരിക്കുന്നു, ആ ഡയറി?'

'ആ മനുഷ്യനോടു തർക്കിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ലെന്ന് അയാൾക്കു മനസ്സിലായി. പക്ഷെ സത്യം പറഞ്ഞാൽ ആഗതൻ വിശ്വസിക്കണ്ടേ? അയാൾ കൈത്തോക്കിന്റെ കാഞ്ചി വലിച്ചാൽ എനിക്കുടനെ സ്വർഗ്ഗലോകത്തു ചെന്നുചേരാം. അയാൾ, ആഗതൻെറ ചോദ്യത്തിന് ഇപ്രകാരം മറുപടി പറഞ്ഞു:—

'എൻെറ കയ്യിൽ ഡയറി ഇല്ലെന്നു ഞാൻ സത്യംചെയ്തു പറയുന്നു. ശ്യാമചരണൻെറ മരണത്തിനുമുമ്പ് ആ ഡയറി അയാളുടെ കയ്യിൽ ഉണ്ടായിരുന്നു എന്നുള്ളതു വാസ്തവമാണ്. അതു

ഞാനും കണ്ടതാണ്. ഇരുട്ടിൽ അതെങ്ങിനെ അപ്രത്യക്ഷമായെന്ന് എനിക്കറിഞ്ഞുകൂടാ. എന്റെ വാക്കുകളെ നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ എന്നെതന്നെ നിങ്ങൾക്കു പരിശോധിക്കാം. ഇതിൽ കൂടുതലായി അതിനെപ്പററി എനിക്കൊന്നും പറയുവാനില്ല.'

അയാളിങ്ങനെ പറഞ്ഞപ്പോൾ ആഗതൻ കുറച്ചുനേരം എന്തോ ആലോചിച്ചു നിന്നിട്ട് ആരെയൊ വിളിച്ചു. അയാൾ വിളിച്ചതിന്റെ ഫലമായി ഒരു ആജാനുബാഹു അവിടെ പ്രത്യക്ഷമായി. ആ മുറിയിൽ വേറൊരാൾകൂടി ഉണ്ടെന്ന് അപ്പോഴാണ് അയാൾ—ഒന്നാമൻ—അറിയുക. ആഗതന്റെ നിർദ്ദേശമനുസരിച്ച് ആ നവാഗതൻ, അയാളുടെ ദേഹപരിശോധന തുടങ്ങി. എന്നാൽ എത്രനേരം പരിശോധിച്ചിട്ടും അയാളുടെ പക്കൽനിന്നും ആ ഡയറി കണ്ടുകിട്ടിയില്ല

ഇതുകണ്ട് ആ ആഗതൻ അത്യധികം ആശ്ചര്യപ്പെട്ടു. അയാളെ നോക്കിക്കൊണ്ട്, ആഗതൻ പറഞ്ഞു:—

'ഈ മുറിയിൽ നിങ്ങളോടൊരുമിച്ച് ആരാണുണ്ടായിരുന്നത്? അസത്യം പറഞ്ഞ് എന്നെ കബളിപ്പിക്കുവാൻ നിങ്ങൾ വൃഥാ ശ്രമിക്കേണ്ട.'

തന്റെ ആജ്ഞാനുസരണം ഇരുട്ടിൽ രണ്ടാമൻ നിൽപുള്ളതായി അയാൾക്കറിയാം. എന്നാൽ ഇരുട്ടിലായതുകൊണ്ട് അവർ അയാളെ കണ്ടിരിക്കാനിടയില്ലെന്ന് അയാൾ വിചാരിച്ചു. അതുകൊണ്ട് ഇങ്ങനെ മറുപടി പറഞ്ഞു:—

'ഞാനൊഴിച്ചു, വേറെ ആരും എന്റെകൂടെ ഇവിടെ ഉണ്ടായിരുന്നില്ല. തനിച്ചാണ് ഞാൻ ശ്യാമചാരനെ കാണാൻ വന്നത്.'

ആഗതന് ഇതു വിശ്വസിക്കുവാൻ കുറച്ചു പ്രയാസമുള്ളതായി കാണപ്പെട്ടു. ആഗതൻ വീണ്ടും പറഞ്ഞു:—

'എന്നെ വിശ്വസിപ്പിക്കാനായിട്ടു നിങ്ങൾ കളവുപറയുകയാണ്. ആരും നിങ്ങളുടെകൂടെ ഇല്ലാതിരുന്നെങ്കിൽ ഡയറി എവിടെപ്പോയി?'

'നിങ്ങളെ വിശ്വസിപ്പിക്കാനൊ അവിശ്വസിപ്പിക്കുവാനൊ എനിക്കു സാധ്യമല്ല. നിങ്ങൾ ആരാണെന്നുപോലും എനിക്കറിവില്ല. ന[illegible]ൾ കിട്ടുവാനാഗ്രഹിക്കുന്ന ഡയറിയിൽ എന്താണ് എഴുതിയിട്ടുള്ളതെന്നുപോലും എനിക്കു വാസ്തവത്തിൽ അറിഞ്ഞുകൂടാ. ആരെങ്കിലും ഡയറി എടുത്തുകൊണ്ടുപോയിരിക്കണം എന്നതിൽ എനിക്കു സംശയമില്ല. ചിലപ്പോൾ അതു നിങ്ങൾ തന്നെ ചെയ്തതായിരിക്കണം.'

'അങ്ങിനെയാണെങ്കിൽ നിങ്ങൾ എന്തിനുവേണ്ടി ഈ അസമയത്തു് ഇവിടെവന്നു?' ആഗതൻ.

'മോഹനകുമാറിന്റെ കൊലയാളിയെ പിടിക്കുന്നതിലേക്കു്. പോലീസുകാരുടെ സംശയം ശ്യാമചരണനാണ് ഘാതകനെന്നാണ്. അവൻ മോഹനകുമാറിന്റെകൂടെ, ഏതൊ അജ്ഞാത സംഘത്തിന്റെ ചാരനായി താമസിച്ചിരുന്നു അതുകൊണ്ടു് അയാളിൽ ശ്രദ്ധ പതിപ്പിക്കുന്നതിനുവേണ്ടി ഞാനിവിടെ വന്നു. അവനെ ഞാൻ തോക്കുചൂണ്ടി ക്രാസ്സചെയ്തിരുന്നതു നിങ്ങൾ വെടിവയ്ക്കുന്ന സമയം കണ്ടിട്ടുണ്ടായിരിക്കണം.'

അയാൾ ഇങ്ങനെ പറഞ്ഞപ്പോൾ ആഗതനു് അതിൽ കുറെ വിശ്വാസം തോന്നിയെങ്കിലും വീണ്ടും തുടൻ പറഞ്ഞു തുടങ്ങി:-

'നിങ്ങൾ ഒരു സാധാരണ കള്ളനാണെന്നു, വിചാരിച്ചു മറന്ന കള്ളനെന്നാണ് ഞാനാദ്യം വിചാരിച്ചതു്. എന്നാലിപ്പോൾ ഞാൻ കാണുന്നതു് ഒരു പോലീസുദ്യോഗസ്ഥനെയാണ്. ഇതു നിങ്ങൾ വെളിപ്പെടുത്തിയതിനു ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. എന്നാൽ നിങ്ങളെന്റെ ഈ ചോദ്യത്തിനുത്തരം പറയു. നിങ്ങൾ തന്നെയാണൊ ഡിറക്ടീവ് ഗോപിനാഥ്?'

ഇതുകേട്ടു് അപരൻ മനസ്സിലിങ്ങനെ വിചാരിച്ചു: ഇങ്ങനെ ചോദിക്കുന്നതിന്റെ കാരണമെന്താണു്? ഈ സംഘക്കാർക്കു ഗോപിനാഥനോടു വലിയ വിരോധമുള്ളതുപോലെ തോന്നുന്നുവല്ലോ. ഒരുത്തനെ അവർ ഇപ്പോൾതന്നെ വധിച്ചുകഴിഞ്ഞു. ഇനി എത്രപേരെ വധിക്കുവാനുണ്ടോ ആവോ?

ആഗതന്റെ ചോദ്യത്തിനു മറുപടിയായി അയാൾ ഇപ്രകാരം പറഞ്ഞു:—

'അല്ല. ഞാൻ ഗോപിനാഥനെ അറിയുകകൂടിയില്ല. അദ്ദേഹത്തെപ്പററി കേട്ടിട്ടുണ്ടു്. അദ്ദേഹത്തെ മാററി അതിനുപകരം, പോലീസു കമ്മീഷണർ ഇപ്പോളെന്നെ നിയമിച്ചിരിക്കുകയാണു്. ഞാൻ ഡിററക്ടീവു് മഹേന്ദ്രനാണു്; ഇൻസ്പെക്ടർ രവീന്ദ്രന്റെ ഒരു സ്നേഹിതനും കൂടിയാണു്.'

എന്തോ പെട്ടെന്നു് ആലോചിച്ചുകൊണ്ടു് ആഗതനായ ആ കറുത്ത മനുഷ്യൻ ചോദിച്ചു:—

'നിങ്ങൾ എന്തിനായിട്ടാണു് ഇവിടെ വന്നതു്? സത്യം പറഞ്ഞു് എന്നെ ധരിപ്പിക്കരുതോ?'

അതിനു മറുപടിയായി അപരൻ പറഞ്ഞു തുടങ്ങി: 'ഇവിടെ വന്നതിനുള്ള കാരണം ഞാൻ ആദ്യമേ തന്നെ പറഞ്ഞിട്ടുണ്ടല്ലോ? ശ്യാമചരണനു് ഈ മോഹനകുമാറിന്റെ വധത്തിൽ പങ്കുണ്ടെന്നു പോലീസുകാർ സംശയിക്കുന്നു. അതുകൊണ്ടു ശ്യാമചരണനിൽ ശ്രദ്ധ പതിപ്പിക്കുകയായിരുന്നു എന്റെ പ്രഥമജോലി. രണ്ടാമതു് ഈ ഡയറി കണ്ടെടുക്കുക എന്നതാണെന്റെ കൃത്യം. ഈ ഡയറിക്കുവേണ്ടി കമ്മീഷണരുടെ ഓഫീസിൽ ഘാതകന്മാർ കയ്യേററം നടത്തിയതായി കേട്ടു. അതുകൊണ്ടു് ആ ഡയറി കിട്ടിയാൽ രഹസ്യങ്ങൾ വെളിപ്പെടുമെന്നു ഞാൻ വിചാരിച്ചു. അതു ഘാതകന്മാരുടെ കയ്യിലില്ലാത്തിടത്തോളം കാലം ഇവന്റെ കയ്യിൽ അതുണ്ടാകുമെന്നു ഞാൻ കരുതി. അതു തെററല്ലെന്നു എനിക്കു് മനസ്സിലായി. മോഹനകുമാറിന്റെ രഹസ്യഡയറി

ഇവൻെറ കൈവശം ഉണ്ടായിരുന്നു. എനിക്കു് അതു കിട്ടാതിരുന്നതു് എൻെറ നിർഭാഗ്യംകൊണ്ടു മാത്രമാണു്. എന്നാൽ നിങ്ങളാരാണെന്നു് എനിക്കറിഞ്ഞുകൂടാ. ആ അജ്ഞാതസംഘത്തിൽ നിങ്ങൾ ഉൾപ്പെട്ടാലും ഇല്ലെങ്കിലും എന്തിനായിട്ടാണു് നിങ്ങൾ ഇയാളെ വധിച്ചതു്? ശ്യാമചരണൻതന്നെ നിങ്ങളുടെ സംഘാംഗം! ആ ദിവസം രാത്രി നീലവെളിച്ചംകൊണ്ടു് അടയാളം കാണിച്ചു നിങ്ങളെ സഹായിച്ചില്ലേ? എന്നാലും നിങ്ങൾ ആരാണെന്നു മനസ്സിലാകുന്നില്ല. ദയവുചെയ്തു വെളിപ്പെടുത്തുമോ?'

ഇത്രയും പറഞ്ഞിട്ടു് ആഗതൻെറ മേൽ അയാൾ തുറിച്ചു നോക്കുവാൻ തുടങ്ങി. അയാൾ ആരാണെന്നു മനസ്സിലാക്കാൻ സാധിക്കാതിരിക്കുന്നതിനു മുഖം ഒരു കറുത്തശീലയാൽ അയാൾ മറച്ചിരുന്നു. കണ്ണുകളും നാസാരന്ധ്രങ്ങളും മാത്രം കാണാമായിരുന്നു. കിണററിലെ ജലംപോലെ ചഞ്ചലമായ തുറിച്ചുനോക്കുന്ന കണ്ണുകൾ, പൂച്ചയുടെതുപോലെ തിളങ്ങിയിരുന്നു.

ആ ചോദ്യം കേട്ടിട്ടു് ആഗതൻ അയാളെ തുറിച്ചുനോക്കിക്കൊണ്ടു പറഞ്ഞു:—

'എന്നെപ്പററി സ്വല്പം വല്ലതും ഗ്രഹിച്ചതുകൊണ്ടു നിങ്ങൾക്കു് ഒരു പ്രയോജനവുമുണ്ടാകാൻ പോകുന്നില്ല. എന്നാൽ ഞാനിവിടെ വന്നതിൻെറ ഉദ്ദേശം നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു. ഞാനും, നിങ്ങളും ഒരേ കാര്യസാദ്ധ്യത്തിനു വേണ്ടിയാണു് വന്നതു്; ആ ഡയറിക്കുവേണ്ടി. പക്ഷെ കിട്ടിയില്ല. വേറെ ഏതോ ഒരുവൻ അതു തട്ടിക്കൊണ്ടുപോയി. നിങ്ങൾ എന്നെ കണ്ടുപിടിക്കുവാൻ നടക്കുന്ന രഹസ്യപ്പോലീസുദ്യോഗസ്ഥനാണെന്നു നിങ്ങളുടെ സംസാരത്തിൽനിന്നു് എനിക്കു മനസ്സിലായി. അതുകൊണ്ടു് നിങ്ങളെയും—ശ്യാമചരണൻെറ പിന്നാലെ—ഞാൻ പറഞ്ഞയയ്ക്കും .......'

പെട്ടെന്നു് വൈദ്യുതിപോലെ ടോർച്ചിൻെറ ഒരു പ്രകാശം അവിടെ ഉണ്ടായി. അതിനെത്തുടർന്നു് ആരൊ വെടിവച്ചതിൻെറ ശബ്ദവും ആ നാലുനിലമാളികയിൽ മുഴങ്ങിക്കേട്ടു.

അവിടെ നിന്നിരുന്ന ആ രണ്ടു സത്വങ്ങളും ജനലിൽക്കൂടി ഓടിമറഞ്ഞു. ഒന്നാമൻ മാത്രം അവിടെ തനിച്ചായി. ആഗതന്മാർ ഓടിമറഞ്ഞതോടെ പുറമെ നിന്നിരുന്ന രണ്ടാമൻ ആ മുറിയിലേയ്ക്കു കടന്നുവന്നു.

ഒന്നാമൻ ചിരിച്ചുകൊണ്ടു മുന്നോട്ടുവന്നു്, 'അപ്പോൾ നിങ്ങളാണതു ചെയ്തതല്ലേ. അരമിനിററുകൂടി കഴിഞ്ഞിരുന്നെങ്കിൽ എൻെറ സ്ഥിതി എന്താകുമായിരുന്നുവെന്നു് ആർക്കറിയാം. അയാളെ ഞാൻ പലതും പറഞ്ഞു തെററിദ്ധരിപ്പിച്ചിട്ടുണ്ടു്. സാധു! ഞാൻതന്നെയാണു് ഡിററക്ടീവ് ഗോപിനാഥനെന്നു് അയാൾ സംശയിച്ചിട്ടുകൂടിയില്ല. മി. രാധാകൃഷ്ണൻ, നമുക്കിവിടം ഒന്നുകൂടി തിരയാം, ആ ഡയറിക്കുവേണ്ടി.'

അവർ രണ്ടുപേരും ഒന്നുകൂടി അവിടം പരിശോധിച്ചു. ആ ഡയറി അവർക്കു കിട്ടിയില്ല. ഗോപിനാഥൻെറ ചുണ്ടിൽനിന്നു് ഒരു ശബ്ദം പുറത്തുവന്നു:—'കണ്ണീരിലെ കൃഷ്ണമണി ആരാണു് അപഹരിച്ചുകൊണ്ടുപോയതു്?'

# 10

# ഗോപീനാഥൻ എവിടെ?

ഗോപിനാഥ് അന്നത്തെ തപാലിൽ വന്ന എഴുത്തുകൾ പൊട്ടിക്കുകയായിരുന്നു. ഒരെഴുത്ത് എടുത്തു വായിച്ചപ്പോൾ അദ്ദേഹത്തിന്റെ മുഖം സന്തോഷത്താൽ വികസിച്ചു. അടുത്തിരുന്ന രാധാകൃഷ്ണൻ അതുകണ്ട് ചോദിച്ചു:—

'എന്താണ് വിശേഷം?'

'ഞാൻ അന്ന് ഡിറക്ടീവ് നരേന്ദ്രബാബുവിന് കല്ക്കത്തയിലേയ്ക്കു്, മോഹനകുമാറിനേയും, സുശീലമിത്രയേയും കുറിച്ച് അന്വേഷിച്ചു വിവരം അറിയിക്കുവാൻ എഴുതിയിരുന്നതായി ഓർക്കുന്നുണ്ടോ? അതിന് അദ്ദേഹമയച്ച മറുപടിയാണിതു്.'

'അദ്ദേഹം അതിലെന്താണ് പറഞ്ഞിരിക്കുന്നതു്?'

'ഈ മോഹനകുമാർ സുശീലമിത്രയെ സ്നേഹിച്ചിരുന്നവരത്രെ. ഒടുവിൽ അവളെ വിവാഹം കഴിച്ചുകൊള്ളാമെന്നു പ്രലോഭിപ്പിച്ച്, ചാരിത്രഭംഗം ചെയ്തശേഷം നിരാകരിച്ചപോലും. ആ സ്ത്രീ അതോടുകൂടി ആത്മഹത്യചെയ്തു. കൂടാതെ അവളുടെ സഹോദരൻ നാരായൺമിത്ര ഏതോ ഒരു ഗൂഢസംഘത്തിലെ അംഗമാണെന്നും, വലിയ അക്രമിയാണെന്നും അദ്ദേഹം എടുത്തുപറഞ്ഞിരിക്കുന്നു.'

'ഇതിന്റെയെല്ലാം വെളിച്ചത്തിൽ അങ്ങേയ്ക്കെന്തുതോന്നുന്നു?'

'എന്തു തോന്നുന്നുവെന്നോ? ഇതിലൊന്നും അത്രയേറെ ചിന്തിക്കാനില്ല എല്ലാം തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. ആ നാരായൺമിത്ര ഇപ്പോൾ വടക്കെ ഇൻഡ്യയിൽ ഇല്ലെന്ന് അദ്ദേഹം

കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അതിൻെറയെല്ലാം വെളിച്ചത്തിൽ എനിക്ക് ചിലതെല്ലാം ഊഹിക്കുവാൻ കഴിയുന്നുണ്ട്. മൂന്നുദിവസത്തിനകം കള്ളൻ നമ്മുടെ വലയിൽ കുടുങ്ങുവാൻ വേണ്ട ഏർപ്പാടുകൾ ഞാൻ ചെയ്തുകഴിഞ്ഞു. അതായത്ു് കൊലനടന്നതു് ആഗസ്റ്റ് 16-ാംനു. ആഗസ്റ്റ് 22-ാംനുയാണിന്നു്. 25-ാംനു നമുക്ക് ഘാതകന്മാരെ ബന്ധിക്കാം.'

'അതെങ്ങിനെ?'

'അതൊക്കെ പിന്നീടു പറയാം. ഇപ്പോൾ ഞാൻ പറയുന്നതുപോലെ അനുസരിച്ചാൽ മതി.' സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കു ഫോണിൽ മണി അടിച്ചു. ഗോപിനാഥൻ റിസീവറെടുത്തു ചെവിയിൽവച്ചുകൊണ്ടു് ചോദിച്ചു:—

'ഹലൊ, ഹലൊ....അതെ....ഗോപിനാഥൻ....ങ്ഹാ, മൃതശരീരമോ....എവിടെ?....ആ. ഞാനിതാ പുറപ്പെട്ടുകഴിഞ്ഞു.'

'രാധാകൃഷ്ണൻ ഒരുങ്ങിക്കൊള്ളൂ. നമുക്കൊരു യാത്രപോകാം. അധികം ദൂരത്തൊന്നുമല്ല. കഷ്ടിച്ച് നാലുമൈൽ അകലമുണ്ട്. അത്രമാത്രം.'

'എന്താണ് സംഗതി?'

'കമ്മീഷണർ പറയുകയായിരുന്നു, ഇവിടെനിന്നു നാലുമൈൽ അകലെ ഒരു നദി ഒഴുകുന്നില്ലേ. അതിൻെറ തീരത്തായി ഒരു ശവശരീരം കണ്ടുകിട്ടിയിരിക്കുന്നുവെന്നു്. ആ മൃതദേഹത്തിനാകട്ടെ, വലതുകരം ഇല്ലപോലും. അദ്ദേഹം പറഞ്ഞ അടയാളങ്ങളിൽനിന്നും അതു നമ്മൾ ബന്ധിച്ചിട്ടിരുന്നവനാണെന്നു് എനിക്കു മനസ്സിലായി. അവനെ ഒളിച്ചോടിപ്പോകുവാൻ നമ്മൾ അനുവദിച്ചുവല്ലോ. ആ മൃതദേഹം അവൻേറതു തന്നെയാണൊ എന്നു തീർച്ചപ്പെടുത്തണം. വസ്ത്രം മാറുക. ഇപ്പോൾത്തന്നെ പോണം.'

അവരുടനെ വെളിയിലേയ്ക്കു പുറപ്പെട്ടു.

* * * *

നദിയുടെ തീരത്തു് തലതാഴ്ത്തി ഇരുന്നുകൊണ്ടു് എന്തോ ചിന്തിക്കുകയായിരുന്നു. പട്ടണത്തിൽനിന്നും വഴി ചോദിച്ചു് ചോദിച്ചു് ഗോപിനാഥനും രാധാകൃഷ്ണനും അവിടെ എത്തിച്ചേർന്നു. വളരെ സന്തോഷമാണവർക്കുണ്ടായിരുന്നതു്. ഉടനെ രാധാകൃഷ്ണൻ സിഗററ്റു്കെയ്സു് തുറന്നു് സിഗററു വലിക്കാനാരംഭിച്ചു.

'എന്താണു് നിങ്ങൾ ചെയ്യുന്നതു്? നാം അന്യനാട്ടുകാരാണു്; തലയിൽ ആപത്തു നിറഞ്ഞിരിക്കുകയാണു്, അപ്പോൾ നിങ്ങൾ സിഗററു വലിച്ചുകൊണ്ടിരിക്കുകയാണല്ലേ! സർവ്വനാശംതന്നെ!'

ഇപ്രകാരം പറഞ്ഞതിൻെറശേഷം കുറച്ചുനേരം കഴിഞ്ഞു് ഗോപിനാഥൻ പിന്നേയും തുടൎന്നു:—

'രാധാകൃഷ്ണൻ, നമ്മൾ ആ ശവശരീരത്തെ പരിശോധിച്ചു കഴിഞ്ഞുവല്ലോ, നിങ്ങൾ അങ്ങോട്ടുപോയി.... '

അപ്പോൾ ഒന്നും പറയേണ്ട ആവശ്യമുണ്ടായിരുന്നില്ല. പെട്ടെന്നു് ഏകദേശം നാലഞ്ചുപേർ അവരുടെനേരെ ഓടിവന്നു. ഗോപിനാഥനും രാധാകൃഷ്ണനും കൈത്തോക്കു് എടുക്കുവാനുള്ള അവസരംകൂടി ലഭിച്ചില്ല. അതിനുമുമ്പെ അക്രമികൾ അവരുടെമേൽ ചാടി വീണുകഴിഞ്ഞു. ഗോപിനാഥൻ അവരോടു മല്ലിട്ടു. അപ്പോഴേയ്ക്കും ഗ്രാമക്കാരിൽ ചിലർ ഓടിയെത്തിയതിനാൽ ഗോപിനാഥനു് രക്ഷപ്പെടുവാൻ കഴിഞ്ഞു.

രാധാകൃഷ്ണൻെറ സിഗററുവലിയാണിതിനെല്ലാം കാരണം! അതിൻെറ ഫലമൊ? ഭയങ്കരം! അന്നു് അവർ എവിടെയോ കഴിച്ചുകൂട്ടി.

* * * *

രാധാകൃഷ്ണൻെറ സംഭാഷണംകേട്ടു ഞെട്ടിയിട്ടു് ഇൻസ്പെക്ടർ രവീന്ദ്രൻ ചോദിച്ചു:—

'എന്താണു്, രാധാകൃഷ്ണൻ? അവസാനം ഗോപിനാഥനും അപ്രത്യക്ഷപ്പെട്ടോ?'

'അതെ. ഇതുവരെയും ശത്രുക്കളെ അദ്ദേഹം അന്വേഷിച്ചിരുന്നു. എന്നാൽ ഇപ്രാവശ്യം ശത്രുക്കളുടെ ആഗ്രഹം സാധിച്ചു.'

സംഭവം വിവരിച്ചുപറയൂ, മി. രാധാകൃഷ്ണൻ?' രവീന്ദ്രൻ ആവശ്യപ്പെട്ടു.

'ഞങ്ങളിരുവരും മൃതദേഹം കാണുവാൻ പോയതായി അറിയാമല്ലോ. അവിടെ എത്തി പരിശോധനയൊക്കെ കഴിഞ്ഞ ശേഷം ഞങ്ങളിരുന്നു വിശ്രമിക്കുകയായിരുന്നു. ആ സമയത്തു് നാലഞ്ചുപേർ ഞങ്ങളുടെ നേരെ ആക്രമണത്തിനു വന്നു. ഞങ്ങൾക്കു തയ്യാറാകുവാൻ കഴിയുന്നതിനുമുമ്പു് അവർ ഞങ്ങളെ എതിരിട്ടു. എന്നാൽ തക്കസമയത്തു് അവിടെ വന്നുചേന്ന ഗ്രാമവാസികൾ ഞങ്ങളെ രക്ഷിച്ചു.

അതിനുശേഷം ഞങ്ങൾ മടങ്ങിപ്പുറപ്പെട്ടവാൻ നേരത്തു്—അപ്പോൾ മണി ഏകദേശം നാലു കഴിഞ്ഞു കാണും—വീണ്ടും അതേ അക്രമികളുടെ ഒരാക്രമണം ഉണ്ടായി. എന്നെ അവർ പിടിച്ചു് നദിയിലേയ്ക്കു തള്ളിയിട്ടു. ബോധം വീണപ്പോൾ ഞാൻ ഏതൊ റഞ്ചിയിലായിരുന്നു. ആ റഞ്ചിക്കാർ എന്നെ ഇവിടെ എത്തിച്ചു. അദ്ദേഹത്തിനെന്തു സംഭവിച്ചുവെന്നറിഞ്ഞുകൂടാ. ഒരുപക്ഷെ, അദ്ദേഹത്തെ ശത്രുക്കൾ വധിച്ചിരിക്കുമൊ എന്നപോലും എനിക്കു ഭയമുണ്ടു്.'

'ദൈവം അതിനിടവരുത്താതിരിക്കട്ടെ. രാധാകൃഷ്ണൻ,' ഇൻസ്പെക്ടർ രവീന്ദ്രൻ പറഞ്ഞു. അദ്ദേഹം തുടന്നു:—

'ഞാൻ ഹെഡ്ഡു് ആഫീസിലേയ്ക്കു് ഒരു ഡിററക്ടീവിനെ കൂടി അയച്ചുതരുവാൻ ആവശ്യപ്പെട്ടേഴുതാം. ഈ ചുരുങ്ങിയ ദിവസത്തിനുള്ളിൽ രണ്ടു കൊലപാതകവും, രണ്ടു് അപഹരണങ്ങളും നടന്നിരിക്കുന്നു.'

രാധാകൃഷ്ണൻ അതിനെറുപറഞ്ഞു;—'അതെ, രണ്ടു കൊലപാതകവും, രണ്ടു് അപഹരണവും'

# 11

## രണ്ടു വിടക്കന്മാർ ഒരേ മുറിയിൽ

ഗോപിനാഥന്ന സുബോധമുണ്ടായി. ചുററും അന്ധകാരമാണദ്ദേഹം ദർശിച്ചതു്. താൻ ഇപ്പോളെവിടെയാണെന്നു് അദ്ദേഹത്തിന്ന മനസ്സിലായില്ല. അദ്ദേഹം എഴുന്നേല്ക്കുവാൻ പരിശ്രമിച്ചു. അപ്പോഴാണു് തന്റെ കാലും കയ്യും ബന്ധിച്ചിട്ടുള്ളതായി അദ്ദേഹത്തിന്ന മനസ്സിലായതു്. ദേഹമാസകലം നല്ല വേദനയുമുണ്ടായിരുന്നു.

കഴിഞ്ഞ സംഭവങ്ങളെല്ലാം ഓരോരോന്നോരോന്നായി അദ്ദേഹത്തിന്റെ സ്മൃതിപഥത്തിൽ വരുവാൻ തുടങ്ങി. രാധാകൃഷ്ണനൊരുമിച്ചു നദീതീരത്തു പോയതും അവിടെവെച്ചു ശത്രുക്കളുടെ ആക്രമണമുണ്ടായതും അദ്ദേഹം ഓർത്തു. തന്നെ അവർ ബന്ധിച്ചു കൊണ്ടുവന്നു്, ഇവിടെ തടവുപുള്ളിയായി പാർപ്പിച്ചിരിക്കയാണെന്നദ്ദേഹത്തിന്ന മനസ്സിലായി. എന്നാൽ തന്നെ ശത്രുക്കൾ എങ്ങോട്ടാണു് കൊണ്ടുവന്നതെന്നു് അദ്ദേഹത്തിന്ന മനസ്സിലായില്ല. താൻ ഏതു സ്ഥലത്താണിപ്പോൾ? രാധാകൃഷ്ണൻ എവിടെയായിരിക്കും? എന്നെല്ലാം അദ്ദേഹം ചിന്തിക്കുവാൻ തുടങ്ങി.

രാധാകൃഷ്ണൻ നദിയിൽ നീന്തുന്നതു കണ്ടു. എന്നാൽ അതിന്നുശേഷം? അയാൾ ഓടിക്ക വീട്ടിൽ പോയിരിക്കുമോ? അല്ലെങ്കിൽ നദിയുടെ അഗാധതയിൽ എന്നന്നേയ്ക്കുമായി കിടന്നുറങ്ങിയോ? ആർക്കറിയാം?

സുബോധം വന്നപ്പോൾ അദ്ദേഹം രക്ഷപ്പെടുവാനുള്ള വഴി ആലോചിച്ചുതുടങ്ങി. ആ മുറി മുഴുവനും അന്ധകാരാവൃതമായി

രുന്നു. ഒരു ചെറിയ വെളിച്ചംപോലും അവിടെയെങ്ങും ഉണ്ടായിരുന്നില്ല.

പെട്ടെന്നു് അദ്ദേഹത്തിൻെറ അടുത്തുനിന്നും ആരൊ ഇങ്ങനെ പറയുന്നതായി കേട്ടു:—

'നിങ്ങളാരാണു്? അവരുടെ കയ്യിലെങ്ങിനെ അകപ്പെട്ടു?'

ഇതുകേട്ട ഗോപിനാഥൻ അത്യധികം ആശ്ചര്യപ്പെട്ടു. ആ ശബ്ദം മുമ്പെങ്ങൊ കേട്ടിട്ടുള്ളതായും അദ്ദേഹത്തിനു് തോന്നി. ഉടനെ അദ്ദേഹത്തിനു് ആളെ മനസ്സിലായി. ആശ്ചര്യത്തോടു കൂടി അദ്ദേഹം ചോദിച്ചു:—

'ആരു്? മി. രമൺലാലൊ?'

ഉത്തരം അടുത്തുനിന്നുതന്നെ ലഭിച്ചു.

'അതെ, നിങ്ങൾ? ശബ്ദം കേട്ടിട്ടു പരിചിതമാണെന്നു തോന്നുന്നു. ഡിററക്ടീവു് ഗോപിനാഥനാണൊ?

'അതെ, മി. രമൺലാൽ, എന്നാൽ നിങ്ങളിവിടെ എങ്ങനെയാണെത്തിച്ചേർന്നതു്?'

'ശരിക്കതിൻെറ കാരണം കാണ്മാൻപോലും എനിക്കു കഴിഞ്ഞിട്ടില്ല. എൻെറ ഇഷ്ടപ്രകാരമല്ല ഞാനിവിടെ കിടക്കുന്നതെന്നു നിങ്ങൾക്കറിയാം. അന്നു രാത്രി അതായതു ആഗസ്റ്റു് 16-ാം നു- രാത്രി ഞാൻ വീട്ടിലേയ്ക്കു പോകുന്നവഴിക്കാണതു നടന്നതു്. ഞാൻ അവരുടെ വധകൃത്യത്തിനു സാക്ഷിയാണു്, ദൃക്സാക്ഷിയല്ലെന്നുമാത്രം. ഞാൻ കണ്ടതെല്ലാം ഡയറിയിൽ കുറിച്ചുകൊണ്ടു വീട്ടിലേയ്ക്കുമടങ്ങുന്നവഴി എന്നെ ആരോ പുറകിൽനിന്നാക്രമിച്ചു. മൽപിടിത്തത്തിനിടയിൽ എൻെറ ഡയറി തെറിച്ചുപോയി. ഏതൊ ഒരു മയക്കമരുന്നുപയോഗിച്ചു് എന്നെ അയാൾ ബോധംകെടുത്തി. കണ്ണുതുറന്നപ്പോൾ ഞാൻ, ഈ മുറിക്കകത്താണു്.'

'നിങ്ങൾ ആ മനുഷ്യനെ—ഈ സംഘനേതാവിനെ—കണ്ടിട്ടുണ്ടോ?'

A 1561

'കണ്ടിട്ടില്ല. ദിവസവും വൈകുന്നേരം കയ്യിൽ പഴയ രീതിയിലുള്ള ഒരു റിവോൾവറുമായി ഒരുത്തൻ ഇവിടെ വരും. ഭക്ഷണം സമയത്തു് അയാൾതന്നെ കൊണ്ടുവന്നുതരും. ഇനി നിങ്ങൾ ഇവിടെ എത്തിയതെങ്ങനെയാണെന്നു പറഞ്ഞില്ലല്ലോ ഗോപിനാഥ്?'

'ഞാനും ഇവിടെ എന്റെ ഇച്ഛാനുസരണമല്ല വന്നതു്.' എന്നു പറഞ്ഞുകൊണ്ടു ഗോപിനാഥൻ സകലവസ്തുതയും രമൺലാലിനെ പറഞ്ഞു മനസ്സിലാക്കി.

സകല കാര്യങ്ങളും കേട്ടിട്ടു രമൺലാൽ ഇങ്ങനെ പറഞ്ഞു:—

'ഇപ്പോൾ എന്നെ തടവിലാക്കിയതിന്റെ കാരണം മനസ്സിലായി. ആ ദിവസം രാത്രി യദൃച്ഛയാ എനിക്കു സിനിമാനടൻ മോഹനകുമാറിന്റെ കൊലയുടെ രഹസ്യം കാണുവാനിടയായി. എന്നാൽ ആ ഒഴിഞ്ഞ മോട്ടോറും, നീലവെളിച്ചവും, പറക്കുന്ന ജന്തുവും മററും കണ്ടുവെങ്കിലും ഒരു കൊല നടന്നുവെന്നു ഞാൻ ഇപ്പോഴാണു് അറിയുന്നതു്. എന്നെ തടവിലാക്കിയെങ്കിലും ശത്രുക്കൾക്കു യാതൊരു ഗുണവും അതുകൊണ്ടില്ല നിങ്ങൾ ഇതിൽ ഇടപെടുന്നുണ്ടെന്നു് അവർ പിന്നീടാണു് അറിഞ്ഞതു്.'

തന്റെ തല്ക്കാലാവസ്ഥയെപ്പററി പറഞ്ഞു കേൾപ്പിച്ചശേഷം രമൺലാൽ പിന്നെയും തുടർന്നു:—

'ഈ കാഴ്ച കണ്ടിട്ടു് അതിരാവിലെതന്നെ അന്വേഷണം നടത്തണമെന്നു ഞാൻ തീരുമാനിച്ചു. അതുകൊണ്ടു ഞാൻ കണ്ട വസ്തുതകളെപ്പററി ഉടനെതന്നെ ഡയറിയിൽ കുറിച്ചുവച്ചു എന്നെ തടവിലാക്കാൻ കഴിഞ്ഞതിനാൽ ഈ കേസിന്റെ തെളിവന്വേഷണം നിന്നുപോകുമെന്നു് അവർ കരുതിയിരിക്കണം. അപ്പോഴാണു് നിങ്ങളുടെ ഉദ്യമം. അതുകൊണ്ടു വളരെ പണിപ്പെട്ടു് അവർ നിങ്ങളെയും ബന്ധനത്തിലാക്കി.'

'നമ്മളുടെ വധം നടത്താതെ അവർ അടങ്ങിയിരിക്കുന്നതിലാണു് ആശ്ചര്യം! പക്ഷെ ഏതു സമയവും കൊല്ലുന്നതിനവർ

തയ്യാറായിരിക്കും. എന്നാൽ ഞാനങ്ങനെ വെറുതെ മരിക്കുവാൻ ഇഷ്ടപ്പെടാത്ത ഒരാളാണ്. അതിനാൽ ഇവിടെനിന്നും രക്ഷപ്പെടുന്നതിനുള്ള മാർഗ്ഗം ആദ്യം ആലോചിക്കണം. അതു സഫലമായില്ലെങ്കിൽ പിന്നീടു മരണത്തെപ്പററി ചിന്തിക്കാം.'

'എന്നാലിവിടെ നിന്ന് ഓടി രക്ഷപ്പെടേണ്ടതെങ്ങിനെയാണ്? രമൺലാൽ ചോദിച്ചു.

'ആദ്യം നമ്മുടെ കെട്ടുകൾ അഴിക്കണം. എനിക്കു് ഒരാലോചന തോന്നുന്നുണ്ടു്. നിങ്ങൾ ആദ്യം എൻെറ സമീപത്തേയ്ക്കു വരിക. മി. രമൺലാൽ!'

രമൺലാൽ വളരെ പണിപ്പെട്ടു ഗോപിനാഥിന്റെ സമീപം എത്തി. പിന്നീടു രമൺലാലിൻെറ കയ്യിൽ ബന്ധിച്ചിരുന്ന ചരട്ടു് ഒരുവിധത്തിൽ ഗോപിനാഥ് വേർപെടുത്തി. അതിനുശേഷം അദ്ദേഹം രമൺലാലിനോടു പറഞ്ഞു:—

'മി. രമൺലാൽ, എൻെറ ഓവർകോട്ടിനുള്ളിൽ കിടക്കുന്ന ലെൻസു പുറത്തെടുക്കുക. പിന്നീടു ഞാനെല്ലാം പറയാം.'

അദ്ദേഹം പറഞ്ഞതനുസരിച്ചു ബന്ധനവിമുക്തമായ കൈകൾകൊണ്ടു രമൺലാൽ കോട്ടിൻെറ പോക്കററിൽനിന്നും ലെൻസു പുറത്തെടുത്തു. ലെൻസു വാങ്ങി അതു നിലത്തിട്ടു പൊട്ടിച്ചു് ഒരു കഷണം രമൺലാലിനു കൊടുത്തിട്ടു പറഞ്ഞു:—

'ഈ കഷണത്തിൻെറ സഹായത്താൽ നമ്മുടെ കെട്ടുകൾ ഇതുകൊണ്ടു മുറിക്കുക.'

ഒന്നും പറയാതെ രമൺലാൽ അദ്ദേഹത്തിന്റെ ബന്ധനങ്ങൾ മുറിച്ചുകളയുവാനാരംഭിച്ചു. കാൽമണിക്കൂർ കഴിഞ്ഞപ്പോൾ ആ തടവുമുറിയിലെ ബന്ധനസ്ഥരിൽ ഒരാൾ ബന്ധനവിമുക്തനായി. പിന്നീടു് ഗോപിനാഥ്, രമൺലാലിൻെറ ബന്ധനങ്ങൾ അറുത്തുകളയുവാൻ തുടങ്ങി. കെട്ടററുതു കഴിയാറായപ്പോഴേയ്ക്കും പുറത്തും ആരോ നടന്നുവരുന്നതായ ശബ്ദം കേട്ടു. ശബ്ദം കേട്ടിട്ടു രമൺലാൽ വേഗത്തിൽ പറഞ്ഞു:—

'തയ്യാറായിരിക്കുക. ഞാൻ ആദ്യം പറഞ്ഞ ആ മനുഷ്യനാണു് ഇങ്ങോട്ടു വരുന്നതു്.'

ശബ്ദം കേട്ടുവെങ്കിലും അവർ ആരെയും കണ്ടില്ല. ഗോപനാഥൻ ഇരുട്ടിൽ തപ്പിത്തടഞ്ഞു് ഒരു പ്രകാരത്തിൽ വാതിലിനു സമീപമെത്തി നിലയുറപ്പിച്ചു.

അടുത്ത നിമിഷത്തിൽ വാതിൽ തുറക്കപ്പെട്ടു. കൈയിൽ ഒരു വലിയ ടോർച്ചും പിടിച്ചുകൊണ്ടു ബംഗാളികളെപ്പോലെ വസ്ത്രധാരണം ചെയ്തിട്ടുള്ള ഒരാൾ അകത്തു കടന്നുവന്നു. അകത്തു കടന്നുവന്നപ്പോളാണു് അയാളുടെ —ഒഴിഞ്ഞതായി അവർ കരുതിയിരുന്ന— കൈയിൽ, ഒരു റിവോൾവർ ഉണ്ടെന്നു് അവൎക്കു മനസ്സിലായതു്. ആ ബംഗാളിക്കാരൻ ബാബു, രമൺലാലിനെ നോക്കി ചിരിച്ചുകൊണ്ടു പറഞ്ഞു:—

'നിങ്ങൾക്കിനി അധികം കഷ്ടപ്പെടേണ്ടിവരികയില്ല. ഇന്നു രാത്രിതന്നെ ഞങ്ങൾ ഇവിടെനിന്നു പോകും. പോകുന്നതിനുമുമ്പു് നിങ്ങളെ വധിക്കണൊ വേണ്ടയോ എന്നു ഞങ്ങൾ തീർച്ചപ്പെടുത്തും.'

പിന്നീടു ഗോപിനാഥനെ നോക്കുവാനായി മുറിയുടെ നാലാപുറത്തേയ്ക്കും ടോർച്ചടിച്ചുകൊണ്ടു് ആശ്ചര്യത്തോടുകൂടി അയാൾ പറഞ്ഞു:—

'എന്തു്? രണ്ടാമത്തെ മനുഷ്യൻ! അവനെവിടെപ്പോയി? അവൻ ഈ മുറിയിൽനിന്നും ഒ.... !'

എന്നാൽ അയാളുടെ വാചകം പൂൎത്തിയാകാൻ സാധിക്കുന്നതിനു മുമ്പുതന്നെ ഗോപിനാഥൻ അയാളുടെ മേൽ ചാടിവീണു് കഴുത്തിൽ കടന്നുപിടിച്ചു. ഈ അപ്രതീക്ഷിതമായ സംഭവത്താൽ അയാളുടെ കയ്യിൽനിന്നു റിവോൾവറും ടോർച്ചും തെറിച്ചു ദൂരെ പോയി. ഇരുട്ടിൽ ഗോപിനാഥൻ അയാളുടെ പുറത്തുകയറി ഇരുന്നു്, അയാളുടെ ജീവിതം അവസാനിപ്പിക്കുവാൻ

തുടങ്ങി. ആ ബംഗാളി നല്ല ശക്തിയുള്ളവനായിരുന്നു. എന്നാൽ പെട്ടെന്നുണ്ടായ സംഭ്രമം നിമിത്തം അയാൾക്കു് ഒന്നും പ്രവർത്തിക്കാൻ കഴിവില്ലാതായിപ്പോയി. ഗോപിനാഥന്റെ പിടിത്തത്തിൽനിന്നും ഒഴിഞ്ഞുമാറാൻ അയാൾ ശ്രമിക്കാതിരുന്നില്ല. ഗോപിനാഥ് അതു കൂട്ടാക്കിയില്ല. അയാളെ ഒരക്ഷരംപോലും സംസാരിക്കുവാനനുവദിച്ചാൽ അഥവാ സംസാരിച്ചുപോയാൽ അയാളുടെ കൂട്ടുകാർ ഓടിവന്നു അയാളെരക്ഷിച്ചു് തന്നെയും രമൺലാലിനെയും തീർച്ചയായും വധിക്കുമെന്നു ഗോപിനാഥനു നിശ്ചയമുണ്ടായിരുന്നു. ഗോപിനാഥൻ, തന്മൂലം, ബലം മുഴുവൻ പ്രയോഗിച്ചതിന്റെ ഫലമായി അയാളുടെ കഴുത്തു ഞെരിയുവാൻ തുടങ്ങി. അയാൾക്കതു സഹിക്കുവാനുള്ള കഴിവുണ്ടായിരുന്നില്ല. അയാളുടെ ശ്വാസം ക്രമത്തിനു പോകാതായി. കൈകാലുകൾ മരവിച്ചു തുടങ്ങി.

അയാൾ ബോധഹീനനായി എന്നു തീർച്ചയായപ്പോൾ അയാളുടെ പുറത്തുനിന്നും ഗോപിനാഥൻ എഴുന്നേററു. പിന്നെ ഒട്ടും താമസിക്കാതെ രമൺലാലിന്റെ ശേഷിച്ച കെട്ടുകൾകൂടി അഴിക്കപ്പെട്ടു.

'മി. രമൺലാൽ! ഇവന്റെ കയ്യിലെ ടോർച്ചും പിസ്റ്റളും എവിടെയോ വീണുകിടക്കുകയാണു്. അതു് തിരയുക, അതിന്റെ ആവശ്യം നമുക്കു വളരെയുണ്ടു്.'

രമൺലാൽ അതു തിരഞ്ഞു കണ്ടുപിടിക്കുന്നതിനിടയ്ക്കു ഗോപിനാഥ് ആ ബോധശൂന്യനായ മനുഷ്യന്റെ കയ്യും കാലും കൂട്ടികെട്ടിയിട്ടു. പിന്നീടു മുറിയിൽനിന്നും വെളിയിൽ കടന്നുവന്നു വാതിൽ ഭദ്രമായി അടച്ചു. മുറിയിൽനിന്നും അല്പദൂരം നടന്നു കഴിഞ്ഞപ്പോൾ അവർ ഒരു കോണിപ്പടിയുടെ സമീപത്തെത്തി. ഗോപിനാഥൻ തോക്കു നീട്ടിപ്പിടിച്ചുകൊണ്ടു കോണിപ്പടി ഇറങ്ങിത്തുടങ്ങി. പുറകെ രമൺലാലും. ഇരുവരും വളരെ സാവധാനത്തിലാണു നടന്നിരുന്നതു്.

അതൊരു പുതിയ കെട്ടിടമായിരുന്നു. പട്ടണത്തിന്റെ ഒരൊഴിഞ്ഞ കോണിലാണ് ഈ കെട്ടിടം സ്ഥിതിചെയ്യുന്നതെന്നു ഗോപീനാഥ് ഊഹിച്ചു. ഗോപീനാഥൻ വാച്ചിൽ നോക്കി. മണി ഒന്നാകാൻ പോകയാണെന്നു് ആ 'സെനിത്തു്' വാച്ചു് വെളിപ്പെടുത്തി. ഭക്ഷണം കഴിക്കാത്തതിനാലായിരിക്കാം അദ്ദേഹത്തിനു നല്ല ക്ഷീണമുണ്ടായിരുന്നു.

ചുമരിൽ അവിടവിടെ പടങ്ങൾ തൂക്കിയിരുന്നു. ഓരോ മുറികളിലൂടെ കടന്നു് അവസാനം അവർ പൂമുഖത്തെത്തി. സമീപത്തൊരു മുറിയിൽനിന്നും കുറെ പേരുടെ സംഭാഷണശബ്ദം അവർ കേട്ടു. ഗോപിനാഥൻ ശബ്ദംകേട്ട മുറിയുടെ നേരെ നടന്നു. വാതിൽ ചാരിയിട്ടുണ്ടായിരുന്നു. അതിലൂടെ അദ്ദേഹം നോക്കിയപ്പോൾ മൂന്നുനാലുപേർ ഒരു മേശയ്ക്കു ചുറ്റും ഇരിക്കുന്നതു കണ്ടു. മേശപ്പുറത്തു് മദ്യത്തിന്റെ ഒഴിഞ്ഞ കുപ്പികൾ ഇരിക്കുന്നതു കാണാമായിരുന്നു. അവർ കുടിച്ചു് ഉന്മത്തന്മാരായ അവസ്ഥയിലാണു് ഇരുന്നിരുന്നതു്. ക്രമേണ അവരുടെ ബോധം ക്ഷയിച്ചുവരുന്നതായി ഗോപിനാഥനു് ബോദ്ധ്യമായി. അവർ ഓരോരുത്തരായി മേശപ്പുറത്തു് തലവെച്ചു് ഉറങ്ങുവാൻ തുടങ്ങി. ഉടനെ അവരിരുവരും അകത്തു കടന്നു് എല്ലാവർക്കും ഓരോന്നു വീതം പ്രഹരമേല്പിച്ചിട്ടു് പുറത്തേയ്ക്കു വന്നു വാതിൽ പുറമെനിന്നു് പൂട്ടിയശേഷം അവർ നേരെ പുറത്തേയ്ക്കു നടന്നു. യാതൊരു തടസ്സവും കൂടാതെ പുറത്തുകടക്കുവാൻ സാധിച്ചതിൽ അവർ ദൈവത്തെ സ്തുതിച്ചു

പുറത്തുവന്ന ഉടനെ ഗോപിനാഥ് അടുത്തു് ഫോണുള്ള സ്ഥലം അന്വേഷിക്കുവാൻ തുടങ്ങി. അതിനടുത്തു താമസിച്ചിരുന്ന ഒരു ഡാക്ടരുടെ വീട്ടിൽചെന്നു് അവർ പോലീസ് കമ്മീഷണർക്കും രാധാകൃഷ്ണനും ഫോൺചെയ്തു. എന്നിട്ടു് അവരെ പ്രതീക്ഷിച്ചു് ആ വീടിന്റെ മുമ്പിൽതന്നെ നിലയുറപ്പിച്ചു.

ഉറങ്ങുന്നപിശാച്

ഗോപിനാഥൻനമ്പി

240344

Indic Digital Archive Foundation
gpura.org